Reg. No C. 101, M. 2293

ഒരുപ്രതിക്ക് ഒരണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1125 തുലാം 10 | ലക്കം 11



# ക്രിസ്തുരാജൻ

(വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരി)

ക്രിസ്തു ദൈവമായതുകൊണ്ടു പരമപിതാവിനോടു പരിപൂർണ്ണമായും സമനാണ്; ത്രിലോകങ്ങൾക്കും രാജാധിരാജനാണ്. എന്നാൽ ഈ രാജത്വം മാത്രമല്ല ക്രിസ്തുരാജത്തിരുനാളാഘോഷത്തിന്റെ നിദാനമായി തിരുസ്സഭ വിവക്ഷിക്കുന്നതു്. മനുഷ്യൻ എന്ന നിലയിലും അവിടുന്നു സകല ജാതികളുടേയും അധിരാജനാണ്.

മിശിഹായുടെ രാജകീയപ്രഭാവം പ്രസ്പഷ്ടമായി പ്രഖ്യാപനംചെയ്യുന്ന സംശയമററ സാക്ഷ്യങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ സുലഭമായി കാണാം. അവിടുത്തെ മർത്ത്യാവതാരചരിത്രമാരംഭിക്കുന്നതുതന്നെ രാജകീയമായ ഒരു പരിവേഷവിലാസത്തോടെയാണ്. ഗബ്രിയേൽ അതിദൂതൻ കന്യകാമറിയത്തോടു പറഞ്ഞു: "അവിടുന്നു മഹാനായിരിക്കും; അത്യുന്നതന്റെ കുമാരനെന്നു വിളിക്കപ്പെടും; അവിടുത്തെ പിതാവായ ദാവീദിന്റെ സിംഹാസനം കർത്താവായ ദൈവം അവിടുത്തേക്കു നല്കും; യാക്കോബിന്റെ ഗോത്രത്തിൽ അവിടുന്നു എന്നന്നേക്കും ഭരണാധികാരിയായി വാഴ്ചനടത്തും; അവിടുത്തെ സാമ്രാജ്യത്തിനവസാനമുണ്ടാകയുമില്ല." (ലൂ. 1, 32, 33). ദാവീദിന്റെ രാജകീയ സിംഹാസനം ക്രിസ്തുവിന്റെ ജന്മാവകാശമായിരിക്കുമെന്നാണു മാലാഖാ വിളംബരം ചെയ്തതു്. ഒരു സാമ്രാജ്യസ്ഥാപകനും ഒരു രാജാവുമായിട്ടത്രെ മിശിഹാ ജീവിതാരംഭംമുതൽ പ്രത്യക്ഷപ്പെടുന്നതു്. അവിടുന്നു തിരുവവതാരം ചെയ്തിട്ടു ഏറനാൾ കഴിഞ്ഞില്ല. അപ്പോഴേക്കും പൗരസ്ത്യദിക്കിലെ പ്രമുഖരായ ഏതാനും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഹേറോദേസ് രാജാവിന്റെ അരമനയിൽ വന്നെത്തി. ഹേറോദേസിനേയും അദ്ദേഹത്തോടൊന്നിച്ചു ഓറശ്ലേം മുഴുവനേയും പാടെ പരിഭ്രമിപ്പിക്കയും അമ്പരപ്പിക്കയും ചെയ്ത അവരുടെ കൗതുകാവഹമായ പര്യന്വേഷണം ഇതായിരുന്നു: "യൂദന്മാരുടെ രാജാവായി അവതരിച്ച ആൾ എവിടെയാണ്? ഞങ്ങൾ കിഴക്കു് അദ്ദേഹത്തിന്റെ നക്ഷത്രം കണ്ടതിനാൽ അദ്ദേഹത്തെ ആരാധിപ്പാൻ വന്നിരിക്കയാണ്." ഉണ്ണിമിശിഹായുടെ തൃപ്പാദങ്ങളിൽ അവർ സ്വർണ്ണം തിരുമുൽക്കാഴ്ചയായി സമർപ്പിച്ചതു സൂചനാസമർത്ഥമാണ്. ലോഹലോകത്തിലെ രാജസ്ഥാനിയാണല്ലോ സുവർണ്ണം. തന്നിമിത്തമായിരിക്കണം കനകത്തെ രാജോചിതസംഭാവനയായി പരിഗണിക്കുന്നതു്. കാഞ്ചനോപഹാരത്താൽ ആ വിജ്ഞാനികൾ ക്രിസ്തുവിന്റെ രാജാധികാരം അംഗീകരിക്കയും പ്രഖ്യാപിക്കയുമാണു ചെയ്തതു്.

ഈശോനാഥൻ അവിടുത്തെ പരസ്യജീവിതം ആരംഭിച്ചതുതന്നെ ഈ പ്രസ്താവനയോടുകൂടിയാണ്: "എന്തുകൊണ്ടെന്നാൽ സമയം സമ്പൂർണ്ണമായി; ദൈവരാജ്യം അടുത്തെത്തുകയും ചെയ്തിരിക്കുന്നു. നിങ്ങൾ പാപത്തെക്കുറിച്ചു അനുതപിക്കയും സുവിശേഷം വിശ്വസിക്കയും ചെയ്യുവിൻ." (മാ. 1, 15)

ക്രിസ്തുവിന്റെ സാമ്രാജ്യം സർവ്വോപരി ദൈവികവും ആദ്ധ്യാത്മികവുമാണ്. എന്നിരുന്നാലും അതു ഭൗമികവും മാനുഷികവും കൂടിയാണ്. അവിടുന്നു സ്ഥാപിക്കാനിരുന്ന രാജ്യത്തിന്റെ സ്വഭാവം ശ്രോതാക്കളെ മനസ്സിലാക്കുവാനായി അവിടുന്നു കല്പിച്ചരുളിയ പല ഉപമകളും ഈ വസ്തുതയെ സുതരാം ഉദാഹരിക്കുന്നുണ്ടു്. നല്ല ചെടികളും കളകളും ഇടകലർന്നു വളരുന്ന വയൽപോലെയോ, നല്ലതും തീയതുമായ മത്സ്യങ്ങളെ പിടിക്കുന്ന വലപോലെയോ, കല്യാണവസ്ത്രം ധരിച്ചവരും അതില്ലാത്തവരുമായ അതിഥികൾ സംബന്ധിച്ച വിവാഹവിരുന്നുപോലെയോ അതു സങ്കല്പിക്കപ്പെട്ടിരിക്കുന്നു. ആരംഭത്തിൽ അതു കടുകുമണിപോലെ ചെറുതായിരിക്കും; കാലാന്തരത്തിലാകട്ടെ അതൊരു വൻതരുവായി വളർന്നുയരുകയും വികസിക്കയും ചെയ്യും.

തന്റെ രാജ്യം സംബന്ധിച്ചുള്ള നിയമങ്ങൾ നിർമ്മിക്കുവാനും, നിലവിലുള്ളവ്യവസ്ഥകളെ യഥോചിതം പരിഷ്ക്കരിക്കുവാനും, ലോകമഖിലത്തേയും വിധിക്കുവാനുമുള്ള പരമാധികാരം ക്രിസ്തു പലവുരു അവകാശപ്പെടുകയും, ആ അവകാശത്തെ അനിഷേധ്യമായി സ്ഥാപിക്കയും സമർത്ഥിക്കയും ചെയ്തിട്ടുള്ളതു സുവിശേഷപ്രസിദ്ധമാണല്ലോ.

യഹൂദന്മാർ മിശിഹായ്ക്കെതിരായി പുറപ്പെടുവിച്ച പ്രധാന കുററാരോപണംതന്നെ എന്തായിരുന്നു? ഇയാൾ കേസറിനെതിരായി സ്വയം രാജാവാകുന്നു എന്നല്ലയോ? അജ്ഞരും സ്വാർത്ഥലുബ്ധരുമായ ആ ദുർഭഗർ മനസ്സിലാക്കിയില്ല, അവിടുത്തെ രാജ്യവും രാജത്വവും സർവ്വപ്രധാനമായി ആത്മികവും പാരത്രികവുമാണെന്നു്; കേസറിന്റെ നീതിയുക്തവും ന്യായപൂർവ്വവുമായ സ്ഥാനമാനങ്ങൾക്കോ, അധികാരാവകാശങ്ങൾക്കോ അല്പംപോലും ഹാനിതട്ടാതെതന്നെ സകലർക്കും അവിടുത്തെ രാജാവായി അംഗീകരിച്ചനുസരിക്കുവാൻ വിരോധമോ വൈഷമ്യമോ ലേശംപോലുമില്ലെന്നു്. അതേ അജ്ഞതയും സ്വാർത്ഥതയുംമൂലംതന്നെയാണ് ഇന്നും പല അധികാരസങ്കേതങ്ങളിലും സമാധാനരാജനായ ക്രിസ്തുവിനോടുള്ള പൈശാചികമായ പകയും വിദ്വേഷവും കുടികൊള്ളുന്നതു്. കാൽവരിയിലെ മരക്കുരിശായിരുന്നു അവിടുന്നു ലോകഭരണം നിർവഹിക്കുവാൻ തിരഞ്ഞെടുത്ത മണിപീഠം. അതുതന്നെയാണ് അവിടുത്തെ ചെങ്കോലും വിജയപതാകയും. യൂദന്മാരുടെ രാജാവായ ഈശോ എന്ന ആലേഖ്യം ഒന്നുമാത്രമാണു പ്രസ്തുതസിംഹാസനത്തിന്റെ ഏകാലങ്കാരം. ഏവം വിധം അവിടുത്തെ ജീവിതത്തിന്റെ ആരംഭംമുതൽ അവസാനംവരെ—പുൽത്തൊട്ടിമുതൽ കാൽവരിവരെ—അവിടുത്തെ രാജപദവി അസന്ദിഗ്ദ്ധമായി ഉൽഘോഷിക്കപ്പെട്ടതു കേവലം യദൃച്ഛികമല്ലെന്നോർക്കണം.

പ്രാക്പ്രതീക്ഷകളും പ്രവചനങ്ങളും ലോകപരിത്രാതാവിനെ ഒരു രാജ്യസ്ഥാപകനും രാജാവുമായിട്ടാണു ചിത്രീകരിച്ചിട്ടുള്ളതു്. ക്രിസ്തു പ്രവാചകന്മാരുടെ ദീർഘദൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ടിരുന്നതു വിജയശ്രീലാളിതനും പ്രതാപവാനുമായ ഒരു ദിഗ്വിജയിയായിട്ടാണ്.

ദീർഘദർശികളിൽ അഗ്രണിയായ ഏശയ്യാ പറയുന്നു: "നമുക്കൊരു ശിശു ജാതനായിരിക്കുന്നു; നമുക്കൊരു കുമാരൻ നൽകപ്പെട്ടിരിക്കുന്നു; അവന്റെ തോളിലാകുന്നു ഭരണഭാരം; വിസ്മയാവഹൻ, ഉപദേഷ്ടാവു്, ശക്തനായ ദൈവം, ഭാവിലോകത്തിന്റെ പിതാവു്, സമാധാനത്തിന്റെ രാജാവു് എന്നെല്ലാം അവൻ നാമകരണം ചെയ്യപ്പെടും; അവന്റെ സാമ്രാജ്യം വിസ്തൃതമായിരിക്കും; അതിലെ സമാധാനത്തിനൊരവസാനമുണ്ടാകയില്ല; നീതിന്യായങ്ങളോടുകൂടി അതിനെ ഇന്നുമുതൽ എന്നന്നേക്കുമായി സ്ഥാപിച്ചു ബലപ്പെടുത്തുന്നതിനുവേണ്ടി അവൻ ദാവീദിന്റെ സിംഹാസനത്തിലും രാജ്യത്തിലും ഉപവിഷ്ടനാകും." (ഏശ. 9, 6, 7). മിശിഹായുടെ രാജാധികാരത്തെയും തൽസ്വഭാവത്തേയുംകുറിച്ചുള്ള വിശദരൂപം ഈ വിവരണത്തിൽ പ്രതിഫലിച്ചു കാണാം.

ദാനിയേൽ ദീർഘദർശിയും മിശിഹാരാജന്റെ സാമ്രാജ്യത്തെപ്പററി പലതും പ്രസ്താവിച്ചിട്ടുണ്ടു്. ഒരെണ്ണം മാത്രമെടുക്കാം. നബുക്കദൊനോസർ രാജാവിനു് ഒരിക്കൽ ഒരു സ്വപ്നമുണ്ടായി. ഉയരംകൂടിയതും ഉഗ്രഭാവമുള്ളതുമായ ഒരു വിഗ്രഹം തന്റെ മുമ്പിൽ നില്ക്കുന്നതായി രാജാവിനു തോന്നി. അതിന്റെ തല പൊന്നുകൊണ്ടുള്ളതായിരുന്നു; നെഞ്ചും കൈകളും വെള്ളികൊണ്ടും, വയറും തുടകളും പിച്ചളകൊണ്ടും, കാലുകൾ ഇരുമ്പുകൊണ്ടും, പാദങ്ങൾ ഇരുമ്പുകൊണ്ടും കളിമണ്ണുകൊണ്ടും നിർമ്മിതമായിരുന്നു. മലമുകളിൽനിന്നു മനുഷ്യകരങ്ങളുടെ സഹായംകൂടാതെ വെട്ടിയെടുത്ത ഒരു ശിലാഖണ്ഡം ആകസ്മികമായി ആ പ്രതിമയുടെ പാദങ്ങളിൽ വന്നുമുട്ടി. അതോടെ സ്വരൂപം ഛിന്നഭിന്നമായിപ്പോയി. വിഗ്രഹത്തിന്മേൽ വന്നടിച്ച കല്ലാകട്ടെ ഒരു മഹാശൈലമായി വളരുകയും, ഭൂമുഖമാസകലം നിറയുകയും ചെയ്തു. ഈ ദർശനത്തിനു ദാനിയേൽ നൽകിയ വ്യാഖ്യാനം അർത്ഥസമ്പുഷ്ടമാണ്. പ്രതിമയിൽ കാണപ്പെട്ട സ്വർണ്ണം, വെള്ളി, പിച്ചള, ഇരുമ്പ്, കളിമണ്ണ് മുതലായ അംശങ്ങൾ ബാബേൽ, പേർഷ്യൻ, ഗ്രീക്ക്, റോമൻ ആദിയായ സാമ്രാജ്യങ്ങളെ സൂചിപ്പിക്കുന്നു. പേരുകൾ എടുത്തുപറഞ്ഞിട്ടില്ലെങ്കിലും വിവരണത്തിൽനിന്നനുമാനിക്കാവുന്നതാണ്. മനുഷ്യപ്രയത്നമെന്യേ വെട്ടിയെടുക്കപ്പെട്ട കല്ലിൻകഷണത്തെക്കുറിച്ചു പ്രവാചകൻ ഇത്രമാത്രമേ പറയുന്നുള്ളു. ഭാവിയിൽ സംഭവിപ്പാനിരിക്കുന്നതെന്താണെന്നു ദൈവം രാജാവിനു കാണിച്ചുകൊടുത്തു. എന്നാൽ പുരുഷസമ്പർക്കംകൂടാതെ പരിശുദ്ധ കന്യകയിൽ നിന്നവതരിച്ച ക്രിസ്തുവിനെയാണ് അതു കുറിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. ഇതര സാമ്രാജ്യങ്ങൾ കാലാന്തരത്തിൽ നശിച്ചു നാമാവശേഷമാകും. മിശിഹാരാജന്റെ രാജ്യമാകട്ടെ ലോകമഖിലം വ്യാപിക്കയും ലോകാവസാനംവരെ നിലനില്ക്കുകയും ചെയ്യും.

എന്നാൽ ക്രിസ്തു മനുഷ്യകുലത്തിന്മേലുള്ള തന്റെ അധീശത്വം സംസ്ഥാപിച്ചതു സമരസന്നാഹത്താലൊ, സൈന്യസഹായത്താലോ, പോരാളികളുടെ ചോരപ്രവാഹത്താലൊ അല്ല; പ്രത്യുത സ്വന്തം ജീവരക്തം അവസാനത്തുള്ളിവരെയും ചിന്തിക്കൊണ്ടാണ് അവിടുന്നു പാപത്തിന്റേയും പിശാചിന്റേയും അടിമത്തത്തിൽനിന്നു അവരെ വിമോചിപ്പിച്ചുദ്ധരിച്ചതു്.

ക്രിസ്തുവിന്റെ പ്രജകൾക്കൊരു പ്രത്യേകധർമ്മമുണ്ടു്. ആബാലവൃദ്ധം ജനങ്ങളും യോദ്ധാക്കളായി പോർക്കളത്തിലിറങ്ങണം. എന്തിനുവേണ്ടി? ഭൂമുഖത്തെവിടെയും ക്രിസ്തുരാജന്റെ വാഴ്ചയെ പ്രചരിപ്പിക്കാനും പ്രതിഷ്ഠിക്കാനും. സമാധാനരാജനായ ക്രിസ്തുവിന്റെ വാഴ്ചയിലല്ലാതെ അമോഘവും അഭംഗവുമായ സമാധാനം ലോകവാസികൾക്കനുഭവപ്പെടുകയില്ല.

# അൽഫോൺസാമ്മയെപ്പററി

## ചില ബാല്യകാലസ്മരണകൾ

(ഫാദർ ജോസഫ് ഏററുമാന്തുക്കാരൻ)

അൽഫോൺസാമ്മ ഇന്നു ഭുവനപ്രസിദ്ധയാണ്. പാവനചരിതയായ ആ കന്യകാമണിയുമായി എന്തെങ്കിലും ബന്ധം സ്ഥാപിക്കുന്നതിനു പലരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. അൽഫോൺസാമ്മയുമായി ഒരു ബന്ധം ഈ ലേഖകനുമുണ്ടു്. ഞങ്ങൾ ഒരുമിച്ചു് മുട്ടുചിറ ഗവമ്മെൻറ് മലയാളം സ്കൂളിൽ നാലാം ക്ലാസ്സിൽ പഠിച്ചിട്ടുണ്ടു്. അന്നത്തെ ഞങ്ങളുടെ അദ്ധ്യാപകനായിരുന്ന ശ്രീ പള്ളിവാതുക്കൽ തോമ്മസ് ഇന്നും അദ്ധ്യാപകജോലിയിൽനിന്നു വിരമി



ച്ചിട്ടില്ല. അൽഫോൺസാമ്മയോടൊരുമിച്ചു് അവരുടെ വളത്തമ്മയുടെ കനിഷ്ഠപുത്രനായ ജോസഫും (അപ്പച്ചൻ) പഠിക്കുന്നുണ്ടായിരുന്നു. അൽഫോൺസാമ്മ (അന്നത്തെ അന്നക്കുട്ടി അല്ലെങ്കിൽ എം. പി. അന്ന) ഇത്ര പ്രസിദ്ധയായിത്തീരുമെന്നറിയാൻ സാധിച്ചിരുന്നെങ്കിൽത്തന്നെയും അവരെപ്പററി എന്തെങ്കിലും കുറിച്ചിടുന്നതിനുള്ള വിവേചനാശക്തി അന്നു കേവലം ബാലനായിരുന്ന ഈ ലേഖകനില്ലായിരുന്നു.

അൽഫോൺസാ തന്റെ കൂട്ടുകാരികളായിരുന്ന ബാലികമാരുമൊരുമിച്ചു ചിരിക്കുകയും കളിക്കുകയും ചെയ്തിരുന്നു. നിഷ്കളങ്കതയുടെ ലക്ഷണമായ ഒരു പുഞ്ചിരി ആ കന്യകയിൽ പ്രശോഭിച്ചിരുന്ന വസ്തുത ഞാൻ ഇപ്പോഴും അനുസ്മരിക്കുന്നുണ്ടു്. അന്നത്തെ ആ മുഖച്ഛായ ഞാൻ ഇന്നും മറന്നിട്ടില്ല. അദ്ധ്യാപകന്മാർ ക്ലാസിൽ ഇല്ലാത്ത അവസരങ്ങളിൽ അൽഫോൺസാ കടലാസുകൊണ്ടു കളിക്കോപ്പുകൾ നിർമ്മിച്ചിരുന്നതും ആങ്ങള അപ്പച്ചൻ അവ ചിലപ്പോൾ വാങ്ങിച്ചിരുന്നതും എന്റെ ഓർമ്മയിൽ വരുന്നുണ്ടു്.

നാലാംക്ലാസ്സിലെ പഠനമവസാനിച്ചതിൽപ്പിന്നെ അൽഫോൺസായെ അധികം പ്രാവശ്യം കണ്ടിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നില്ല. അൽഫോൺസായുടെ കാൽ പൊള്ളി വ്രണപ്പെട്ടതിന്റെശേഷം കണ്ടതായി ഓർമ്മയുണ്ടു്. പിന്നീടു് അൽഫോൺസായെപ്പററി കേൾക്കാനിടയായതു് ആ സുകൃതിനിയുടെ മരണാനന്തരമാണ്.

പല പുണ്യാത്മാക്കളുടെയും സുകൃതജീവിതത്തിനടിസ്ഥാനമിട്ടിട്ടുള്ളതു് അവരുടെ മാതാക്കളാണ്. വി. ജോൺ ബോസ്കോയെ നിരവധി ക്ലേശങ്ങൾ സഹിച്ചു് വൈദികവിദ്യാമന്ദിരത്തിലേക്കാനയിച്ചതും വൈദികനായതിനു ശേഷം അദ്ദേഹത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കു പ്രോത്സാഹനം നൽകിക്കൊണ്ടു സഹായിച്ചതും അദ്ദേഹത്തിന്റെ വത്സലജനനി മർഗ്ഗരീത്തയാണ്. അനാഥന്മാർ, ആതുരർ ആദിയായി പതിനായിരത്തിലധികം പേരെ യാതൊരു മൂലധനവും കൂടാതെ അത്ഭുതകരമായി സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ടൂറിൻ നഗരത്തിലെ "ദൈവപരിപാലനയുടെ ചെറുഭവന"ത്തിന്റെ സ്ഥാപകനായ വി. ജോസഫ് കൊത്തലേങ്കോ ബാല്യത്തിൽത്തന്നെ സാധുക്കളോടു് അനിതരസാധാരണമായ അനുകമ്പ പ്രദർശിപ്പിച്ചിരുന്നു. ഈ വസ്തുത മനസ്സിലാക്കിയ അദ്ദേഹത്തിന്റെ മാതാവു് ജോസഫിനെക്കൊണ്ടാണ് വീട്ടിൽ വന്നിരുന്ന സാധുക്കൾക്കു ഭിക്ഷ കൊടുപ്പിച്ചിരുന്നതു്. "എന്റെ മകനേ നീ ഒരു കഠിനപാപം ചെയ്തു കാണുക എന്നതിനെക്കാൾ നിന്റെ മൃതശരീരം കാണുന്നതിനു ഞാനാഗ്രഹിക്കുന്നു" എന്നത്രെ ഫ്രാൻസിലെ വി. ലൂയി രാജാവിനോടു് അദ്ദേഹത്തിന്റെ മാതാവു് ബ്ലാങ്ക് രാജ്ഞി പ്രസ്താവിച്ചിരുന്നതു്.

അൽഫോൺസാമ്മയ്ക്കു പെററമ്മയുടെ പരിലാളനമേല്ക്കുന്നതിനു ഭാഗ്യമുണ്ടായില്ല. എന്നാൽ പെററമ്മസ്ഥാനം പോററമ്മയായ ചിററമ്മ (മാതൃസഹോദരി) വഹിച്ചു. അൽഫോൺസായിൽ സുകൃതാഭിവൃദ്ധിക്കടിസ്ഥാനമായ ആത്മനിയന്ത്രണത്തിന്റെ ബീജാവാപം നടത്തിയതു് അവരുടെ വളത്തമ്മയായ മുട്ടുചിറ മുരിക്കൻ പഴയപുരയിൽ പൈലോ അന്നമ്മയാണെന്നത്രെ ഈ ലേഖകന്റെ വിനീതാഭിപ്രായം. അനിതരസാധാരണമായ ഭരണനൈപുണ്യത്താൽ പ്രശോഭിതയായിരുന്ന ആ മഹതി ദിവംഗതയായിട്ടു് ഇപ്പോൾ സംവത്സരങ്ങൾ ഇരുപതായി. ജസ്റ്റിസ് മി. മുരിക്കൻ തുടങ്ങിയ അവരുടെ അരുമസന്താനങ്ങളെല്ലാവരുംതന്നെ ഇന്നു സമുന്നതസ്ഥാനങ്ങളിലെത്തിയിട്ടുണ്ടു്. അന്നമ്മയ്ക്കു പുത്രികളില്ലായിരുന്നു. തന്നിമിത്തം വളത്തുമകൾ അന്നക്കുട്ടി അവരുടെ സവിശേഷമായ സ്നേഹത്തിനു പാത്രമായിത്തീർന്നു. അന്നക്കുട്ടി ഒരു മാന്യകുടുംബത്തിൽ വിവാഹബദ്ധയായിക്കാണുന്നതിനു് അവർ ആഗ്രഹിച്ചിരുന്നുവെങ്കിൽ അതു മാതൃസഹജമായ ഒരഭിലാഷംമാത്രമാണ്. വിവാഹാലോചനകൾ മുറുകിയപ്പോൾ അതിൽനിന്നു രക്ഷപെടുന്നതിനായി അന്നക്കുട്ടി അഗ്നിപ്രവേശനം നടത്തി ആകാരവൈരൂപ്യം വരുത്തിയെന്നു് അൽഫോൺസാചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടു്. അടിയിൽ തീയുണ്ടെന്നറിയാതെ ഉമ്മി

(ശേഷം 15-ാം പേജിൽ)

# വിശുദ്ധ റിച്ചാർഡിൻെറ മെത്രാൻപദപ്രാപ്തി

ഒരു വൈദികൻെറ തോട്ടത്തിൽ വേലചെയ്തുകൊണ്ടു് ആ ദരിദ്രനായ മെത്രാൻ സ്വന്തം ആട്ടിൻപററങ്ങളെ പാലിക്കുകയും മുന്തിരിച്ചെടികൾ വളർത്തുകയും ചെയ്തുപോന്നു.

(ജോസഫ് മീനാട്ടൂർ എം. എ. എൽഎൽ ബി.)

ഇംഗ്ലണ്ടിൽ വോർസ്റ്റർഷയർ എന്നൊരു സ്ഥലമുണ്ടു്. അവിടെ ഒരിക്കൽ രണ്ടുകുട്ടികൾ ജീവിച്ചിരുന്നു. അവർ ജ്യേഷ്ഠാനുജന്മാരായിരുന്നു. അവക്കു് അച്ഛനമ്മമാർ ചെറുപ്പത്തിലേ നഷ്ടപ്പെട്ടതിനാൽ, മററാരാളായിരുന്നു അവരുടെ വസ്തുക്കൾ പാലിച്ചുപോന്നതു്. അയാൾ കുഞ്ഞുങ്ങളുടെ നിലംപുരയിടങ്ങളെപ്പററി തെല്ലും ശ്രദ്ധിക്കാതിരുന്നതിനാൽ, അവ ക്രമേണ നശിച്ചുതുടങ്ങി. മൂത്തകുട്ടിക്കു ഇരുപത്തിയൊന്നു വ



ഒരു ദിവസം "ചേട്ടൻ" അനുജനോടു പറഞ്ഞു, "കാര്യങ്ങളെല്ലാം കുഴപ്പത്തിലാണു്."

യസ്സു തികഞ്ഞതോടെ, അച്ഛൻെറ വസ്തുവകകളെല്ലാം അവൻേറതായിത്തീർന്നു. അയാൾ കാര്യങ്ങളെല്ലാം നേരെയാക്കാൻ ശ്രമിച്ചുവെങ്കിലും, ഏറെ കുഴപ്പങ്ങളുണ്ടായിരുന്നതിനാൽ, തന്നെക്കൊണ്ടുമാത്രം അതു കഴിയുകയില്ലെന്നു മനസ്സിലാക്കി. അയാൾ വിചാരിച്ചു, "എൻെറ അനുജനോടു സഹായിക്കാൻ പറഞ്ഞാലോ. പക്ഷേ അവനെക്കൊണ്ടു ഒരു കാര്യത്തിനും കൊള്ളുകയില്ല, പുസ്തകം വായിക്കാനല്ലാതെ." ആ പുസ്തകപ്പുഴുവിൻെറ പേരു റിച്ചാർഡു് എന്നായിരുന്നു.

ഒരു ദിവസം ജ്യേഷ്ഠൻ അനുജനെ വിളിച്ചു പറഞ്ഞു: "കാര്യങ്ങളെല്ലാം കുഴപ്പത്തിലാണു്."

"ഉം എന്തുപററി?"

"പാടങ്ങളെല്ലാം കളകേറി നിറഞ്ഞു കിടക്കുന്നു. പന്നികളെല്ലാം മെലിഞ്ഞു അസ്ഥിയായിരിക്കുന്നു. പശുക്കളാണെങ്കിൽ, അവയ്ക്കു എല്ലുമാത്രമുണ്ടു്. എന്നെ



റിച്ചാർഡിൻെറ കസേരമേൽ ഒരു തുലാം ഒടിഞ്ഞു വീണു.

ക്കൊണ്ടു തന്നെയാവില്ല ഇതെല്ലാം നേരെയാക്കാൻ."

റിച്ചാർഡു് കൈയിലുണ്ടായിരുന്ന പുസ്തകം മേശപ്പുറത്തു നിക്ഷേപിച്ചിട്ടു പറഞ്ഞു, "ഞാൻ വന്നു സഹായിക്കാം."

"പക്ഷേ നിനക്കു കൃഷിപ്പണി ഒന്നും അറിഞ്ഞുകൂടല്ലോ."

"അതു സാരമില്ല. ഞാൻ വേഗം പഠിച്ചോളാം. വരൂ, പോകാം."

റിച്ചാർഡു് കളപറിക്കുകയും ഉഴുകയും വിതയ്ക്കുകയും കൊയ്യുകയും കററകെട്ടുകയും ചെയ്തു. അവൻ ഒരൊന്നാംതരം കർഷകബാലനായിത്തീർന്നു. ഒരു പുസ്തകപ്പുഴുവായിരുന്നു എന്നുള്ളതു് അവനു് കൃഷിപ്പണിയിൽ സഹായകമായിത്തീരുകയാണു് ചെയ്തതു്. മെലിഞ്ഞ പന്നികൾക്കു എന്താണു് തിന്നാൻ കൊടുക്കേണ്ടതു്, കുതിരകൾക്കു എന്തുകൊണ്ടു ഗോതമ്പു കൊടുത്തുകൂടാ എന്നുള്ള കാര്യങ്ങളെല്ലാം അവൻ പുസ്തകങ്ങളിൽ നിന്നു ഗ്രഹിച്ചിരുന്നു. ഒരു കാര്യം അവനു് അറിയാമായിരുന്നില്ല വിത്തുകൾ മുളവന്നോ എന്നറിയുന്നതിനായി അവയെ കൊത്തിയെടുക്കുന്ന ഒരു സമ്പ്രദായം കാക്കകൾക്കുണ്ടു്. അതു എങ്ങനെയാണു് നിറുത്തേണ്ടതെന്നു റിച്ചാർഡിനു അറിയാമായിരുന്നില്ല. ഇന്നേവരെ ആർക്കും അതു അറിയാമെന്നും തോന്നുന്നില്ല.

പാടങ്ങളും പുരയിടങ്ങളുമെല്ലാം ഏതാണ്ടു ശരിപ്പെട്ടു കഴിഞ്ഞു എന്നു കണ്ടപ്പോൾ റിച്ചാർഡു് ചേട്ടനോടു പറഞ്ഞു (എനിക്കു അയാളുടെ പേരു അറിഞ്ഞുകൂടാത്തതിനാൽ ഞാനും അയാളെ ചേട്ടനെന്നു തന്നെ വിളിക്കുകയാണു്) "ഇനി ചേട്ടനുതന്നെ കാര്യങ്ങൾ നോക്കാൻ സാധിക്കുമെന്നു തോന്നുന്നു. എനിക്കു ഓക്സ്ഫോഡിൽ പോയി ബി. എ. പാസാകണം."

റിച്ചാർഡു് ഓക്സ്ഫോഡിൽ പോയി. പിന്നീടു അയാൾ പാരീസിൽ പോയി ഒരു വൈദികനായി. അതിനുശേഷം പഠിപ്പിക്കുന്നതിനായി അദ്ദേഹം ഓക്സ്ഫോഡിൽ തിരിച്ചുവന്നു.

റിച്ചാർഡിൻെറ വിദ്യാർത്ഥികളിൽ ഒരാൾ അയാളുടെ പരീക്ഷാവിജയം കൊണ്ടാടുന്നതിനായി ഒരു വിരുന്നു നടത്തുകയായിരുന്നു. റിച്ചാർഡും അനവധി വിദ്യാർത്ഥികളും ആ സൽക്കാരത്തിൽ പങ്കുകൊണ്ടു. എല്ലാവരും തിന്നു കുടിച്ചു വിനോദിച്ചുകൊണ്ടിരിക്കുമ്പോൾ, ആരോ മുൻവശത്തെ വാതിലിൽവന്നു മുട്ടി. വേലക്കാരിൽ ഒരാൾ ചെന്നു വാതിൽ തുറന്നു നോക്കിയപ്പോൾ, പ്രൗഢഗംഭീരനായ ഒരു മനുഷ്യൻ കുതിരപ്പുറത്തു ഇരിക്കുന്നു.

"എനിക്കു റിച്ചാർഡച്ചനോടു ഒരു കാര്യം പറയാൻ തരപ്പെടുമോ" അയാൾ ചോദിച്ചു.

"തീർച്ചയായും അകത്തുവരാമല്ലോ. ഒരു പയ്യൻ അവിടുത്തെ കുതിരയെ പിടിച്ചുകൊണ്ടുനിന്നുകൊള്ളും." വേലക്കാരൻ പറഞ്ഞു.

"അതു പ്രയാസമാണു്. റിച്ചാർഡച്ചനോടു പറയൂ, ഇവിടംവരെ ഒന്നു വന്നു എന്നോടു സംസാരിക്കണമെന്നു്." ആ അശ്വാരൂഢൻ പറഞ്ഞു.

"അദ്ദേഹം ഇന്നത്തെ പ്രധാന വിരുന്നുകാരനാണു്. അദ്ദേഹത്തെ പുറത്തേക്കു വിളിച്ചുകൊണ്ടുവരുന്നതു കൊള്ളാമോ? അവിടുന്നു അകത്തുവന്നു വിരുന്നിൽ പങ്കുകൊള്ളുന്നതു് അദ്ദേഹത്തിനു സന്തോഷമായിരിക്കും."

"അദ്ദേഹത്തോടു പറയൂ, ഇവിടെവന്നു എന്നോടു സംസാരിക്കുവാൻ." അശ്വാരൂഢൻ വീണ്ടും പറഞ്ഞു.

"അവിടുത്തെ ഇഷ്ടംപോലെ" എന്നു പറഞ്ഞുകൊണ്ടു വേലക്കാരൻ വിരുന്നുശാലയിലേക്കു പോയി.

വേലക്കാരൻ കാര്യം ഗ്രഹിപ്പിച്ചയുടനെ റിച്ചാർഡു് എഴുന്നേററു മുൻവശത്തെ വാതില്ക്കൽ ചെന്നു. അപ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ല.

അത്ഭുതാധീനനായി അദ്ദേഹം വിരുന്നുശാലയിൽ തിരിച്ചെത്തിയപ്പോൾ, അവിടെ സർവ്വത്ര ബഹളം.

റിച്ചാർഡു് ഇരുന്നിരുന്ന കസേരമേൽ മുകളിൽനിന്നു ഒരു തുലാം ഒടിഞ്ഞു വീണതായിരുന്നു ബഹളത്തിനുകാരണം. അദ്ദേഹം പുറത്തുപോകാതെ അവിടെ ഇരുന്നിരുന്നുവെങ്കിൽ, വെറും പൊടിഞ്ഞ പപ്പടമാകുമായിരുന്നു. അദ്ദേഹം രക്ഷപെട്ടതു വലിയ ദൈവാനുഗ്രഹമല്ലേ?

റിച്ചാർഡച്ചൻ നിരവധി സേവനങ്ങൾ നിർവ്വഹിച്ചു കാലം കഴിക്കുകയായിരുന്നു. അദ്ദേഹം കെൻറിലെ ഡിൽ എന്ന സ്ഥലത്തു വികാരിയായിരുന്നപ്പോൾ ഒരുദിവസം അദ്ദേഹത്തിനു് കാൻറർബറിയിലെ മെത്രാപ്പോലീത്തായുടെ ഒരു സന്ദേശം ലഭിച്ചു.

"പ്രിയ റിച്ചാർഡച്ചാ,

അടുത്ത വ്യാഴാഴ്ച കാൻറർബറിപള്ളിയിൽ വരണം. ഞാൻ അച്ചനെ ഒരു മെത്രാനാക്കാൻ പോകുകയാണു്.

+ എഡ്മണ്ടു്, കാൻറർബറി മെത്രാപ്പോലീത്താ."

റിച്ചാർഡച്ചനു് മെത്രാനാകണമെന്നു് വലിയ ആഗ്രഹമില്ലായിരുന്നു. ഡിലിലെ വികാരിയായിരിക്കുന്നതായിരുന്നു അദ്ദേഹത്തിനു് കൂടുതൽ പ്രിയംകരം. എന്നാൽ വൈദികാദ്ധ്യക്ഷൻെറ കല്പന ലംഘിച്ചുകൂടല്ലോ. അതിനാൽ അദ്ദേഹം അടുത്ത വ്യാഴാഴ്ച കാൻറർബറി മെത്രാസനപ്പള്ളിയിൽച്ചെന്നു മെത്രാൻ പദം സ്വീകരിച്ചു.

മെത്രാപ്പോലീത്താ തിരുമനസ്സിലെ അരമനയിൽ അവർ ഒരുമിച്ചു ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ മെത്രാപ്പോലീത്താ ചോദിച്ചു. "മെത്രാനായതിനെപ്പററി എന്തുതോന്നുന്നു?"

കൊച്ചുമെത്രാനച്ചൻ പറഞ്ഞു "എനിക്കു വലിയ ഉൽകണ്ഠയാണു്. ഞാൻ ഏതെങ്കിലും ഒരു സ്ഥലത്തിൻെറ മെത്രാനായിരിക്കേണ്ടേ? തിരുമനസ്സുകൊണ്ടു എന്നെ എങ്ങോട്ടാണു് അയക്കാൻ പോകുന്നതു്?"

"ചിച്ചെസ്റ്ററിലേക്കു്. അവിടെ ആദ്യം അല്പം പ്രയാസങ്ങളൊക്കെയുണ്ടാകും, പക്ഷേ താമസിയാതെ എല്ലാം ശരിയായിക്കൊള്ളും."

അഭിനവമെത്രാൻ ചിച്ചെസ്റ്ററിലേക്കു പോയി അവിടെ വെറും പ്രയാസങ്ങളല്ല ഉണ്ടായിരുന്നതു്, സർവ്വത്ര കുഴപ്പമായിരുന്നു.

ചിച്ചെസ്റ്ററും അവിടത്തെ ഭദ്രാസനദേവാലയവും പള്ളിമുറികളും വസ്തുവകകളും എല്ലാം രാജാവു് ഹെൻട്രി തൃതീയൻേറതായിരുന്നു. രാജാവിൻെറ സ്നേഹിതനായ ഒരു റാൽഫിനെ മെത്രാനാക്കണമെന്നായിരുന്നു ഹെൻട്രിയുടെ ആഗ്രഹം. അങ്ങനെയായാൽ രാജാവിനു തന്നെ പള്ളിവക വരവുകൾ എടുക്കാമെന്നു രാജാവു് വിചാരിച്ചു—പള്ളിവക വരവുകൾ മെത്രാനച്ചൻേറതായിട്ടാണു് ഗണിക്കപ്പെട്ടുപോന്നതു്. അദ്ദേഹത്തിൻെറ സ്വന്തചെലവുകൾക്കുവേണ്ടിയും പള്ളി നന്നാക്കുക, മെഴുകുതിരിയും കുന്തിരിക്കവും വാങ്ങുക, അച്ചന്മാർ പള്ളിയിൽ ഉപയോഗിക്കുന്ന കുപ്പായങ്ങൾ അലക്കിവെളുപ്പിച്ചുവയ്ക്കുക, പാവപ്പെട്ടവർക്കു് ദാനം ചെയ്ക എന്നുതുടങ്ങി ഒരുനൂറുകൂട്ടം കാര്യങ്ങൾക്കുള്ള ചെലവുകൾക്കായും പള്ളിവരവുകൾ ആവശ്യമായിരുന്നു.

തൻെറ സ്നേഹിതനായ റാൽഫിനെ മെത്രാനാക്കി അയക്കാതെ, റിച്ചാർഡിനെ ചിച്ചെസ്റ്ററിലേക്കു അയച്ചതുനിമിത്തം ഹെൻട്രിരാജാവിനു മെത്രാപ്പോലീത്തായോടു അരിശം മൂത്തു. രാജാവു് കല്പിച്ചുപറഞ്ഞു:

"കൊള്ളാം. അരമനയും പള്ളിമുറിയും വസ്തുക്കളുമെല്ലാം എൻെറ വകയാണു്. ആകയാൽ ഞാൻ അവയുടെ വാരമെല്ലാം പിരിച്ചെടുക്കും. അരമനയിൽ എൻെറ സ്നേഹിതൻ താമസിക്കുകയും ചെയ്യും. ചിച്ചെസ്റ്ററിലുള്ള ഒരു പട്ടിക്കുഞ്ഞുപോലും ആ റിച്ചാർഡിനെ അവൻെറ കൂട്ടത്തിൽ താമസിപ്പിച്ചുപോകരുതു്. ഒരുത്തൻപോലും അയാൾക്കു പണം കടം കൊടുത്തുപോകരുതു്."

പാവം കൊച്ചുമെത്രാനച്ചൻ നന്നേ പരുങ്ങി. അദ്ദേഹത്തിൻെറ കൈയിൽ പണമില്ല. അദ്ദേഹത്തിനു സ്വന്തം പള്ളിയിൽ കയറാനും പാടില്ല. എന്നാൽ സമീപസ്ഥരായ വൈദികരെല്ലാവരും റിച്ചാർഡിൻെറ വശത്തായിരുന്നു. എന്തെന്നാൽ അത്യാഗ്രഹിയും ഭയങ്കരനുമായ റാൽഫിൻെറകൂടെ കഴിയുവാൻ അവർക്കു തെല്ലും കഴിയുമായിരുന്നില്ല.

ഫെറിങ്ങിലെ വികാരിയായ സൈമണച്ചൻ റിച്ചാർഡിൻെറ സഹായത്തിനെത്തി. സ്വന്തം മെത്രാനച്ചനെ സഹായിക്കുവാൻ സാധിക്കുന്നതിൽ അദ്ദേഹം അഭിമാനംകൊണ്ടു. സൈമണച്ചൻെറ സഹായത്തിനു് പ്രതിഫലമെന്നപോലെ, കൈയിൽ കാശില്ലാതിരുന്ന മെത്രാനച്ചൻ അച്ചനുവേണ്ടി കൃഷിപ്പണിചെയ്തുപോന്നു. റിച്ചാർഡിനു് കൃഷിപ്പണി നേരത്തേ വശമുണ്ടായിരുന്നല്ലോ. സംയുക്തതരുക്കൾ വളർത്തുന്നതിൽ അദ്ദേഹത്തിനു പ്രത്യേകവൈദഗ്ദ്ധ്യമുണ്ടായിരുന്നു.

ഒരു ദിവസം രണ്ടിനത്തിൽപ്പെട്ട രണ്ടു ആപ്പിൾച്ചെടികളെ സംയോജിപ്പിച്ചതിനുശേഷം അദ്ദേഹം സൈമണച്ചനോടു പറഞ്ഞു, "ഇതാ നോക്കൂ, ഇതൊരു നല്ല ആപ്പിൾച്ചെടിയായി വളർന്നുവരും. അവയ്ക്കു രണ്ടിനുംകൂടി ഇപ്പോൾ ഒ



അക്കൊല്ലം വേനൽക്കാലമായപ്പോൾ നല്ല ആപ്പിൾപ്പഴങ്ങൾ അവർക്കു ലഭിച്ചു.

രേഒരു വേരുള്ളതുകൊണ്ടു്, അവ മുൻപത്തെപ്പോലെ വാടിപ്പോകയില്ല."

അതിനുശേഷം അദ്ദേഹത്തിൻെറ രൂപതയിൽപ്പെട്ട ചില പള്ളികൾ സന്ദർശിക്കുന്നതിനായി അദ്ദേഹം പോയി. രണ്ടു മൂന്നു ആഴ്ചകൾ കഴിഞ്ഞേ അദ്ദേഹം തിരിച്ചു വന്നുള്ളു.

മെത്രാനച്ചൻ സ്ഥലത്തില്ലായിരുന്ന അവസരത്തിൽ, സൈമണച്ചൻ തന്നെ തോട്ടത്തിലെ വേലകൾ ചെയ്യേണ്ടിവന്നു. അദ്ദേഹം എന്നും പോയി നോക്കുമായിരുന്നു ആപ്പിൾച്ചെടി വളരുന്നുണ്ടോ എന്നു്. അതിനു ഒരു ഒന്നാംതരം മുളയുണ്ടായി, അതു ക്രമേണ വളർന്നുവന്നു.

ഒരു ദിവസം സൈമണച്ചൻ തോട്ടത്തിൻെറ വാതിൽ ഓർമ്മിക്കാതെ തുറന്നിട്ടിട്ടുപോയി. അദ്ദേഹം ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ, ആടുകൾ തോട്ടത്തിൽ കയറി, ആ നല്ല ആപ്പിൾമുള തിന്നുകളഞ്ഞു.

സൈമണച്ചനു് സഹിക്കാനാവാത്ത സങ്കടം തോന്നി.

"മെത്രാനച്ചൻ വരുമ്പോൾ എന്തുപ



ചിച്ചെസ്റ്ററിലെ ജനങ്ങൾ മെത്രാനച്ചനെ അഭിവാദ്യംചെയ്തു.

റയും" അദ്ദേഹം വിചാരിച്ചു. "അതു വളരെ നന്നായി വളർന്നുവന്നതുമായിരുന്നു." അദ്ദേഹം പോയി തോട്ടത്തിൻെറ വാതിൽ അടച്ചിട്ടു.

മെത്രാനച്ചൻ വന്നപ്പോൾ അദ്ദേഹം സൈമണച്ചനെ സമാശ്വസിപ്പിച്ചു.

"സാരമില്ല, ഞാൻ വേറൊന്നു സംയോജിപ്പിച്ചു വളർത്താം.

അദ്ദേഹം വേറൊന്നു വളർത്തി. അതു വളരെവേഗം വളർന്നുവന്നു. അക്കൊല്ലം വേനൽക്കാലമായപ്പോഴേക്കും, അതിൽനിന്നു നല്ല ആപ്പിൾപ്പഴങ്ങൾ അവർക്കു ലഭിച്ചു.

ഇക്കാലമെല്ലാം ഹെൻട്രിരാജാവു മറു

(ശേഷം 14-ാം പേജിൽ)




## Bosco Children's Club (ബി. സി. സി.)

# 5. ഇസ്രായേൽജനം

"അസമാനഗുണനോല്ലാസംനിമിത്തം
ലസദാതഃകരണാഢ്യനാം വിശുദ്ധൻ
രവയികലതിവപൂജ്യമായോ-
രീസറായേലിതിനാമമന്നു പിന്നെ"

പ്രിയകുഞ്ഞുങ്ങളേ,

ദൈവപുത്രൻ അബ്രാഹത്തിന്റെ ഗോത്രത്തിൽ മർത്യാവതാരം ചെയ്യുമെന്നാണല്ലോ വാഗ്ദാനമുണ്ടായതു്. അബ്രാഹത്തിന്റെ പുത്രനായ ഇസഹാക്കിന്റെ മകനായിരുന്നു യാക്കോബു്. യാക്കോബിനു ദൈവം ഇസ്രായേൽ എന്ന പേരു നൽകി. അദ്ദേഹത്തിന്റെ സന്തതിയാണു് ഇസ്രായേൽജനം എന്ന പേരിൽ അറിയപ്പെടുന്ന യഹൂദജനതതി. ഇസ്രായേൽ എന്നുവച്ചാൽ ദൈവത്തിന്റെ ജനം എന്നാകുന്നു അക്ഷരാർത്ഥം.

പാപത്തിന്റെ ഫലമായി ദൈവത്തിൽനിന്നകന്ന മനുഷ്യൻ ക്രമേണ സത്യദൈവത്തെ വിസ്മരിച്ചു് അജ്ഞാനത്തിലും വിഗ്രഹാരാധനയിലും നിപതിച്ചു. സൂര്യചന്ദ്രന്മാരെയും പക്ഷിമൃഗാദികളെയും സസ്യലതാദികളെയും ദേവന്മാരായി ആരാധിച്ചുതുടങ്ങി. എത്ര രാജ്യക്കാരുണ്ടോ അത്രയും ദേവന്മാരുണ്ടെന്നുള്ള നിലയായി. എന്നല്ല ഓരോ കുടുംബത്തിനു ഓരോ പ്രത്യേകദേവന്മാരെ പ്രതിഷ്ഠിച്ചുവന്നു. പേർഷ്യാക്കാരുടെ ഓർമാസ്ദ്, ഗ്രീക്കുകാരുടെ സേവൂസും, റോമാക്കാരുടെ ബാക്കുസും ചേരെസും, ട്യൂട്ടൻ ജാതിക്കാരുടെ തോറും വോഡിനും, ഹിന്ദുക്കളുടെ മുപ്പത്തുമുക്കോടിയും എല്ലാം ഇതിനു ഉദാഹരണങ്ങളാണു്. ഈ ധാർമ്മികാധഃപതനത്തിനിടയിലെല്ലാം ദൈവം തന്റെ പ്രത്യേക പരിപാലനയാൽ ഇസ്രായേൽജനത്തെ ഏകദൈവവിശ്വാസത്തിൽ സുസ്ഥിരമായി പാലിച്ചുവന്നു.

എത്ര പൈതൃകമായ സ്നേഹത്തോടെയാണു് ദൈവം അവരെ നയിച്ചുകൊണ്ടു പോന്നതെന്നുള്ളതിനു വിശുദ്ധ ഗ്രന്ഥത്തിലെ പഴയ നിയമപുസ്തകങ്ങളെല്ലാം സാക്ഷ്യം വഹിക്കുന്നു. യാക്കോബും പുത്രന്മാരും ഈജിപ്തിൽ ഫറവോൻ രാജാക്കന്മാരുടെ കീഴിൽ സമ്പത്തിലും സംഖ്യയിലുംവർദ്ധിച്ചുവരുന്നതും, ഒടുവിൽ ഞെരുക്കങ്ങൾക്കു വിധേയരാകുന്നതും മററും സൃഷ്ടിയുടെ പുസ്തകത്തിൽ വിവരിക്കപ്പെടുന്നു. മൂശവഴിയായി ഇസ്രായേൽജനത്തെ ഈജിപ്തിൽനിന്നു അത്ഭുതകരമായി മോചിപ്പിച്ചുകൊണ്ടു പോരുന്ന വൃത്താന്തങ്ങൾ പുറപ്പാടുപുസ്തകത്തിൽ വിസ്താരമായി പ്രതിപാദിക്കപ്പെടുന്നു. പലസ്തീനായിലേക്കുള്ള മാർഗ്ഗമദ്ധ്യേ നാല്പതുകൊല്ലത്തോളം മരുഭൂമിയിൽവച്ചു അവർക്കുണ്ടായ അനുഭവങ്ങൾ സംഖ്യാഗമഗ്രന്ഥത്തിൽ കാണാം. ഈശോ ബർനോൻ ദൈവജനത്തെ വാഗ്ദത്തനാട്ടിലേക്കു പ്രവേശിപ്പിച്ചു് രാജ്യം അവർക്കു വിഭജിച്ചുകൊടുത്തതും മററും അദ്ദേഹത്തിന്റെ നാമത്തിലുള്ള പുസ്തകത്തിൽ ദീർഘമായി രേഖപ്പെടുത്തിയിരിക്കുന്നു. അനന്തരചരിത്രങ്ങളും, ദൈവം അവരെ ശിക്ഷിച്ചും ശാസിച്ചും നയിച്ചുവന്നിരുന്ന വിധങ്ങളുമാണു തുടർന്നുള്ള പഴയനിയമഗ്രന്ഥങ്ങളിലെ പ്രതിപാദ്യവിഷയങ്ങളെന്നു ചുരുക്കത്തിൽ പറയാം. ഇങ്ങനെ പഴയ നിയമകാലം മുഴുവൻ ലോകരക്ഷകന്റെ ആഗമനത്തിനുള്ള ഒരുക്കമായിരുന്നു. ഇസ്രായേലിലെ പുണ്യാത്മാക്കളിൽ ഓരോരുത്തരും ഓരോ വിധത്തിൽ, വരുവാനിരുന്ന രക്ഷകന്റെയും തിരുസ്സഭയുടെയും സാദൃശ്യങ്ങളുമായിരുന്നു. ഇസ്രായേൽജനത്തിന്മേൽ ദൈവം വർഷിച്ചിരുന്ന അനുഗ്രഹങ്ങൾ എത്ര നിരവധിയായിരുന്നുവെന്നു് പഴയ നിയമഗ്രന്ഥങ്ങളുടെ ഓരോ പക്ഷത്തിൽനിന്നും ഗ്രഹിക്കാൻകഴിയും.

പ്രിയകുഞ്ഞുങ്ങളേ! ഇങ്ങനെ ദൈവം സംരക്ഷിച്ചുകൊണ്ടുവന്ന ആ ജനം എന്താണു ചെയ്തിരുന്നതു്? അഗ്രാഹ്യമായ തരത്തിലുള്ള നന്ദികേടുകൾ തന്നോടു കാണിച്ചിരുന്നു. പ്രമാണപ്പലകയും കൊണ്ടു സീനാമലമുകളിൽനിന്നു മൂശ താഴെ വന്നപ്പോൾ ജനങ്ങൾ സ്വർണ്ണകാളക്കിടാവിന്റെ വിഗ്രഹം ഉണ്ടാക്കി ആരാധിക്കുന്നതായിട്ടാണു കണ്ടതു്. മരുഭൂമിയിൽവച്ചു് അല്പം ഭക്ഷണം പോരാതെ വന്നപ്പോൾ ഈജിപ്തിലെ അടിമത്തത്തെ മോഹിച്ചു പിറുപിറുക്കയാണു ചെയ്തതു്. ദൈവത്തോടും തന്റെ പ്രതിനിധികളോടുമുള്ള മറുതലയിൽ അവർ വളർന്നുവരികയാണു ചെയ്തതു്. അയൽരാജ്യങ്ങളുടെ ആക്രമണങ്ങൾകൊണ്ടും, ലജ്ജാവഹമായ അടിമത്തംകൊണ്ടും അപ്പഴപ്പോൾ ദൈവം അവരെ ശിക്ഷിച്ചിരുന്നു. അപ്പോൾ അവർ അനുതപിക്കും, വീണ്ടും ദൈവം അവരെ കടാക്ഷിക്കും. ഒടുവിൽ ദീർഘയുഗങ്ങളുടെ പ്രതീക്ഷാവിഷയമായ രക്ഷാനാഥൻ വന്നപ്പോഴോ? അവർ അങ്ങേ സ്വീകരിച്ചില്ല. അവിടുത്തോടു് എതിർത്തു. കുരിശിലേററി അവിടുത്തെ കൊല്ലുകയും ചെയ്തു. അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതിയുടെമേലും ആയിരിക്കട്ടെ എന്നു നിലവിളിച്ച ആ നിർഭാഗ്യജനം നിരീശ്വരത്വത്തിലും അവിശ്വാസത്തിലും നിപതിച്ചു് ഇന്നു ലോകത്തിന്റെ നാലുഭാഗങ്ങളിലുമായി നായകനില്ലാതെ ചിതറിക്കിടക്കുന്നു. ബാബേൽകോട്ട പോലെ ഒരു പുതിയ ഇസ്രായേൽ രാജ്യം കെട്ടിപ്പടുക്കുന്നതിനു ഭഗീരഥശ്രമങ്ങൾ ചെയ്യുന്നു. അവിടെയും ചോരചിന്തലും ജീവനാശവുംതന്നെ ദൃശ്യമാകുന്ന ഫലം.

ഹാ! ദൈവദാനങ്ങളെ ദുഷ്പ്രയോഗിക്കുന്നവർക്കു വരുന്ന നാശഫലങ്ങളുടെ പ്രത്യക്ഷദൃഷ്ടാന്തം! പ്രിയ കുഞ്ഞുങ്ങളേ! നിങ്ങൾ ഓരോരുത്തർ ഓർത്തുനോക്കണം. സ്നേഹനിധിയായ നമ്മുടെ കർത്താവു് എത്ര മഹനീയദാനങ്ങൾ ഓരോ ദിവസവും, ഓരോ നിമിഷവും, നമുക്കു നൽകിക്കൊണ്ടിരിക്കുന്നു? നാം എങ്ങനെ അവയെ ഫലപ്രദമാക്കുന്നു? കഴിച്ചിട്ട കുട്ടിപോലെ അവയെ ദുഷ്പ്രയോഗിക്കുന്നുണ്ടോ? എന്റെ കർത്താവേ! എന്റെ ബലഹീനതയെ സഹായിക്കുക. നിന്റെ വരപ്രസാദങ്ങൾക്കും വെളിവുകൾക്കും തക്കവണ്ണം ജീവിപ്പാൻ എന്റെ കണ്ണുകളെ നീ തെളിക്കുക. കഴിഞ്ഞകാലങ്ങളെക്കുറിച്ചു ഞാൻ ദുഃഖിക്കുന്നു, ഖേദിക്കുന്നു. ഇതാ ഇന്നു ഞാൻ ആരംഭിക്കുന്നു.

### പദ്യരചനക്ലാസ്സ്

കഴിഞ്ഞതവണത്തെ ഹോംവർക്ക് ചെയ്യാത്തവർ എഴുന്നേററു നില്ക്കട്ടെ. ആൺകുട്ടികളാണെന്നു തോന്നുന്നല്ലോ അധികം. അച്ചാ, ഞങ്ങൾ ശ്രമിച്ചു. മുഴുവൻ സാധിച്ചില്ല. കൊള്ളാം വീണ്ടും ശ്രമിക്കണം. ഇനി ഞാൻ ഇംപോസിഷ്യൻ എഴുതിക്കും. ഞങ്ങൾക്കു പണ്ടു് ഒരു സായിപ്പുസാറുണ്ടായിരുന്നു. Write out for me five hundred times (അഞ്ഞൂറുപ്രാവശ്യം എഴുതിക്കൊണ്ടുവരിക) ഇതായിരുന്നു ചുരുങ്ങിയ ഇംപോസിഷ്യൻ. സംപൂജ്യനായ എന്റെ ആനല്ല ഗുരുഭൂതൻ പഠിപ്പിച്ച പാഠം വല്യച്ചനും എടുത്തു പെരുമാറിയേക്കുംകേട്ടോ. സൂക്ഷിച്ചുകൊള്ളണം.

ത്രിഷ്ടുപ്പ് ഛന്ദസ്സിലുള്ള ഒരു പുതിയ വൃത്തംകൂടി ഇന്നു പഠിപ്പിക്കാം. പാഠപുസ്തകം 38-ാം പക്ഷം എടുക്കുക. 4-ാം ഖണ്ഡിക ആദ്യപദ്യം നോക്കണം. സ്വാഗത എന്ന വൃത്തമാണതു്. അതായതു്,

ഗാലഗാലലലഗാലലഗാഗാ

- ∪ - ∪ ∪ ∪ - ∪ ∪ - -

ഒരു രഗണം, ഒരു നഗണം, ഒരു ഭഗണം, ഒടുവിൽ രണ്ടു ഗുരു ഇങ്ങനെ പതിനൊന്നക്ഷരം ചേർന്നതു സ്വാഗത.

നാലാം ഖണ്ഡിക മുഴുവനും ഒന്നുരണ്ടു വായിച്ചഭ്യസിക്കുക. അനന്തരം പാഠാഭ്യസനം നടത്തിനോക്കണം. അതിനിടയ്ക്കു ഇന്ദ്രവജ്രയും മററും സ്വാഗതം കൊടുക്കാതെ സൂക്ഷിച്ചുകൊള്ളുകയും വേണം.

ബാലരംഗമതിലാളുകളിപ്പോൾ
മാലകന്നു പലതായി ശതങ്ങൾ
വേലചെയ്യുവതിനാശു തുടങ്ങാൻ
കാലമായി മടിതേടരുതാരും.
ശാരീരിയും ജനതയേറിന ലാഡ-
പ്പുരിയും വെളിവിലെത്തിടുവോളം
ആരിനിക്കരുണയററവിധത്തിൽ
ചാരിനിന്നു തലയാട്ടിരസിക്കും!
ത്യാഗമാടു പല പ്രാർത്ഥന നിത്യം
വേഗമങ്ങുയരണം: ധനദാനം
സ്വാഗതാർഹതരമായവിധം ചെ-
ന്നാഗണത്തിനു ഗുണം വിതറേണം.



കോക്കോട്ടു കരുവിള പാപ്പുഞ്ഞു് അവർകൾ 29-ാമത്തെ വയസ്സിൽ 1124 തുലാം 12-ാം നു- കർത്താവിൽ നിദ്രപ്രാപിച്ചു. ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം പ്രാർത്ഥിപ്പാറാകണം. R. I. P. (Inserted by his loving daughters)

### കത്തുകൾക്കു മറുപടി

പി. റൊസാരിയോ

"ഓഗസ്റ്റ് 1-ാം തിയതി തിരുപ്പട്ടൂർ സലേഷ്യൻഭവനത്തിൽ സസുഖം ഞാൻ വന്നുചേർന്നു. എഴുത്തയക്കാൻ അല്പം താമസിച്ചുപോയതു ക്ഷമിപ്പാറാകണം. വല്യച്ചനും കുഞ്ഞുസഹോദരന്മാരും എനിക്കുവേണ്ടി തുടർന്നു പ്രാർത്ഥിക്കണമേ. ഞാൻ പ്രതിദിനം നിങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നുണ്ടു്........."

പ്രിയ മകനേ, വിവരങ്ങൾ അറിഞ്ഞതിൽ സന്തോഷിക്കുന്നു. ദൈവത്തിനു സ്തോത്രംചെയ്യുന്നു. ബോസ്കോബാലരംഗത്തിലെ പ്രഥമ സലേഷ്യൻ സന്താനത്തിനുവേണ്ടി ഞങ്ങളെല്ലാവരും ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊള്ളാം. നിവൃത്തിയുണ്ടെങ്കിൽ ഇടയ്ക്കിടെ അവിടത്തെ വർത്തമാനങ്ങൾ ഞങ്ങളെ അറിയിച്ചുകൊണ്ടിരിക്കണം.

ടി. ഒ. വറുഗീസ്

"........ബാലരംഗം വായിച്ചു തുടങ്ങിയതുമുതൽ എനിക്കു വല്യച്ചനോടുള്ള സ്നേഹം ഇന്നവിധമെന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. സത്യദീപം കിട്ടിയാലുടൻ ഞാൻ ബാലരംഗം വായിക്കും. ഒടുവിൽ സ്വന്തം വല്യച്ചൻ എന്നുള്ളതു പിന്നെയും പിന്നെയും വായിച്ചു സന്തോഷിക്ക പതിവാണു്.........എനിക്കു ഇപ്പോൾ ഒരാഗ്രഹമേയുള്ളു; ബോസ്കോ അച്ചനെപ്പോലെ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ഒരു വേലക്കാരനാകണമെന്നു്. മാതാവിന്റെ കരേററത്തിരുനാളിൽ എന്നെ മുഴുവൻ ഞാൻ കർത്താവിനു കാഴ്ചവച്ചു. ഏററം പ്രിയപ്പെട്ട എന്റെ വല്യച്ചനും ബാലരംഗസഹോദരങ്ങളും എന്റെ ആഗ്രഹനിവൃത്തിക്കായി മാതാവിനോടപേക്ഷിക്കണമേ.........."

വാത്സല്യ മകനേ, നിന്റെ കളങ്കമററ ഈ സ്നേഹത്തിനു എന്തു പ്രതിസ്നേഹമാണു ഞാൻ കാണിക്കേണ്ടതു്. എന്റെ കുഞ്ഞുങ്ങളുടെ കാര്യം ഓർക്കുമ്പോൾ എന്റെ ഹൃദയത്തിലുള്ള വികാരങ്ങളും ഇതുപോലെതന്നെയാണെന്നു അറിഞ്ഞാൽ മതിയാകും. കുർബാനകഴിഞ്ഞു ദിവസേന നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു ഒരു കടമയായിട്ടും സ്നേഹകൃത്യമായിട്ടും ഞാൻ കരുതുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

അടുത്ത ഞായർ ക്രിസ്തുരാജന്റെ തിരുനാളും ചൊവ്വാ സകല പുണ്യവാന്മാരുടെ തിരുനാളും ആണെന്നു എല്ലാവരും ഓർക്കുമല്ലോ.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1 സാർവ്വത്രികസൂനഹദോസു് വിളിച്ചുകൂട്ടേണ്ടതാരാണു്?

2 ആർ അതിൽ അദ്ധ്യക്ഷതവഹിക്കണം?

3 മാർപ്പാപ്പായുടെ അംഗീകാരം സിദ്ധിക്കാത്ത സൂനഹദോസ് നിശ്ചയങ്ങൾക്കു പ്രാമാണ്യമുണ്ടോ?

4 സൂനഹദോസ് നടന്നുകൊണ്ടിരിക്കുമ്പോൾ മാർപ്പാപ്പാ മരിക്കുകയാണെങ്കിൽ അതു തുടരുവാൻ പാടുണ്ടോ?

(ഉത്തരങ്ങൾ 12-ാം പേജിൽ)

## റോമയിലേക്കുള്ള തീർത്ഥയാത്ര

സിലോൺ നാഷണൽ കമ്മിററിക്കാരുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന തീർത്ഥയാത്രയ്ക്കു് രണ്ടാംക്ലാസുകാർക്കു 2700 രൂപായും, മൂന്നാംക്ലാസുകാർക്കു് 2000 രൂപായും യാത്രച്ചെലവിനു മതിയാകുമെന്നു് അരണാട്ടുകര മി. സി. ആർ. ദേവസ്സി അറിയിച്ചിരിക്കുന്നു. മേൽത്തട്ടിലെ യാത്രയ്ക്കു സൗകര്യപ്പെടുന്ന പക്ഷം 1400 രൂപാ മതിയാകുന്നതാണെന്നും ടിയാൻ പ്രസ്താവിക്കുന്നു.

# അറിയിപ്പ്

ഞങ്ങളുടെ ഏജൻറുമാർ വഴി പത്രം വാങ്ങുന്ന വരിക്കാർ യഥാസമയം പത്രവില മുൻകൂർ കൊടുക്കാത്തതുകൊണ്ടു് ഏജൻറുമാർക്കു് ആപ്പീസിൽ നേരത്തെ അഡ്വാൻസ് അടച്ചു പത്രം വരുത്തുന്നതിനു് അസൗകര്യവും താമസവും നേരിടുന്നുവെന്നും വിവരം വരിക്കാരുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു പല ഏജൻറുമാരും ഞങ്ങൾക്കെഴുതിയിരിക്കുന്നു. എന്നാൽ ഓരോരുത്തർക്കുമായി പ്രത്യേകം പ്രത്യേകം ഈ വിവരം പരസ്യപ്പെടുത്താൻ നിവൃത്തിയില്ലാത്തതുകൊണ്ടു ഏജൻറന്മാരിൽനിന്നു യഥാസമയം പത്രം കിട്ടണമെന്നാഗ്രഹിക്കുന്നവർ പത്രവില മുമ്പേറായി കൊടുത്തിരിക്കണമെന്നും അല്ലാത്തപക്ഷം പത്രം കിട്ടുന്നതല്ലെന്നുമുള്ള വിവരം എല്ലാ ഏജൻറുമാർക്കും വേണ്ടി പരസ്യപ്പെടുത്തിക്കൊള്ളുന്നു. ഇക്കാര്യത്തിൽ ആപ്പീസുമായി യാതൊരെഴുത്തുകുത്തുകൾക്കും ആവശ്യമില്ലാത്തതാകുന്നു.

മാനേജർ, സത്യദീപം

# അമ്മച്ചി

(ജി. സി. ടീലാർ)

രാജമ്മ എന്നാണു് അമ്മച്ചിയും പപ്പായും എന്നെ വിളിക്കുന്നതു്. വത്സമ്മയ്ക്കു് എന്നെക്കാൾ നാലുവയസ്സിന്റെ ഇളപ്പം കാണും. ബാല്യകാലംതൊട്ടേ അവൾ ഒരു കൊച്ചുവികൃതിയായിട്ടു വളർന്നുവന്നു. ആരോടും വഴക്കടിക്കും. പപ്പായേയും അമ്മച്ചിയേയും ചിലപ്പോൾ കൂട്ടാക്കുകയില്ല. പപ്പായ്ക്കു് വടിയുടെ പ്രയോഗം അറിഞ്ഞുകൂടെന്നു തോന്നുന്നു. എന്നാൽ അമ്മച്ചിക്കു് ആ പ്രയോഗം നല്ലവശമാണു്. നല്ല അടി വത്സമ്മ കൊള്ളാറുണ്ടു്. എന്നാലും അവൾ അടങ്ങിയിരിക്കുന്ന സമയം ചുരുക്കം.

അന്നു് അവൾക്കു് ഏകദേശം രണ്ടു വയസ്സു് പ്രായം കാണുമായിരിക്കും. അമ്മച്ചി മേശപ്പുറത്തുവച്ചു് ഒരെഴുത്തെഴുതിക്കൊണ്ടിരിക്കയായിരുന്നു വത്സമ്മ ആ സമയം പുറകിൽക്കൂടി പതുങ്ങിവന്നു. കൈയിൽ ഉണ്ടായിരുന്ന റബ്ബർപ്പന്തു വലിച്ചൊരേറു്. അതു് അമ്മച്ചിയുടെ തലയ്ക്കടിച്ചു. അതു കൈക്കലാക്കിയിട്ടു് ദേഷ്യഭാവത്തിൽ അമ്മച്ചി പുറകോട്ടു ഒരു നോട്ടം. അപ്പോൾ അവൾ പറയുകയാണു്: "അമ്മച്ചി, ഞാൻ പപ്പായെ എറിഞ്ഞതാ. അമ്മച്ചിയെ എറിഞ്ഞതല്ല. അമ്മച്ചിക്കു നൊന്തോ? ഞാൻ തുത്തു തരാം."

"ഇങ്ങോടിവന്നു് ഒന്നു തുത്തുതന്നേ. അമ്മച്ചീടെ തല നോവുന്നു."

"പന്തിങ്ങോട്ടുതാ. ഒന്നു കളിച്ചേച്ചു വന്നിട്ടു തുത്തുതരാം ഞാൻ."

അവളുടെ ജാലവിദ്യയിൽ അമ്മച്ചി അത്ഭുതപ്പെട്ടുപോയി. അവൾക്കു പന്തു കൊടുത്തു. അവൾ ഒറ്റ ഓട്ടം മുറ്റത്തേക്കു്. ഇങ്ങനെ പലതും അവളെപ്പറ്റി.

ഒരു ദിവസം കൊച്ചിച്ചാച്ചനും പപ്പായുംകൂടി ഉച്ചയ്ക്കു് ഊണുകഴിച്ചുകൊണ്ടിരിക്കയായിരുന്നു. അമ്മച്ചി മേശയ്ക്കടുക്കൽ വന്നുനിന്നു. കൂട്ടത്തിൽ വത്സമ്മയും. അവളുടെ കൈയിൽ രണ്ടു പഴമുണ്ടു്. കൊച്ചിച്ചാച്ചൻ പറഞ്ഞു: "വത്സമ്മ, നീ മിടുക്കിയല്ലേ; ഒരു പഴം രാജമ്മയ്ക്കു കൊടുക്കു്. നീ ഒന്നു തിന്നാൽമതി." അവൾ അതു കേട്ട ഭാവമേ നടിച്ചില്ല. രണ്ടും തിന്നുവാൻതന്നെ അവൾ ഉറച്ചിരിക്കയായിരുന്നു പപ്പാ കൊച്ചിച്ചാച്ചന്റെ അഭിപ്രായം ഏറ്റുവാങ്ങി. ഒരു പഴം രാജമ്മയ്ക്കു കൊടുക്കണമെന്നു പറഞ്ഞു നിർബന്ധിച്ചു. എന്നാൽ അവൾ അമ്മച്ചിയുടെ അടുക്കലേക്കു് ഒന്നുകൂടി ഒട്ടിപ്പിടിച്ചുനിന്നിട്ടു രണ്ടും ആ ഉണ്ണിക്കുടത്തിനകത്താക്കി. കൊച്ചിച്ചാച്ചൻ ഒന്നിനു പകരം മൂന്നു പഴം എനിക്കു തന്നു് അവളെ പരാജയപ്പെടുത്തിക്കളഞ്ഞു. അവൾക്കു് അതൊട്ടും രസിച്ചില്ല. പപ്പാ ഊണുകഴിഞ്ഞു് അവളുടെ അടുത്തെത്തി വളരെ വഴക്കു പറഞ്ഞു; തല്ലാൻ വടി എടുത്തു. വടിയോടു് അവൾക്കു വലിയ പേടിയാണു്. അമ്മച്ചിയെ കെട്ടിപ്പിടിച്ചുകൊണ്ടു് അവൾ വാവിട്ടു നിലവിളിക്കുവാൻ തുടങ്ങി. പപ്പാ അവിടെനിന്നും വേഗം പൊയ്ക്കളഞ്ഞു.

പപ്പാ മാറിക്കഴിഞ്ഞപ്പോൾ അവൾക്കു നല്ല ധൈര്യമായി അവൾ അമ്മച്ചിയോടു പറയുകയാണു്: "പപ്പാ ചീത്തയാ."

"എന്തു പറഞ്ഞെടീ?" അമ്മച്ചിക്കു ദേഷ്യംവന്നു.

"പപ്പാ ചീത്തയാന്നാ ഞാൻ പറഞ്ഞേ."

അമ്മച്ചി അവളുടെ ഉരുത്തൽ നഖമുന്നിനല്ലൊരു നുള്ളു്. "ആഹാ; പപ്പാ ചീത്തയാണോടീ?" എന്നൊരു ചോദ്യവും. അവളുടെ സന്തോഷം പമ്പകടന്നു കരച്ചിലിന്റെ വക്കത്തേക്കു് അവളുടെ ചുണ്ടുകൾ കോടി. അവൾ വിഷാദസ്വരത്തിൽ ചോദിച്ചു: "അപ്പം അമ്മച്ചിക്കു് പപ്പായോടു പ്രിയമുണ്ടോ?"

"അതെ, അതെ, എനിക്കു പ്രിയമാ. ഇനീം നീ പപ്പാ ചീത്തയാന്നു പറഞ്ഞുപോയാൽ നിന്റെ തുട ഞാൻ അടിച്ചുപൊട്ടിക്കും."

"അമ്മച്ചിക്കു പിടിക്കുവേലേ ഇഞ്ഞിം നാനങ്ങനെ പറേന്നില്ല."

അതു് അവൾക്കു നല്ലൊരു പാഠമായിരുന്നു പിന്നീടു് ഒരിക്കലും അമ്മച്ചി ചീത്തയാണെന്നു് പപ്പായോടോ പപ്പാ ചീത്തയാണെന്നു് അമ്മച്ചിയോടോ പറഞ്ഞിട്ടില്ല അവൾ. അതുതന്നെയല്ല, അവൾ അനാവശ്യങ്ങൾ ഒന്നുംതന്നെ പറയാതായി. മുമ്പൊക്കെ അയൽവാസികളായ ചില കുസൃതിപ്പെൺകുട്ടികൾ വത്സമ്മയുടെ കൂടെ കളിക്കുവാൻ വീട്ടിൽ വരുമായിരുന്നു. ഒരു ദിവസം ഒളിച്ചുനിന്നു് അമ്മച്ചി അവരുടെ സംഭാഷണം ശ്രദ്ധിക്കയുണ്ടായി. പ്രായംചെന്ന ആളുകൾപോലും ലജ്ജിച്ചുപോകുന്ന തരത്തിൽ അസഭ്യങ്ങൾ പറയുവാൻ അവർക്കറിയാം. അപ്പോൾത്തന്നെ അമ്മച്ചി ആ കുട്ടികളെ വീട്ടിനു പുറത്തിറക്കി; ഞങ്ങളുടെ വീട്ടിൽ ഇനി വരരുതെന്നു് ചട്ടംകെട്ടുകയും ചെയ്തു. അങ്ങനെ ആ കൂട്ടുകെട്ടിൽനിന്നും വത്സമ്മ രക്ഷനേടി പക്ഷേ സ്വതേ ഉല്ലാസപ്രകൃതിക്കാരിയായ അവളുടെ ജീവിതത്തെ അതു സാരമായി സ്പർശിച്ചു.

അവൾ ജീവച്ഛവംപോലെ ഒരു കോണിൽ പതുങ്ങിയിരിക്കും. അധികം സംസാരിക്കയില്ല. ചിരിക്കയില്ല. കുസൃതികളുമില്ല അവളായിരുന്നു ഞങ്ങളുടെ വീടിന്റെ ജീവൻ. എന്നാൽ കുറേ ദിവസങ്ങളായിട്ടു് അവൾ അനങ്ങുന്നില്ല. ഒരിക്കൽ പപ്പാ ചോദിച്ചു വത്സത്തിനെന്തു പറ്റിയെന്നു്. ആ ചീത്ത പെൺകുട്ടികളുടെ കാര്യം അമ്മച്ചി പപ്പായെ ധരിപ്പിച്ചു പപ്പായ്ക്കു് അമ്മച്ചിയിൽനിന്നും വിഭിന്നമായ ഒരഭിപ്രായമാണ്ടായിരുന്നതു്. "കുഞ്ഞുങ്ങളെ സ്വതന്ത്രരായി വിട്ടെങ്കിലേ വികസിക്കയുള്ളൂ. ചീത്തക്കൂട്ടുകെട്ടും മറ്റും അത്ര കണക്കാക്കാനില്ല. നല്ല കുഞ്ഞുങ്ങൾ ഒടുവിൽ നല്ലതു തിരഞ്ഞെടുത്തുകൊള്ളും" എന്നാൽ അമ്മച്ചി പറഞ്ഞു, കാക്കയോടുകൂടി ചേർന്നു നടന്നാൽ പ്രാവിനും അപകടം സംഭവിക്കുമെന്നു്.

"ഡോമിനിക്കു് സാവ്യോ ചീത്ത കുട്ടികളോടു കൂട്ടുകൂടി നടന്നു് അവരെ നന്നാക്കി എടുത്തു എന്നു് വി. ഡോൺ ബോസ്കോയുടെ ജീവചരിത്രത്തിൽ വായിച്ചിട്ടില്ലേ?" പപ്പാ ചോദിച്ചു.

"ഡോമിനിക്കു് സാവ്യോ ഓറട്ടറിയിൽ പ്രവേശിച്ചപ്പോൾ പന്ത്രണ്ടുവയസ്സു് പ്രായമായിരുന്നു. പോരെങ്കിൽ ആ കുട്ടി ചെറുപ്പത്തിലേ ഒരു പുണ്യവാനുമായിരുന്നല്ലോ."

"എന്നാൽ നിന്റെ ഇഷ്ടംപോലെ ചെയ്യു്. നീ വത്സത്തിന്റെ ഭാവി നശിപ്പിച്ചുകളയും എന്നു ഞാൻ ഭയപ്പെടുന്നു." പടിക്കൽവന്നുനിന്ന സ്റ്റേറ്റുകാറിൽ പപ്പാ കയറി. അതു രാജകൊട്ടാരത്തിലേക്കു് ഓടിച്ചുപോകയും ചെയ്തു.

പപ്പായും അമ്മച്ചിയുംതമ്മിൽ ഒരിക്കലും പിണങ്ങി ഞാൻ കണ്ടിട്ടില്ല. അവർതമ്മിലുള്ള സ്നേഹമായിരുന്നു ഞങ്ങളുടെ ആനന്ദത്തിന്റെ പരിപൂർണ്ണത. പലരും അത്ഭുതപ്പെടാറുണ്ടു് വിരുദ്ധസ്വഭാവക്കാരായ രണ്ടുപേർ തമ്മിൽ എങ്ങനെ ഇത്ര യോജിച്ചു കഴിഞ്ഞുപോകുന്നു എന്നു്. പപ്പായുടെ മിതവ്യയം അല്പം അതിരുകടന്നതാണു്. ലുബ്ധൻ എന്നു ചിലർ അദ്ദേഹത്തെ വിളിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്. അമ്മച്ചി അല്പം ധാരാളിയും. പപ്പാ വലിയ ഗ്രന്ഥക്കെട്ടുകളുടെ ഇടയിൽ എത്രനേരം വേണമെങ്കിലും അനങ്ങാതിരുന്നുകൊള്ളും. അമ്മച്ചി ഒരു സംസാരപ്രിയയാണു്. സംഗീതത്തിലും അഭിനയകലയിലും നല്ല പാടവം. ഇതൊക്കെ ആയാലും ഒറ്റ അപസ്വരംപോലും അവരുടെ ജീവിതത്തിന്റെ വീണാവായനയിൽ ഉണ്ടായിട്ടില്ല. ഇതിന്റെ രഹസ്യമെന്തെന്നറിയുവാൻ അഭ്യസ്തവിദ്യരായ പല വനിതാമണികളും അമ്മച്ചിയെ സമീപിക്കാറുണ്ടു്. അമ്മച്ചിയുടെ മറുപടി അതിവിശിഷ്ടതന്നെ. "എനിക്കില്ലാത്ത അനേകം ഗുണങ്ങൾ അദ്ദേഹത്തിനുണ്ടു്. അദ്ദേഹത്തിനില്ലാത്ത ചില ഗുണങ്ങൾ എനിക്കുണ്ടു്. അങ്ങനെ ഞങ്ങൾ ഇരുവരും ചേർന്നു് ഒന്നായി. അദ്ദേഹത്തിന്റെ സ്വന്തംകാര്യത്തിൽ ഞാൻ തലയിടാറില്ല. എന്റെ കാര്യത്തിൽ അദ്ദേഹവും അങ്ങനെതന്നെ. വീട്ടിന്റെ പരിപൂർണ്ണാധികാരം എനിക്കു്. അതിന്റെ നിയന്ത്രണം അദ്ദേഹത്തിനും. ഇതാണു ഞങ്ങളുടെ ജീവിതവിജയത്തിന്റെ രഹസ്യം."

രസകരമായ രണ്ടു സംഭവങ്ങൾ എന്റെ ഓർമ്മയിൽ തങ്ങിനില്ക്കുന്നു. പപ്പായുടെ മുഖക്ഷൗരമാണു് അരിശം. നിത്യം ഉപയോഗിക്കുന്ന സാധനങ്ങൾ അദ്ദേഹംതന്നെ ഒരുക്കിനാണു വയ്ക്കാറുള്ളതു്. അതു സ്ഥലംമാറിക്കാണുന്നതു് അദ്ദേഹത്തിനു സഹിക്കവയ്യാ. അതുകൊണ്ടു ഞങ്ങൾ രണ്ടുപേരും ആ മുറിയിൽ കടക്കരുതെന്നു് അമ്മച്ചി കർശനമായി ചട്ടംകെട്ടിയിട്ടുണ്ടായിരുന്നു. എങ്കിലും വത്സമ്മ ചിലപ്പോൾ അതിനുള്ളിൽ കയറും. ആരും കാണാതെ ഓടി ഇറങ്ങിപ്പോകുകയും ചെയ്യും. ഒരു ദിവസം രാവിലെ അവൾ ആ മുറിക്കകത്തുകടന്നു് പപ്പായുടെ ഷേവിംഗ് സെറ്റു് ഒന്നു പരിശോധിച്ചു. അവിടെ കണ്ട ബ്രഷ് എടുത്തുകൊണ്ടു കടക്കയും ചെയ്തു. പപ്പാ ധൃതിയിൽ മുഖം മിനുക്കുവാൻ വന്നപ്പോൾ ബ്രഷ് ഇല്ല. അദ്ദേഹത്തിനു ദേഷ്യമായി; ചിലതെല്ലാം ഉറക്കെ പറയുവാൻതുടങ്ങി. അമ്മച്ചി അടുക്കളയിൽനിന്നും ഓടിവന്നു ചോദിച്ചു; ഇതെന്താ കാലത്തേ ഇത്ര കോപമെന്നു്. "ഇവിടെ ഇരുന്ന ബ്രഷ്? ഞാൻ പറഞ്ഞിട്ടില്ലേ പിള്ളേരെ ഇതിനകത്തു കളിക്കുവാൻ വിടരുതെന്നു്." "അതേ ഉള്ളോ. ഇപ്പോൾ നോക്കി എടുത്തു കൊണ്ടുവരുന്നേക്കാം." അമ്മച്ചി ഓടി; അന്വേഷണം ധൃതിയിൽ നടത്തി. അല്പം കഴിഞ്ഞപ്പോൾ പാഞ്ഞുതിരിച്ചുവന്നു്, കീയ് ഊതുന്ന കുഴൽ നീട്ടിക്കൊണ്ടുപറഞ്ഞു: "നിങ്ങളുടെ ഈ ദേഷ്യം കണ്ടപ്പോൾ എനിക്കൊരു വെപ്രാളമായിപ്പോയി. ഞാനെവിടെയെല്ലാം തപ്പിയാണു് ഇതെടുത്തുകൊണ്ടുവന്നതെന്നറിഞ്ഞോ?" പപ്പായുടെ ദേഷ്യം പമ്പകടന്നു. ആ കുഴലിൽ അതു കയറി ഒളിച്ചതായിരിക്കാം. പപ്പാ ചിരിച്ചു ചിരിച്ചു് കസേരയിൽ പോയി ഇരുന്നു. അപ്പോൾ ബ്രഷ് മേശപ്പുറത്തു്. അതുവരെയും അതു് അമ്മച്ചിയുടെ സാരിക്കുള്ളിൽ മറഞ്ഞിരിക്കയായിരുന്നു.

വേറൊരു സായാഹ്നം. അഞ്ചുമണി കഴിഞ്ഞു എന്നാണു തോന്നുന്നതു്. പപ്പാ അപ്പോഴും പുസ്തകങ്ങളുടെമുമ്പിൽ. ഇങ്ങനെ ഇളവില്ലാതെ ഗ്രന്ഥങ്ങൾക്കിടയിൽ കഴിച്ചുകൂട്ടിയാൽ വല്ല സുഖക്കേട്ടും പിടിപെട്ടേക്കുമെന്നു് അമ്മച്ചിക്കൊരു ഭയം. എന്നാൽ പപ്പായെ എങ്ങനെ അവിടെനിന്നും എഴുന്നേല്പിച്ചുവിടും? ഒരു പാട്ടുമായി അമ്മച്ചി അടുത്തുചെന്നു. പപ്പാ അനങ്ങുന്നില്ല. പാട്ടിനോടുകൂടി അഭിനയവും കൂട്ടിച്ചേർത്തു. എന്നിട്ടും ഫലിച്ചില്ല. ഒടുവിൽ ആ പുസ്തകം അമ്മച്ചി അങ്ങു മടക്കിവച്ചുകളഞ്ഞു. പപ്പാ ഒരു പുഞ്ചിരി തൂകിയിട്ടു് തിരിഞ്ഞിരുന്നു. "ഞാനൊരു കഥ പറയാം നിന്നോടു്."

"പറ, പറ. അതാണു് ഇപ്പോൾ വേണ്ടതു്. അല്ലാതെ വായിച്ചു വായിച്ചു തലകളയുകയല്ല."

"പണ്ടു് ഗ്രീസുരാജ്യത്തു് സോക്രട്ടിസ് എന്നൊരു വലിയ പണ്ഡിതൻ ജീവിച്ചിരുന്നു."

"നിങ്ങളും അദ്ദേഹത്തെപ്പോലൊരു പണ്ഡിതനായിരിക്കും: സമ്മതിച്ചിരിക്കുന്നു."

"അദ്ദേഹത്തിനു നിന്നെപ്പോലൊരു ഭാര്യ ഉണ്ടായിരുന്നു."

"എന്നെപ്പോലൊരു ഭോഷി. അതും സമ്മതിച്ചിരിക്കുന്നു. പിന്നെ?"

"ഒരിക്കൽ അദ്ദേഹം ഇങ്ങനെ വായിച്ചുകൊണ്ടിരുന്നപ്പോൾ ആ സ്ത്രീ വന്നു ബഹളംകൂട്ടി."

"ഓഹോ, എനിക്കിട്ടാണല്ലോ ഈ അമ്പെയ്ത്തു്. എന്നാലും കേൾക്കട്ടെ."

"അദ്ദേഹം അതു വകവച്ചില്ല. ആ സ്ത്രീ പിന്നെ തട്ടിന്റെ പുറത്തേക്കു കയറി അവിടിരുന്ന ഒരു കുടം വെള്ളം എടുത്തു് അദ്ദേഹത്തിന്റെ തലയിലേക്കു് ഒഴിച്ചുകളഞ്ഞു."

"ആഹാ, അല്ലേലും നിങ്ങളെ അങ്ങനെതന്നെ കാണിക്കണം." പപ്പാ പ്രതീക്ഷിക്കാഞ്ഞ ഒരു മറുപടി അദ്ദേഹം പൊട്ടിച്ചിരിച്ചുപോയി. പിന്നെ അവിടെനിന്നും എഴുന്നേറ്റു് പുറത്തേക്കിറങ്ങി, ഊറി ഊറി ചിരിച്ചുകൊണ്ടു്.

വത്സമ്മയുടെ കാര്യമാണല്ലോ പറഞ്ഞുവന്നതു്. അവളുടെ മനസ്സിനു് ഇടിവുതട്ടിക്കരുതെന്നു് അമ്മച്ചി നിശ്ചയിച്ചു. അവളെയും എന്നെയും ചീട്ടുകളി പഠിപ്പിക്കയാണു ചെയ്തതാദ്യം. വത്സമ്മയ്ക്കു് അതിൽ വലിയ രസമായി. നാലരമണികഴിഞ്ഞാൽ ഞങ്ങൾ നാലുപേരും കൂടി ഒരു വട്ടമേശയ്ക്കു ചുറ്റി ഇരുന്നു് കളിതുടങ്ങും. അമ്മച്ചിയും ഞാനും ഒരു കക്ഷി. പപ്പായും വത്സമ്മയും മറേറകക്ഷി. വത്സമ്മയെ സന്തോഷിപ്പിക്കുവാൻവേണ്ടി അമ്മച്ചി മനഃപൂർവ്വം കളിയിൽ തോറ്റുകളയാറുണ്ടു്. എനിക്കു അപ്പോൾ ഇച്ഛാഭംഗം ഉണ്ടാകും. എന്നാൽ അമ്മച്ചിയുടെ കർണ്ണാനന്ദകരമായ ഓരോ പാട്ടിൽ എന്റെ സങ്കടം പാറിപ്പോകും. ചീട്ടുകളിയുടെ ഇടയിലും അമ്മച്ചി ഞങ്ങളെ പാടിരസിപ്പിക്കാറുണ്ടു്. ചീട്ടുകളിയിൽ രസം പിടിച്ചു തുടങ്ങിയതിൽപ്പിന്നെ വത്സമ്മയുടെ ഉല്ലാസപ്രകൃതിക്കു് ഒരു നവജീവൻ വീണു. അവൾക്കു പുറത്തുള്ള കൂട്ടുകാരെ ആവശ്യമില്ലെന്നായി. ഞങ്ങളോടൊന്നിച്ചു കളിക്കുന്നതിലായിരുന്നു കൂടുതൽ ഇഷ്ടം.

"പിച്ചതാരണേ, പിച്ചതരണേ." ദയനീയമായ ഒരു സ്വരം വാതിൽക്കൽ കേട്ടു. "വത്സമ്മാ, ഓടിച്ചെന്നു് അതാരാണെന്നു നോക്കു." അമ്മച്ചി ആജ്ഞ കൊടുത്തു അവൾ നോക്കിയിട്ടു വന്നുപറഞ്ഞു: "ഒരു പിച്ചക്കാരനാ അമ്മച്ചീ."

"നീ ആ പിച്ചക്കാരനോടു വല്ലതും പറഞ്ഞോ?"

"ഒന്നും പറഞ്ഞില്ല. ഒരു വൃത്തികെട്ട മനുഷ്യനാ അതു്. തുണി കറുത്തു കരിപോലിരിക്കുന്നു." അതു കേട്ടപ്പോൾ അവളെ നിറുത്തി അമ്മച്ചി ഒരുപദേശം: "എന്റെ കുഞ്ഞേ, ധനമുണ്ടെങ്കിൽ നമ്മളെപ്പോലെ അയാളും കഴിയുമായിരുന്നു. അയാൾ നിർദ്ധനനായിപ്പോയി. വൃത്തിയുള്ള വസ്ത്രം വാങ്ങുവാൻ അയാൾക്കു പണമില്ല. ഓരോ വീട്ടിലും ചെന്നു് ഇരന്നുവേണം അയാൾക്കു ആഹാരംപോലും കഴിക്കുവാൻ. ഉള്ളവർ ഇല്ലാത്തവരോടു് അനുകമ്പ പ്രദർശിപ്പിക്കണം. ഈശോയാണു് ഭിക്ഷുവിന്റെ വേഷത്തിൽ നമ്മുടെ പടിവാതില്ക്കൽ വന്നു മുട്ടുന്നതു്."

"അപ്പം, എന്റമ്മച്ചീ, ഈശോയാന്നു ഞാനറിഞ്ഞില്ല. ഈശോയ്ക്കു് ഇന്നലത്തെ അപ്പം കൊടുത്തേക്കട്ടേ?"

"കൊടുക്കു കൊടുക്കു്. ആ പെട്ടിയിൽനിന്നും നാലു ചക്രവും."

അന്നുമുതൽ വത്സമ്മ സാധുക്കളോടു



## മാതാക്കളുടെ മാതൃകയായ

# വി. റീത്താ

1386-ൽ ഇറ്റലിയിൽ റോക്കാപൊരേനായിൽ ജനിച്ചു ഉത്തമഭാര്യയും കുടുംബനായികയുമെന്നനിലയിൽ 18 സംവത്സരം പുണ്യവതി ചെലവഴിച്ചു. സ്വഭർത്താവിന്റെയും പുത്രന്മാരുടെയും മരണാനന്തരം കാഷ്യായിലെ അഗസ്റ്റീനിയൻ സന്യാസിനീസമൂഹത്തിൽ ചേർന്നു അവിടെ വച്ചു് 1456-ൽ മൃതിയടഞ്ഞു. വി. റീത്തായുടെ മാദ്ധ്യസ്ഥംവഴി വിശ്വാസികൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന നിരവധി അനുഗ്രഹങ്ങൾനിമിത്തം "അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥ" എന്ന അപരനാമവും ഈ പുണ്യവതി സമാർജ്ജിച്ചിട്ടുണ്ടു്.

വലിയ അനുകമ്പ കാണിച്ചുതുടങ്ങി. അമ്മച്ചി അറിയാതെയും അവൾ സാധുക്കൾക്കു ചിലപ്പോൾ സഹായം ചെയ്യാറുണ്ടു്.

വത്സമ്മ അക്കൊല്ലം ക്ലാസ്സിൽ ഒന്നാമതായിരുന്നു. അവൾ ഫസ്റ്റ് ഫാറത്തിൽനിന്നും സെക്കൻറ് ഫാറത്തിലേക്കു കടന്നു. അതോടുകൂടി അവളുടെ സ്വഭാവത്തിൽ ചില മാററങ്ങൾ സംഭവിച്ചതു് അമ്മച്ചി കാണാതിരുന്നില്ല. ചില പുസ്തകങ്ങൾ ഞങ്ങളെ ആരെയും കാണിക്കാതെ അവൾ ഒളിച്ചിരുന്നു വായിക്കുവാൻതുടങ്ങി. അതെന്താണെന്നറിയണമെന്നു് അമ്മച്ചിക്കൊരു ജിജ്ഞാസ. ഒരു ദിവസം അവളുടെ പുസ്തകക്കെട്ടിൽനിന്നും ഒരു പുസ്തകം അമ്മച്ചി വലിച്ചെടുത്തു നോക്കി. അനന്തരം വേറൊന്നെടുത്തു. അമ്മച്ചിയുടെ ഞരമ്പുകളിൽക്കൂടി ഒരു ഇടിമിന്നൽ പാഞ്ഞു.

"ഈ പുസ്തകങ്ങൾ നിനക്കെവിടെനിന്നും കിട്ടി, മകളെ?" ചോദിച്ചു അമ്മച്ചി.

"എന്റെ കൂട്ടുകാരി സരള തന്നതാ. ആരെയും കാണിക്കാതെ വായിച്ചോളണമെന്നും പറഞ്ഞു."

"കൊള്ളാം, സരളയാണു നിന്റെ കൂട്ടുകാരി അല്ലേ? ആ കമ്മ്യൂണിസ്റ്റുകാരന്റെ മകൾ? എന്തുപറഞ്ഞാണു് അവൾ പുസ്തകം തന്നതു്?"

"ഒരു സമ്മാനമാണെന്നും പറഞ്ഞാ തന്നതു്."

"എന്റെ കുഞ്ഞേ, സമ്മാനം കിട്ടുന്ന പുസ്തകം നീ ആദ്യം എന്നെ ഏല്പിക്കണം. വായിക്കാൻ കൊള്ളാവുന്നതാണോ എന്നു ഞാൻ പരിശോധിക്കട്ടെ."

"പുസ്തകം നല്ലതും ചീത്തയുമുണ്ടോ? അടിച്ചുകാണുന്നതെല്ലാം നല്ലതാണെന്നാ എന്റെ വിചാരം."

"അങ്ങനാണോ നീ എന്തിനാ ഈ പുസ്തകങ്ങളൊളിച്ചുവച്ചിരുന്നതു്?"

"ആരേം കാണിക്കാതെ വായിക്കണമെന്നു സരള പറഞ്ഞിട്ടു്."

"കൊള്ളാം. അപ്പോൾ സരളയാണു നിന്റെ കാവൽക്കാരി. ഈ കെട്ട പുസ്തകങ്ങളൊന്നും നീ വായിക്കരുതു്. നിന്റെ ആത്മനാശംപോലും ഉണ്ടാകും."

"ഇതിന്റെ ഭാഷ വളരെ നല്ലതാണെന്നു് അവളു പറഞ്ഞു എനിക്കും തോന്നുന്നുണ്ടു."

"പഞ്ചസാരയിൽ പൊതിഞ്ഞു വിഷം തന്നാൽ നീ അറിഞ്ഞുകൊണ്ടതു വാങ്ങി വിഴുങ്ങുമോ?"

"അതില്ല."

"എന്നാൽ ഭാഷ നന്നാക്കാൻവേണ്ടി എന്റെ കുഞ്ഞു് ഈ വൃത്തികേടൊന്നും വായിച്ചുകൂട്ടരുതു്. നിനക്കു് അപകടം കൂടാതെ വായിക്കത്തക്ക പുസ്തകങ്ങളും പത്രങ്ങളും മാസികകളും ഞാൻ വരുത്തിത്തരാം. ഈ ചീഞ്ഞുനാറുന്ന പുസ്തകം രണ്ടും നീതന്നെ അടുപ്പിൽകൊണ്ടിട്ടു ചുടു്."

അമ്മച്ചിയുടെ നിർദ്ദേശം അവൾ അപ്പടി അനുസരിച്ചു. ആ പുസ്തകങ്ങൾ കരിഞ്ഞു് വെള്ളപ്പുക പിരിഞ്ഞു പിരിഞ്ഞു മുകളിലേക്കു കയറി. സത്യദീപം, കുടുംബദീപം, വനിതാരാമം മുതലായ വാരികകളും മാസികകളും ഞങ്ങൾക്കു മുറയ്ക്കു കിട്ടിക്കൊണ്ടിരുന്നു. ദുഷിച്ച ഗ്രന്ഥങ്ങൾക്കു പകരം അമ്മച്ചി തിരഞ്ഞെടുത്തുകൊടുത്ത നല്ല ഗ്രന്ഥങ്ങളും മാസികകളും വത്സമ്മ ഇഷ്ടപ്പെടുവാൻ തുടങ്ങി. ഒളിച്ചിരുന്നു വായിക്കുന്ന സ്വഭാവമേ അവളെ വിട്ടുപിരിഞ്ഞു. അമ്മച്ചിയിൽനിന്നും ഒളിച്ചുവയ്ക്കേണ്ട രഹസ്യങ്ങളൊന്നും അവൾക്കില്ലാതായി. അമ്മച്ചിയുടെ നന്മഭാഷണങ്ങളുടേതാണു് പുസ്തകങ്ങളെക്കാൾ അവൾക്കു പ്രതിപത്തി ഇപ്പോൾ.

ഞാൻ വളർന്നു. കോളെജ് വിദ്യാഭ്യാസം ചെയ്യുവാൻ പാകമായി. ഞങ്ങളുടെ അടുത്തു് ആണുങ്ങൾക്കായി ഒരു കോളെജുണ്ടു്. അവിടെ പെൺകുട്ടികളെയും ചേർക്കുന്നുണ്ടു്. അവിടെ ഞാൻ പഠിക്കണമെന്നാണു് പപ്പാ അഭിപ്രായപ്പെട്ടതു്. എന്നാൽ പെണ്ണുങ്ങൾക്കായി മാത്രമുള്ള കോളെജിൽ എന്നെ അയക്കണമെന്നായിരുന്നു അമ്മച്ചിയുടെ നിർബന്ധം. അമ്മച്ചിയുടെ ശാഠ്യം പപ്പായ്ക്കു് അത്ര രസിച്ചില്ല. കത്തോലിക്കാമതത്തിന്റെ പേരിലുള്ള അനാവശ്യനിബന്ധനകൾക്കു് നാം വഴങ്ങേണ്ടതില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അമ്മച്ചി ഒരു സംസ്കൃതശ്ലോകം ചൊല്ലി കേൾപ്പിച്ചു.

"ഘൃതകുംഭസമാനാരി തപ്താംഗാരസമഃ പുമാൻ
തസ്മാൽ ഘൃതഞ്ച വഹ്നിഞ്ചൈനകത്ര സ്ഥാപയേൽബുധഃ"

അർത്ഥം: സ്ത്രീ നെയ്ക്കുടത്തോടും പുരുഷൻ എരിയുന്ന വിറകുകൊള്ളിയോടും സാമ്യതയുള്ളവർ ആയിരിക്കകൊണ്ടു് ബുദ്ധിമാൻ നെയ്യും തീയും ഒരു സ്ഥലത്തുതന്നെ വച്ചുകൊണ്ടിരിക്കരുതു്. കത്തോലിക്കാമതത്തെപ്പററി യാതൊരറിവും ഇല്ലാതിരുന്ന ഒരു സംസ്കൃതകവി രചിച്ചിട്ടുള്ള ഒരു ശ്ലോകമാണിതു്. അതിനാൽ കത്തോലിക്കാസഭയുടെ മേലല്ല മനുഷ്യപ്രകൃതിയുടെ മേലാണു് ആരോപണങ്ങൾ കെട്ടിവയ്ക്കേണ്ടതെന്നു ഉറപ്പിച്ചു അമ്മച്ചി. പപ്പാ പിന്നെ ഒററ അക്ഷരം മിണ്ടിയില്ല. ഞാൻ ബ. കന്യാസ്ത്രീകൾ നടത്തുന്ന കോളെജിൽ പഠനമാരംഭിക്കയുംചെയ്തു. പെൺകുട്ടികളുടെ പോക്കുവരവു കാണുവാൻ ലജ്ജാവിഹീനരായി വഴിയരുകിൽ വന്നടിഞ്ഞുകൂടുന്ന ചില വിടന്മാരെ കണ്ടപ്പോൾ ഞാൻ അമ്മച്ചിയുടെ വിവേകത്തെ വളരെ അഭിനന്ദിക്കയുണ്ടായി.

## ചോദ്യോത്തരപംക്തി

**ചോ:** വേദപുസ്തകത്തിനു വിപരീതമായ ഒരു ഉപദേശം ഏതെങ്കിലും വിധത്തിൽ ശരിയായിരിക്കുമോ?

**ഉ:** വേദപുസ്തകം "ദൈവവചന"മാകയാൽ അതു പ്രമാദരഹിതമാണെന്നു ഞങ്ങൾ നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. (6-ാം ലക്കത്തിലെ "ചോദ്യോത്തരപംക്തി" കാണുക). വേദപുസ്തകം പ്രമാദരഹിതമാകയാൽ അതിനു വിപരീതമായ ഉപദേശം—യഥാർത്ഥത്തിൽ അതു വേദപുസ്തകകർത്താവു പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന തത്വങ്ങൾക്കെതിരാണെങ്കിൽ — ശരിയായിരിക്കയില്ലെന്നുള്ളതു് അനുക്തസിദ്ധമാണു്.

**ചോ:** വേദപുസ്തകത്തെക്കാൾ പ്രമാണപ്പെടുത്താവുന്ന വേറെ എന്തെങ്കിലും തെളിവുകൾ ഉണ്ടോ?

**ഉ:** വേദപുസ്തകം പഠിപ്പിക്കുന്ന തത്വങ്ങൾക്കു് എതിരായി "പ്രമാണപ്പെടുത്താവുന്ന വേറെ തെളിവുകൾ" ഇല്ല. എന്നാൽ 7-ാം ലക്കത്തിലെ ചോദ്യോത്തരപംക്തിയിൽ സമർത്ഥിച്ചിരുന്നതുപോലെ, വേദപുസ്തകം വിശ്വാസത്തിന്റെ ഏകാധാരമല്ല; ആവിഷ്കൃതസത്യങ്ങളെല്ലാം അതിലില്ല. വിശ്വാസത്തിന്റെ മറെറാരാധാരം സഭയുടെ പാരമ്പര്യോപദേശമാണു്. ഈ രണ്ടാമതു പറഞ്ഞതാണു് ആവിഷ്കൃതസത്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള പ്രഥമമാർഗ്ഗ (Primary Source of Revelation)വും സുഗമമാർഗ്ഗവും. താഴെപറയുന്ന സംഗതികളിൽനിന്നും ഇതു വിശദമാകും.

ഒന്നാമതായി കാലപരിഗണനയിൽത്തന്നെ, പാരമ്പര്യോപദേശം വേദപുസ്തകത്തിനു മുമ്പുള്ളതാണു്. മൂശ പഞ്ചഗ്രന്ഥം രചിക്കുന്നതിനുമുമ്പു് ദൈവാവിഷ്കൃതസത്യങ്ങൾ പാരമ്പര്യോപദേശംവഴിമാത്രമാണു ഇസ്രായേൽജനം അറിഞ്ഞിരുന്നതു്. പുതിയനിയമഗ്രന്ഥങ്ങൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുശേഷം അനേകംകൊല്ലം കഴിഞ്ഞുമാത്രമാണു വിരചിക്കപ്പെട്ടതു്. (7-ാം ലക്കത്തിലെ "ചോദ്യോത്തരപംക്തി" നോക്കുക).

രണ്ടാമതായി, വേദപുസ്തകം നമുക്കു കരഗതമായിരിക്കുന്നതുതന്നെ പാരമ്പര്യദ്വാരായാണു്. സഭയുടെ പാരമ്പര്യോപദേശത്തിന്റെ വെളിച്ചത്തിലാണു്, വേദപുസ്തകത്തിന്റെ വിശ്വാസയോഗ്യത, പ്രമാദരാഹിത്യം, അവൈകല്യം (Integrity) ആദിയായവ നാം ശരിയായി ഗ്രഹിക്കുന്നതു്. ഇവ സംബന്ധിച്ചു ചില തെളിവുകൾ വേദപുസ്തകത്തിൽതന്നെയുണ്ടെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ, സാക്ഷാൽ ദൈവനിവേശിതങ്ങളായ (കാനോനികങ്ങളായ) ഗ്രന്ഥങ്ങൾ ഏവ, വേദപുസ്തകം മാററമൊന്നുംകൂടാതെ നമുക്കു ലഭിച്ചിട്ടുണ്ടോ, വേദപുസ്തകവാക്യങ്ങളുടെ ശരിയായ അർത്ഥം എന്താണു് എന്നിത്യാദി കാര്യങ്ങൾ ഗ്രഹിക്കുന്നതിനു സഭാപാരമ്പര്യത്തിന്റെ സഹായം അനുപേക്ഷണീയമാണു്. വേദപുസ്തകത്തിലെ വാക്യങ്ങളുടെ വ്യാഖ്യാനം സംബന്ധിച്ചു് അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ, പരമ്പരാഗതമായി ലഭിച്ചിരിക്കുന്ന വിശ്വാസം പരിശോധിക്കേണ്ട ആവശ്യം നേരിടുന്നു. വേദപുസ്തകവാക്യങ്ങൾ യഥേഷ്ടം വ്യാഖ്യാനിച്ചു തുടങ്ങിയതിന്റെ ഫലമായിട്ടാണല്ലോ അനേകം പ്രോട്ടസ്റ്റൻറ് സഭാവിഭാഗങ്ങൾ ഭൂമുഖത്തു ആവിർഭവിക്കാൻ ഇടയായതു്. ബൈബിൾ ഏവർക്കും സമ്പ്രാപ്യമോ സുഗ്രാഹ്യമോ ആയ ഒരു ഗ്രന്ഥമല്ലെന്നും നേരത്തെ (ലക്കം 7) തെളിയിച്ചിട്ടുണ്ടു്.

മൂന്നാമതായി, ബൈബിളിൽ എല്ലാ വിശ്വാസസത്യങ്ങളും ഇല്ല. അതുകൊണ്ടാണു് വാചാപ്രസംഗംവഴി അറിയാൻ ഇടവന്ന കാര്യങ്ങൾകൂടി ഓർമ്മയിൽവച്ചുകൊണ്ടിരിപ്പാൻ വി. പൗലോസു് ക്രിസ്ത്യാനികളെ ഉപദേശിക്കുന്നതു് (7-ാം ലക്കം ചോദ്യോത്തരപംക്തി). പാരമ്പര്യോപദേശത്തിൽ, വേദപുസ്തകത്തിലുള്ള കാര്യങ്ങൾകൂടി ഉൾപ്പെടുന്നുണ്ടെന്നും ധരിച്ചിരിക്കണം. പഠിപ്പിക്കുന്നതിനും ഭരിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും അധികാരമുള്ള ഒരു സഭയെ ക്രിസ്തു സ്ഥാപിച്ചുവെന്ന അനിഷേധ്യമായ വാസ്തവം അംഗീകരിക്കുന്നവർക്കു മേൽപ്പറഞ്ഞ സംഗതികൾ സുഗ്രാഹ്യമാണു്.

**ചോ:** വേദപുസ്തകം അന്യോന്യവിരുദ്ധമായ ഉപദേശം വല്ലപ്പോഴും നമുക്കു തരുന്നുണ്ടോ?

**ഉ:** സനാതനതത്വങ്ങളെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ അന്യോന്യവിരുദ്ധമായ ഉപദേശം വേദപുസ്തകം നമുക്കു തരുന്നില്ല. കർമ്മാനുഷ്ഠാനവിധികളെ സംബന്ധിച്ചിടത്തോളം, പുതിയനിയമം പഴയനിയമത്തെക്കാൾ ശ്രേഷ്ഠമാകയാൽ, ചില വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഉദാഹരണമായി, പഴയ നിയമത്തിൽ ആടുകളേയും മാടുകളേയും മററും ബലി അർപ്പിച്ചുവന്നു. എന്നാൽ പുതിയ നിയമത്തിൽ പരിശുദ്ധ കുർബാന എന്ന ശ്രേഷ്ഠബലി സ്ഥാപിതമായതിനാൽ ആടുമാടുകളെക്കൊണ്ടുള്ള ബലിക്കു സ്ഥാനമില്ലാതായി. കൂടാതെയും, പഴയനിയമത്തെ അപേക്ഷിച്ചു കൂടുതൽ ഉൽകൃഷ്ടങ്ങളായ ആദർശങ്ങളാണു പുതിയനിയമത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതെന്നും സ്മരണീയമാണു്. (ഉദാഹരണത്തിനു് "മലയിലെ പ്രസംഗം" നോക്കുക.)

**ചോ:** ക്രിസ്ത്യാനിയുടെ ഏററവും വലിയ പ്രമാണഗ്രന്ഥമായ വേദപുസ്തകം (പുതിയനിയമമെങ്കിലും) കഴിവുള്ള എല്ലാ ക്രൈസ്തവനും വായിച്ചു ഹൃദിസ്ഥമാക്കിയിരിക്കേണ്ടതും സഭ അതിനു പരമാവധി പ്രോത്സാഹനവും പിൻതുണയും നൽകേണ്ടതുമല്ലേ?

**ഉ:** ദൈവനിവേശിതഗ്രന്ഥമെന്ന നിലയിൽ വേദപുസ്തകം ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യമർഹിക്കുന്ന ഗ്രന്ഥമാണു്. അതു (പുതിയനിയമമെങ്കിലും) കഴിവുള്ള എല്ലാ ക്രൈസ്തവനും വായിച്ചു ഹൃദിസ്ഥമാക്കിയിരിക്കുക എന്നതു അഭിലഷണീയവുമാണു്. എന്നുവരികിലും രക്ഷ പ്രാപിക്കുന്നതിനു് അതു അവശ്യാവശ്യകമാണെന്നു പറയുവാൻ നിവൃത്തിയില്ല. കാരണം, രക്ഷാകരസത്യങ്ങൾ ഗ്രഹിക്കുന്നതിനു വേറേയും മാർഗ്ഗങ്ങളുണ്ടു്. എന്നാൽ വേദപുസ്തകപാരായണം ഏററവും പ്രയോജനപ്രദമാണു്. ആകയാൽ സഭ അതിനു വേണ്ട പ്രോത്സാഹനമെല്ലാം നല്കുന്നുമുണ്ടു്. പീയൂസ് 6-ാമൻ, പീയൂസ് 7-ാമൻ, ലെയോ 13-ാമൻ, ബെനഡിക്ററ് 15-ാമൻ ആദിയായവർ വേദപുസ്തകം വായിക്കാൻ വിശ്വാസികളെ പ്രോത്സാഹിപ്പിച്ചുകൊണ്ടു് വിശേഷലേഖനങ്ങളുംമററുതിരുവെഴുത്തുകളും പ്രസിദ്ധീകരിച്ചിട്ടുണ്ടു്, വിസ്തരഭയത്താൽ അവ ഇവിടെ ഉദ്ധരിക്കുന്നില്ല. ഈ സംഗതികൾ സത്യദീപം മുൻലക്കങ്ങളിൽ ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണു് ("വേദപുസ്തകം വായിച്ചുകൂടെന്നോ?" സ. ദീ. പു. 22, ലക്കം 18, പേജ് 1. "ബൈബിൾ വായിക്കാമോ?" സ. ദീ. പു. 21, ലക്കം 39, പേജ് 6)

വേദപുസ്തകം വിശ്വാസത്തിന്റെ ഏകാധാരമല്ലെന്നു ഞങ്ങൾ സ്ഥാപിച്ചതുകൊണ്ടു് വേദപുസ്തകപാരായണം നിഷ്പ്രയോജനമാണെന്നോ, സഭയാൽ പ്രോത്സാഹിപ്പിക്കപ്പെടാത്തതാണെന്നോ തെററിധരിക്കേണ്ട ആവശ്യമില്ല.

എറണാകുളം വടക്കേപ്പള്ളി വി. മുറെ പുണ്യവാന്റെ സഹായത്താൽ ഒരു പ്രത്യേക കാര്യം സാധിച്ചതിനു് കൃതജ്ഞത. ഇ. ജി. ടി.

## സംഭവകഥകൾ

### ദൈവപരിപാലന

റഷ്യൻ വിപ്ലവകാലത്തു മോസ്ക്കോ സർവ്വകലാശാലയിൽ "ക്രിസ്റ്റലോഗ്രഫി" എന്ന പ്രകൃതിവിജ്ഞാനീയം പഠിപ്പിച്ചിരുന്ന ഒരു പ്രഫസർ ഉണ്ടായിരുന്നു. ആർട്ടെമിയെഫ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ. വിപ്ലവഘട്ടത്തിൽ അദ്ദേഹത്തിന്റെ സമ്പാദ്യം മുഴുവൻ നഷ്ടപ്പെട്ടു; അവസാനം അദ്ദേഹം റഷ്യയിൽനിന്നും ഓടിരക്ഷപെടുവാൻ നിർബന്ധനാകയും ചെയ്തു.

ലോകദൃഷ്ട്യാ ആ മനുഷ്യന്റെ സ്ഥിതി എത്ര കഷ്ടം! സമ്പാദ്യവും പോയി, ഉദ്യോഗവും പോയി; നാടും വീടും ഉപേക്ഷിച്ചു വിദേശങ്ങളിൽ പോയി വസിക്കേണ്ടി വരികയും ചെയ്തു.

ഈ സംഭവം നടന്നതു 1917-ലായിരുന്നു. അതു കഴിഞ്ഞു 12 കൊല്ലത്തിനുശേഷം വിയന്നായിൽവച്ചു് മദ്ധ്യവയസ്കനായ ഒരാൾ പുരോഹിതപട്ടം സ്വീകരിക്കുന്നതിനായി മുട്ടുകുത്തുകയുണ്ടായി. അതു മോസ്ക്കോയിലെ സുപ്രസിദ്ധ പ്രഫസറായിരുന്ന ആർട്ടെമിയെഫ് ആയിരുന്നു. അദ്ദേഹം റഷ്യയിൽനിന്നും രക്ഷപെട്ടശേഷം ആദ്യം ബർലിനിലേക്കും അനന്തരം വിയന്നായിലേക്കും പോയി. വിയന്നായിൽവച്ചാണു് അദ്ദേഹം കത്തോലിക്കാമതവുമായി പരിചയപ്പെടുന്നതിനു സംഗതിവന്നതു്. 1924-ൽ അദ്ദേഹം സഭാപ്രവേശം ചെയ്തു. 5 കൊല്ലം കഴിഞ്ഞു് 1929-ൽ, ആർട്ടെമിയെഫ് ഒരു പുരോഹിതനായിത്തീരുകയും ചെയ്തു.

ബഹുമാന്യമായ പ്രഫസരുദ്യോഗവും വഹിച്ചു് ആർട്ടെമിയെഫ് റഷ്യയിൽത്തന്നെ വസിച്ചിരുന്നെങ്കിൽ ഈ സംഭവവികാസങ്ങൾക്കു് ഒരിക്കലും ഇടവരികയില്ലായിരുന്നു. ദൈവത്തിന്റെ പദ്ധതികൾ എത്ര വിസ്മയാവഹങ്ങൾ! "എന്റെ ചിന്താഗതികൾ നിങ്ങളുടെ ചിന്താഗതികളല്ല" എന്നാണു് അവിടുന്നു അരുളിച്ചെയ്തിരിക്കുന്നതു്.

### നിങ്ങൾക്കു് എന്റെ പ്രാർത്ഥന ആവശ്യമില്ല

അസ്സീസിയിലെ വി. ഫ്രാൻസിസ്സ് പുണ്യവാന്റെ സഹചാരിയായിരുന്ന ഗൈൽസ് എന്ന സഹോദരനെ ഒരിക്കൽ രണ്ടു മാന്യന്മാർ സന്ദർശിക്കുകയുണ്ടായി. കുറെ സംഭാഷിച്ചശേഷം സന്ദർശകർ ബ്രദർ ഗൈൽസിനോടു പറഞ്ഞു: "ബ്രദർ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം, കേട്ടോ."

"നിങ്ങൾക്കു് എന്റെ പ്രാർത്ഥനകൊണ്ടു യാതൊരു ആവശ്യവുമില്ല" എന്നായിരുന്നു ബ്രദർ ഗൈൽസ് നല്കിയ മറുപടി.

"അതെന്ത്യേ?"—അവർ ചോദിച്ചു.

"അതിനു കാരണമുണ്ടു്." ബ്രദർ പ്രതിവചിച്ചു "നിങ്ങൾ സുഖസൗകര്യങ്ങളുടെ മദ്ധ്യേ ജീവിക്കുന്നു. എന്നിട്ടും സ്വർഗ്ഗത്തിൽ പോകുമെന്നു് നിങ്ങൾ ഉറപ്പു വിചാരിക്കുന്നു. രക്ഷയുടെ കാര്യത്തിൽ നിങ്ങൾക്കു യാതൊരാശങ്കയുമില്ല. ഞാനാകട്ടെ ഇവിടെ കഷ്ടപ്പെട്ടും തപസ്സനുഷ്ഠിച്ചും ജീവിക്കുന്നു. എന്നിട്ടും, നിത്യനാശത്തിൽ പെടുമോ എന്ന ഭയം എനിക്കുണ്ടു്. ആകയാൽ, സ്വർഗ്ഗം പ്രാപിക്കുമെന്നു് ഉറപ്പുള്ളവരായ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയാണു ചെയ്യേണ്ടതു്. അതാണു കൂടുതൽ ആവശ്യം."

ഈ മറുപടിയുടെ അന്തരാർത്ഥം ഗ്രഹിക്കുന്നതിനു് അവർക്കു പ്രയാസമുണ്ടായില്ല.

ചെറുകഥ

# ആശുപത്രി

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

കോരു വേദനകൊണ്ടു പുളയുകയാണു്. ആശ്വാസത്തിന്റെ ഒരു നുറുങ്ങിനായി ആ രോഗി എല്ലായിടത്തേക്കും കണ്ണോടിച്ചു. സഹാനുഭൂതിയുടെ ഒരു കണികയ്ക്കായി അയാളുടെ ഹൃദയം ദാഹപാരവശ്യം പൂണ്ടു.

എല്ലായിടത്തും ഉൽകണ്ഠ, എല്ലായിടത്തും നിസ്സഹായത, എല്ലായിടത്തും നിറഞ്ഞുനില്ക്കുന്ന വേദന. ഞരക്കങ്ങളും മൂളലുകളും അടക്കിയനിലവിളികളുംമാത്രം.

ഒരു പകൽകൊള്ളക്കാരനെപ്പോലെ, മരണം അവിടെയൊക്കെ കയറിയിറങ്ങി നടക്കയാണു്. കട്ടിലുകളിൽ കിടക്കുന്നവരെ, ആരുമാരുമറിയാതെ, മരണം തട്ടിക്കൊണ്ടുപോകാതിരിക്കാനാണെന്നു തോന്നുന്നു, രോഗികളുടെ ഉററവരിൽ ചിലർ കട്ടിലുകൾക്കരികേ കാത്തിരിപ്പുണ്ടു്. മരണത്തിന്റെ എഴുന്നെള്ളത്തിനെ വിളിച്ചറിയിക്കുന്ന, മരുന്നുകളുടെ, മനം പുരട്ടുന്ന ദുർഗന്ധം, അവിടെ മുററിനില്ക്കയാണു്.

ഇടയ്ക്കിടയ്ക്കു് ഡോക്ടർമാരുടെയും നേഴ്സുകളുടെയും ചെരിപ്പുകളുടെ, "ടക്, ടക്" ശബ്ദം—അകലെ നിന്നണഞ്ഞു നടന്നുവരുന്ന മരണത്തിന്റെ കാലൊച്ചപോലെ!

രോഗികൾ അന്യോന്യം പല്ലിളിച്ചുകാട്ടുകയാണു്. ഒരു രോഗി നിലവിളിക്കാതെ കിടക്കുന്നതു് മറെറാരു രോഗിക്കു സഹിച്ചുകൂടാ. ഒരു രോഗി കട്ടിൽ വിട്ടെഴുന്നേററു പോകുമ്പോൾ, കട്ടിലുകളിൽ കിടക്കുന്നവൎക്കു് അയാളോടെന്തസൂയയാണു്! കുറേപ്പേർ ചത്തൊഴിഞ്ഞിട്ടു് അകത്തു പ്രവേശനം കിട്ടുവാൻ അക്ഷമരായി വരാന്തകളിൽ കാത്തുകെട്ടിക്കിടക്കുന്നവരുമുണ്ടവിടെ.

ഈ ഡോക്ടർമാരുടെയും നേഴ്സുകളുടെയും ഹൃദയങ്ങൾ റബ്ബർകൊണ്ടുണ്ടാക്കിവച്ചിരിക്കയാണോ? അല്ലെങ്കിൽ, ഈ പൊള്ളുന്ന വേദനയുടെ ഉള്ളിൽനിന്നുകൊണ്ടും, കുടുകുടെച്ചിരിക്കുവാൻ ഇവൎക്കെങ്ങനെ സാധിക്കുന്നു?

കോരു ആ കട്ടിലിൽ കിടന്നുകൊണ്ടു് ആശുപത്രിയിലെ മനുഷ്യത്വത്തിനു ചേരാത്ത വൃത്തികേടുകൾ നോക്കിക്കാണുകയാണു്.

"അമ്മോ, തൊണ്ടയുണങ്ങുന്നു, ഇററുവെള്ളം തരണേ" ഒരു ജൂനിയർ ഡോക്ടറുമായി എന്തോ സംസാരിച്ചുകൊണ്ടു കടന്നുപോയ നേഴ്സിനോടു കോരു യാചിച്ചു.

"നിങ്ങൾ ഒരു പെസ്റ്റാണു്. എപ്പോഴും എന്തെങ്കിലും ചോദിച്ചു ശല്യപ്പെടുത്തിക്കൊണ്ടേ കിടന്നുകൂടൂ. ഇങ്ങനെയൊരു സൊല്ലയുണ്ടോ! രോഗികൾക്കും കുറെയൊക്കെ ഔചിത്യം വേണം. ഞങ്ങളും മനുഷ്യരാണു്. എടോ, ഈ ഹോസ്പിററൽകാര്യങ്ങൾക്കു് ഒരു ചിട്ടയും മുറയുമൊക്കെയുണ്ടു്. എനിക്കിപ്പോൾ ലെഷറാണു്." നടന്നകന്ന ഡോക്ടറുടെ ഒപ്പമെത്തുവാൻ അവർ തിടുക്കത്തിൽ മുമ്പോട്ടു നടന്നു.

അല്പം കഴിഞ്ഞു്, ഒരു ലേഡിഡോക്ടർ അതിലേ കടന്നുപോയി. അവരോടും കോരു ആ അഭ്യൎത്ഥനതന്നെ ആവൎത്തിച്ചു.

"നിങ്ങൾക്കു സ്വന്തക്കാരാരുമില്ലേ?" ഡോക്ടർ ദയാപൂൎവ്വം ചോദിച്ചു

"ഇല്ല. ഞാൻ മാത്രമേയുള്ളു."

"ഓ! സോറി. പക്ഷേ ഞാൻ മറേറർണിററിവാർഡിലാണു്. ഈ വാർഡിലെ ഡ്യൂട്ടിനേഴ്സിനെ ഏല്പാടുചെയ്യാം." ചീഫ് സർജനോടു് എന്തോ നിർദ്ദേശം വാങ്ങുവാനായി അവർ അദ്ദേഹത്തിന്റെ മുറിയിലേക്കു നടന്നുകഴിഞ്ഞു!

II

ആ നേഴ്സ് പറഞ്ഞതിലെന്തു ശരിയാണു്. ആശുപത്രിയിലെ "ചിട്ടയും മുറയു"മൊന്നും കോരുവിനറിഞ്ഞുകൂടാ. അയാൾ ധൎമ്മാശുപത്രിയിലേക്കു് വെറുംകൈയോടെ, കേറിച്ചെന്നിരിക്കുന്നു!! നല്ല മരുന്നും നല്ല ശുശ്രൂഷയും അയാൾക്കു വേണംതാനും!!! അടുത്ത കട്ടിലിൽ കിടന്ന രോഗി, ഒന്നു രണ്ടു തവണ ആ നേഴ്സിന്റെ കൈയിൽ കിലുങ്ങുന്ന എന്തോ വച്ചുകൊടുക്കുന്നതു് അയാളും കണ്ടതല്ലേ? "ഒന്നാമനു് ഇരുപത്തഞ്ചു്, രണ്ടാമനു പതിനഞ്ചു്" എന്നു്, ആയിടെ കൊണ്ടുവന്ന ഒരു രോഗിയുടെ സ്വന്തക്കാർ രഹസ്യം പറഞ്ഞതു് അയാൾ കേട്ടതാണല്ലോ. എന്നിട്ടും അയാൾ അതൊന്നും അറിഞ്ഞഭാവമേയില്ല.

കോരു ഒരു അപരാധംകൂടി പ്രവൎത്തിച്ചു. അയാളെ വേണ്ടപോലെ നോക്കാത്തതിനു് ഡ്യൂട്ടിനേഴ്സിനോടു് അയാൾ പരിഭവം പറഞ്ഞു. അതു മാത്രമോ! "രണ്ടാമനോടു്" നേഴ്സിനെപ്പററി പരാതിപറയുകകൂടിച്ചെയ്തു!! തീർന്നില്ലേ കഥ? അതിൽപ്പരമൊരു സാഹസമെന്താണുള്ളതു്!!!

അന്നുമുതലാണു് അയാൾ ഇത്രമാത്രം അവഗണിക്കപ്പെടാനിടയായതു്.

കോരു, അയാളുടെ അവിവേകത്തെക്കുറിച്ചു പശ്ചാത്തപിച്ചു. ആശുപത്രിയിൽ വീണടിഞ്ഞുകിടക്കുന്ന ഒരു രോഗി, അയാളുടെ ആയുസ്സിന്റെ ചരടുപിടിച്ചിരിക്കുന്നവരെപ്പററി പരാതിപ്പെടുന്നതിലുള്ള ബുദ്ധിശൂന്യത കോരുവിനു നല്ലവണ്ണം മനസ്സിലായി.

III

ശാന്തിയുടെ വെൺകതിരുകൾപോലെ, അവർ ആശുപത്രിയിലേക്കു നടന്നു കയറി.

"സിസ്റ്റേഴ്സ് വരുന്നു!!"

ആശ്വാസത്തിന്റെ മന്ദ്രധ്വാനം പോലെ, ആ വിളിച്ചറിയിക്കൽ എല്ലാ വാർഡിലും പ്രതിധ്വനിച്ചു. ദീനാനുകമ്പയുടെ ഒരു ശീകരസമീരൻ അവിടെയെങ്ങും വീശി. മനുഷ്യസ്നേഹത്തിന്റെ രജതകിരണങ്ങൾ, ഹൃദയശൂന്യതയുടെ കൂരിരുട്ടിനെ ഭേദിച്ചുകൊണ്ടു് അവിടെ സഞ്ചരിച്ചു. ആതുരസേവനത്തിന്റെ മാധുര്യമേലുന്ന സൗരഭ്യം മാംസഗന്ധിയായ ആ അന്തരീക്ഷത്തെ പവിത്രീകരിച്ചു.

വേദനയുടെ ഭാണ്ഡങ്ങൾ ഇറക്കിവച്ചു്, രോഗികൾ ആശ്വാസത്തിന്റെ അങ്കതലത്തിൽ വിശ്രമിക്കുന്നതുപോലെ കാണപ്പെട്ടു. അവരുടെ നയനങ്ങളോടൊപ്പം ഹൃദയങ്ങളും വികസിച്ചു. യാതനയുടെ ആ പാറാവു് മറെറന്തോ ആയി മാറിയതുപോലെ അവൎക്കു തോന്നി.

അമൎത്ത്യതയുടെ ദിവ്യസന്ദേശം വഹിക്കുന്ന കുഭ്രകപോതങ്ങളെപ്പോലെ, ആ സന്യാസിനികൾ അവിടെയൊക്കെ പറന്നുനടക്കുകയാണു്. രോഗികൾ എത്ര ആദരപൂൎവ്വമാണു് അവരുടെ കരങ്ങൾ ചുംബിക്കുന്നതു്! എത്ര ആവേശത്തോടെയാണു് അവരുടെ ആഗമനം പ്രതീക്ഷിക്കുന്നതു്!!

ആ ആശുപത്രിയിൽ തീരെ വറുതിയുള്ള ഒരു മരുന്നാണു് അവർ രോഗികൾക്കു വാനിറയെ പകൎന്നുകൊടുക്കുന്നതു്—കനിവിന്റെ ഈടാൎന്ന തേൻതുള്ളികൾ.

ചലിക്കുന്ന ജീവകാരുണ്യംപോലെ, ഒരു കന്യാസ്ത്രീ കോരുവിന്റെ സമീപത്തേക്കും വന്നു.

അവ്യാജമധുരമായ ആ മന്ദഹാസം! ......ഹാ!! അയാളുടെ വേദനമുഴുവൻ എങ്ങോ പറന്നുപോയി.

മുലപ്പാലിൽ മുക്കിയ പഞ്ഞിപോലുള്ള കൈത്തലംകൊണ്ടു്, സാന്ദ്രശീതളമായ ആ തലോടൽ.........ജീവനെത്തന്നെപ്പോലും പുളകംകൊള്ളിക്കുന്ന അതിന്റെ മാധുര്യം അനുഭവിച്ചവൎക്കേ അറിഞ്ഞുകൂടൂ. കാതും കരളും നിറയെ പീയൂഷം പകരുന്ന നിൎവൃതിപൂരകമായ ആ ദിവ്യവാണി....... ഹാ! ഇവർ മനുഷ്യരോ!!......മാലാഖമാരുടെ നാട്ടുകാരോ!!!

അവർ ആരാണെന്നോ?

സ്നേഹത്തിന്റെ കനകനൂലിൽ, ത്യാഗത്തിന്റെ രക്തപുഷ്പങ്ങളും സേവനത്തിന്റെ വെള്ളപ്പൂക്കളുംകൊണ്ടു മാല കോൎത്തു്, പ്രേമപ്പൂരംപൊരുളായ ക്രിസ്തുനാഥന്റെ സ്നേഹോജ്ജ്വലമായ തിരുമാറിടത്തിലണിയിച്ചു്, ആ ഹൃദയാധിനാഥന്റെ പ്രതിരൂപം, അഗതികളിലും ആതുരരിലും, പതിതരിലും പരാധീനരിലും ദർശിച്ചു്, അവരെ ആത്മനിർവിശേഷം സ്നേഹിച്ചുപചരിക്കുന്ന, ക്രിസ്തുവിന്റെ പ്രേമഭാജനങ്ങളാണവർ. നിത്യപുരോഹിതനായ ക്രിസ്തുവിന്റെ മാംസകവചം ധരിച്ച മണവാട്ടിമാരാണവർ.

ആ ആശുപത്രിയിൽ അവർ എന്നും വരും; അവിടെയെങ്ങും അടിഞ്ഞുവീണു കിടക്കുന്ന വേദനയുടെ കൂൎത്തമുള്ളുകൾ വാരിക്കളഞ്ഞു്, അലിവിന്റെ നറുമലരുകൾ വിതറുവാൻ. അവിടത്തെ മാലിന്യങ്ങൾ തുടച്ചുമാററി, ദീനാനുകമ്പയുടെ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേൎക്കുവാൻ; അങ്ങനെ, ആ രോഗാതുരരോടൊപ്പം കരയുന്ന അവരുടെ ആത്മനാഥനെ ആശ്വസിപ്പിക്കാൻ. (തുടരും)

# The Feast of the Kingship of Christ

We would now, Venerable Brethren, in closing this letter, briefly enumerate the blessings which We hope and pray may accrue to the Church, to society, and to each one of the faithful, as a result of the public veneration of the Kingship of Christ.

When we pay honour to the princely dignity of Christ, men will doubtless be reminded that the Church, founded by Christ as a perfect society, has a natural and inalienable right to perfect freedom and immunity from the power of the State; and that in fulfilling the task committed to her by God of teaching, ruling and guiding to eternal bliss those who belong to the kingdom of Christ, she cannot be subject to any external power. The State is bound to extend similar freedom to the orders and communities of religious of either sex, who give most valuable help to the Bishops of the Church by labouring for the extension and the establishment of the kingdom of Christ. By their sacred vows they fight against the threefold concupiscence of the world; by making profession of a more perfect life they render the holiness which her divine Founder willed should be a mark and characteristic of His Church more striking and more conspicuous in the eyes of all.

The faithful, moreover, by meditating upon these truths, will gain much strength and courage, enabling them to form their lives after the true Christian ideal. If to Christ our Lord is given all power in heaven and on earth; if all men, purchased by His precious blood, are by a new right subjected to His dominion; if this power embraces all men, it must be clear that not one of our faculties is exempt from His empire. He must reign in our minds, which should assent with perfect submission and firm belief to revealed truths and to the doctrines of Christ. He must reign in our wills, which should obey the laws and precepts of God. He must reign in our hearts, which should spurn natural desires and love God above all things, and cleave to Him alone. He must reign in our bodies and in our members, which should serve as instruments for the interior sanctification of our souls, or, to use the words of the Apostle Paul, *as instruments of justice unto God*. If all these truths are presented to the faithful for their consideration, they will prove a powerful incentive to perfection. It is our fervent desire, Venerable Brethren, that those who are without the fold may seek after and accept the sweet yoke of Christ, and that we, who by the mercy of God are of the household of the faith, may bear that yoke, not as a burden but with joy, with love, with devotion; that having lived our lives in accordance with the laws of God's kingdom, we may receive full measure of good fruit, and, counted by Christ good and faithful servants, we may be rendered partakers of eternal bliss and glory with Him in His heavenly kingdom."...(Pius XI)

*(From the Pope's Encyclical instituting the Feast of the Kingship of Christ.)*

## വിനോദവീഥി

സൂൎയ്യനോ ചന്ദ്രനോ കൂടുതൽ ഉപകാരം ചെയ്യുന്നതു് എന്നതിനെപ്പററി തോമസും ജോണുംകൂടി തൎക്കിക്കയായിരുന്നു. ചന്ദ്രനാണു കൂടുതൽ ഉപകാരം ചെയ്യുന്നതെന്നു തോമസു് വാദിച്ചു. അതിനു് അവൻ കൊണ്ടുവന്ന ന്യായം ഇതാണു്: "ചന്ദ്രൻ രാത്രിയിൽ, എല്ലാവൎക്കും വെളിച്ചം ആവശ്യമായിരിക്കുമ്പോൾ, പ്രകാശിക്കുന്നു. സൂൎയ്യനാകട്ടെ, പകൽ നേരത്തു്, വേണ്ട വെളിച്ചമുള്ളപ്പോൾ പ്രകാശിക്കുന്നു."

* * *

60-ാം നമ്പർ ജയിൽപ്പുള്ളി: തന്നെ എത്രകൊല്ലത്തേക്കാണു വിധിച്ചിരിക്കുന്നതു്?

75-ാം നമ്പർ: 20 കൊല്ലത്തേക്കു്.

60-ാം നമ്പർ: എന്നാൽ താനി വാതില്ക്കൽ കിടന്നോ. എന്നെ 25 കൊല്ലത്തേക്കാണു വിധിച്ചിരിക്കുന്നതു്. താനാണല്ലോ ആദ്യം പോകേണ്ടതു്.

* * *

തൊമ്മൻ: താൻ പഠനം കഴിഞ്ഞശേഷം എന്തു ജോലിയിൽ പ്രവേശിക്കാനാണുദ്ദേശിക്കുന്നതു്?

ചാണ്ടി: പേപ്പർ ബോയി ആകാമെന്നു വിചാരിക്കുന്നു.

തൊമ്മൻ: ഈ സ്ഥിതിക്കു പഠനം കഴിയുമ്പോഴേക്കും ആ പ്രായമെല്ലാം കഴിഞ്ഞിരിക്കുമല്ലോ!

* * *

ഗൃഹനായിക: ഈ തീപ്പെട്ടി കത്തുമോടി?

വേലക്കാരി: എല്ലാം കോലും കത്തും.

ഗൃഹനായിക: നീയതെങ്ങനെ അറിഞ്ഞു?

വേലക്കാരി: ഞാൻ എല്ലാം കോലും ഉരച്ചുനോക്കി.

# ക്രിസ്തുരാജൻ

(ഹിന്ദി "ഖിഡ്കി"യിലെ "ജയബോലോ മഹാത്മാഗാന്ധികി" എ. മ)

ഈലോകനൃപവരൻ ചേലോലും പദവിപോയ്
മാലാലങ്ങുഴറി മാഴ്കുമ്പോൾ-ഹാ-മാഴ്കുമ്പോൾ
ജയ! ക്രിസ്തു മഹീപകുലമാണിക്യം!
ജയ! ക്രിസ്തു മഹീപകുലമാണിക്യം!
ജയ! ക്രിസ്തു മഹീപകുലമാണിക്യം!
ജയ! ക്രിസ്തു മനുജകുലസൗഭാഗ്യം!

ആദൎശമൂല്യം മതിക്കാത്ത ഭൂമിയിൽ
1 ആതപ്പ-നിദ്വൈവ-നിൎമ്മത സരണിയിൽ
ധരണിയിൽ കരുണയിൻ-
ആരമ്യകരനിര യേകിടാൻ
ജയ! ക്രിസ്തു മഹീപകുലമാണിക്യം!
ജയ! ക്രിസ്തു മനുജകുലസൗഭാഗ്യം!

2 ലോകത്തിന്നാലംബമാതാവും, ഹേതുവും
ആകുന്ന-സ്വൎഗ്ഗീയ-രാജാ! നിൻ കൊടികീഴ്-
അടക്കു പോയ്-മരിക്കുവാൻ
ഓജസ്സുമതിനരുളാശിസ്സും-
ജയ! ക്രിസ്തു മഹീപകുലമാണിക്യം!
ജയ! ക്രിസ്തു മനുജകുലസൗഭാഗ്യം!

3 കല്ലോലതുല്യം അലസ്സും അനീതിയാൽ
തെല്ലും സമാധാനമില്ലാതെ മാനുഷർ
വല്ലാതെ വാടിടും വേളയിൽ, ശമദനാം
അരചനായ്, വരേണമേ
എല്ലാൎക്കുമരുളണമാനന്ദം
ജയ! ക്രിസ്തു മഹീപകുലമാണിക്യം!
ജയ! ക്രിസ്തു മഹീപകുലമാണിക്യം!
ജയ! ക്രിസ്തു മഹീപകുലമാണിക്യം!
ജയ! ക്രിസ്തു മനുജകുലസൗഭാഗ്യം! (ഈലോക)

(വറുഗീസ് ജെ. മാളിയേക്കൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ

എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol 23 || ERNAKULAM, OCTOBER 26 1949 || No 11


# തൊഴിലാളിവിമോചനം ട്രെയ്ഡ് യൂണിയനുകൾവഴി

തൊഴിലാളികളെ കമ്മ്യൂണിസത്തിന്റേയും മാർക്സ്യൻ സോഷ്യലിസത്തിന്റേയും ഭൗതികമാത്രങ്ങളായ സിദ്ധാന്തങ്ങളിൽനിന്നു വിമോചിക്കേണ്ടതു് ഏററവും അടിയന്തിരമായ കാര്യമാണെന്നും, അതിലേക്കുവേണ്ടി നമ്മുടെ സകല കഴിവുകളേയും അവയുടെ പരമാവധിവരെ വിനിയോഗിക്കേണ്ടതാണെന്നും പരിശുദ്ധ പിതാവു ചെയ്ത ഉദ്ബോധനത്തെപ്പററി കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചിരുന്നല്ലോ. ഈ തൊഴിലാളിവിമോചനം സാധിക്കേണ്ടതെങ്ങനെയാണെന്നാണു് ഇനി ആലോചിക്കുവാനുള്ളതു്. അതിനുള്ള മാർഗ്ഗം ട്രെയ്ഡ്യൂണിയൻസ് എന്നു വിളിക്കപ്പെടുന്ന തൊഴിലാളി സംഘടനകളാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

### മാർപ്പാപ്പാ ട്രെയ്ഡ് യൂണിയനുകളെപ്പററി

13-ാം ലെയോ മാർപ്പാപ്പാ "റേരും നൊവാരും" വിശ്വലേഖനത്തിൽ ട്രെയ്ഡ്യൂണിയനുകളെപ്പററി സുവ്യക്തം പ്രസ്താവിക്കുന്നുണ്ടു്. തൊഴിലാളികളുടെ അവശതകൾക്കു പരിഹാരമുണ്ടാക്കുവാൻ സഹായിക്കുന്ന മാർഗ്ഗം സംഘടനകളാണെന്നു ചൂണ്ടിക്കാണിച്ചശേഷം തിരുമേനി ഇപ്രകാരം തുടരുന്നു. "എല്ലാററിലുംവച്ചു് ഏററവും പ്രധാനപ്പെട്ടവ തൊഴിലാളി സംഘടനകളാകുന്നു. എന്തുകൊണ്ടെന്നാൽ ഇവയിൽ ബാക്കിയുള്ള സമസ്തവും പരോക്ഷമായി അടങ്ങിയിരിക്കുന്നുണ്ടു്. പുരാതനകാലങ്ങളിൽ (കത്തോലിക്കമായിരുന്ന യൂറോപ്പിൽ മദ്ധ്യശതകങ്ങളിൽ) നടത്തപ്പെട്ടിരുന്ന കൈവേലക്കാരുടെ ഗിൽഡുകൾമൂലം എത്ര മഹത്തരങ്ങളായ ഫലങ്ങളാണു് ഉളവായിട്ടുള്ളതെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു ......അമ്മാതിരി സംഘങ്ങളെ നാം ജീവിക്കുന്ന ഈ യുഗത്തിന്റെ ആവശ്യങ്ങൾക്കു യഥോചിതം അനുയോജ്യമാക്കിത്തീർക്കണം. തൊഴിലാളികൾമാത്രമുള്ളതോ തൊഴിലാളികളും തൊഴിലുടമസ്ഥന്മാരും കൂടിച്ചേർന്നതോ ആയ ഇത്തരം കുറെയെല്ലാം സംഘങ്ങൾ ഇപ്പോൾത്തന്നെ ഉണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകമാണു്. എന്നാൽ അവയുടെ സംഖ്യയും കാര്യക്ഷമതയും വർദ്ധിക്കണമെന്നു വളരെയധികം ആഗ്രഹിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇവയെപ്പററി നാം ഒന്നിലധികം പ്രാവശ്യം പ്രസ്താവിച്ചിട്ടുമുണ്ടു്." ഇങ്ങനെ പറഞ്ഞശേഷം ന്യായമായ തൊഴിലാളിസംഘടനകൾക്കു സ്ഥിതിചെയ്യുവാനുള്ള അവകാശം പ്രകൃതിദത്തമാണെന്നും, അവയെ നിരോധിക്കുവാൻ രാഷ്ട്രത്തിനുപോലും അധികാരമില്ലെന്നും തിരുമേനി സമർത്ഥിക്കുന്നു. മാർപ്പാപ്പായുടെ ഈ വാക്കുകളിൽനിന്നുതന്നെ സ്പഷ്ടമായി തെളിയുന്നില്ലയോ, ആധുനികകാലത്തു ട്രെയ്ഡ്യൂണിയനുകളുടെ ആവശ്യകതയും അവയുടെ കാര്യത്തിൽ കത്തോലിക്കർക്കുള്ള ചുമതലയും? ഈ ചുമതലയാകട്ടെ ഇന്നത്തെ സാഹചര്യങ്ങളിൽ പതിന്മടങ്ങു വർദ്ധിച്ചിരിക്കുകയുമാണു്. കാരണം കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും തൊഴിലാളിവർഗ്ഗങ്ങളെ ആകർഷിക്കുന്നതും സ്വാധീനപ്പെടുത്തുന്നതും കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥിതികൾ നടപ്പിൽവരുത്തുവാൻ അവരെ കരുക്കളായി ഉപയോഗിക്കുന്നതും ട്രെയ്ഡ്യൂണിയനുകൾ - വഴിയായിട്ടാണു്. പാശ്ചാത്യരാജ്യങ്ങളിലെ അനേകം ദൃഷ്ടാന്തങ്ങൾ ഇതിനു ചൂണ്ടിക്കാണിക്കുവാനുണ്ടു്. തല്ക്കാലം ഇൻഡ്യയിലെതന്നെ ദൃഷ്ടാന്തങ്ങളെടുക്കാം.

### കമ്മ്യൂണിസ്റ്റാധിപത്യമുള്ള ട്രെയ്ഡ്യൂണിയനുകൾ

എണ്ണംകൊണ്ടും പ്രചാരംകൊണ്ടും ഇൻഡ്യയിൽ ഒന്നാംകിടയിലിരുന്ന ട്രെയ്ഡ്യൂണിയൻ മഹാസംഘടന അഖിലേൻഡ്യാട്രെയ്ഡ്യൂണിയൻ കോൺഗ്രസ്സായിരുന്നു. (A. I. T. U. C.) കാലാന്തരത്തിൽ അതു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ആധിപത്യത്തിലാവുകയും, അവർ പണിമുടക്കുകളും അക്രമപ്രവർത്തനങ്ങളുംകൊണ്ടു രാജ്യത്തിൽ അസ്വസ്ഥതകളുണ്ടാക്കുവാൻ അതിനെ ഉപയോഗിക്കുകയും ചെയ്തു. തന്മൂലം തൊഴിലാളിവർഗ്ഗങ്ങളെ അവരുടെ പിടിയിൽനിന്നു വിമോചിക്കേണ്ടതു് തൊഴിലാളികളുടേയും രാജ്യത്തിന്റേയും രക്ഷയ്ക്കാവശ്യകമാണെന്നു് നാഷണൽ കോൺഗ്രസ്സിലെ പ്രമുഖന്മാരായ നേതാക്കന്മാർക്കു ബോദ്ധ്യമായി. ആ തൊഴിലാളിവിമോചനം ട്രെയ്ഡ്യൂണിയനുകൾ വഴിയായിത്തന്നെ വേണം സാധിക്കുവാനെന്നും അവർ കണ്ടു. അതിന്റെ ഫലമായിട്ടാണു് ഏകദേശം രണ്ടുകൊല്ലം മുൻപു് ഇൻഡ്യൻനാഷണൽ ട്രെയ്ഡ്യൂണിയൻ കോൺഗ്രസ്സ് (I.N. T. U. C.) സ്ഥാപിക്കപ്പെട്ടതു്.

### ഇൻഡ്യൻ നാഷണൽ ട്രെയ്ഡ് യൂണിയൻ കോൺഗ്രസ്സ്

ഈ ട്രെയ്ഡ്യൂണിയൻ കോൺഗ്രസ്സ് സ്ഥാപിച്ചകാലത്തു് മദ്രാസിലെ "ഹിന്ദു"പത്രം ചൂണ്ടിക്കാണിച്ചതിങ്ങനെയാണു്:-"ട്രെയ്ഡ്യൂണിയന്റെ ലക്ഷ്യം തൊഴിലാളികളുടെ താല്പര്യസംരക്ഷണം മാത്രമായിരിക്കണം. അഖിലേന്ത്യാ ട്രെയ്ഡ്യൂണിയൻ കോൺഗ്രസ്സ് ആ ലക്ഷ്യത്തിൽനിന്നു തെററിയിരിക്കുന്നു. അതിനുകാരണം, പ്രസ്തുത കോൺഗ്രസ്സ് കമ്മ്യൂണിസ്റ്റുകാരുടെ പിടിയിലായിപ്പോയതാണു്. കമ്മ്യൂണിസ്റ്റുകാർ ട്രെയ്ഡ്യൂണിയനുകളെ കാറൽമാർക്സ് ഉപദേശിച്ചിട്ടുള്ളതരം വിപ്ലവം കൈവരുത്തുവാൻ ആയുധമായുപയോഗിക്കുന്നു. കമ്മ്യൂണിസ്റ്റുപാർട്ടി നേതാക്കന്മാർ അവരുടെ പിടിയിലുള്ള ട്രെയ്ഡ്യൂണിയനുകളെക്കൊണ്ടു് അകാരണമായും അസ്ഥാനത്തും പണിമുടക്കുകൾ നടത്തിക്കുന്നു. തൊഴിലാളികൾക്കും മുതലാളികൾക്കും നീതിലഭിക്കത്തക്കവണ്ണമുള്ള ഒത്തുതീർപ്പുകൾക്കു വഴിപ്പെടാൻ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ട്രെയ്ഡ്യൂണിയനുകളെ അനുവദിക്കുന്നില്ല. ട്രെയ്ഡ്യൂണിയനുകളുടെ നാമത്തിൽ അനാവശ്യകങ്ങളും അപ്രായോഗികങ്ങളുമായ അവകാശവാദങ്ങൾ അവർ പുറപ്പെടുവിക്കുന്നു. അവവഴിയായി അവർ രാജ്യത്തു് അസ്വാസ്ഥതയും അസംതൃപ്തിയും വളർത്തുകയാണു്. കമ്മ്യൂണിസ്റ്റുപാർട്ടി നേതാക്കന്മാരുടെ ട്രെയ്ഡ്യൂണിയൻ പ്രവർത്തനങ്ങൾ ഇങ്ങനെയുള്ളവയായിരിക്കെകൊണ്ടാണു് തൊഴിലാളിതാല്പര്യങ്ങളെ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്ന നാഷണൽ കോൺഗ്രസ്സ് നേതാക്കന്മാർ പുതിയ ട്രെയ്ഡ്യൂണിയൻ മഹാസംഘടന ഏർപ്പെടുത്തിയതു."

പുതിയ സംഘടനയായ ഐ. എൻ. ടി. യു. സി. ഇക്കഴിഞ്ഞ രണ്ടുകൊല്ലത്തിനുള്ളിൽ ഇൻഡ്യയിലെ ഏററവും വലിയ ട്രെയ്ഡ്യൂണിയൻ സംഘടനയായിത്തീർന്നിരിക്കുന്നു. അതിന്റെ അംഗസംഖ്യ 11 ലക്ഷത്തിൽപ്പരമാണെന്നു കാണുന്നു. സാർവ്വദേശീയതൊഴിലാളിസംഘടന (I. L. O) കഴിഞ്ഞ പ്രാവശ്യം സാൻഫ്രാൻസിസ്കോയിലും, ഇപ്രാവശ്യം ജനീവായിലും വാർഷികസമ്മേളനം നടത്തിയപ്പോൾ അവയിൽ ഇൻഡ്യൻതൊഴിലാളികളുടെ പ്രതിനിധികളായി ഇൻഡ്യാഗവമ്മെന്റിന്റെ ഔദ്യോഗികമായ അംഗീകരണത്തോടുകൂടി സംബന്ധിച്ചതു് ഈ സംഘടനയുടെ പ്രവർത്തകന്മാരായിരുന്നു. രാഷ്ട്രീയകക്ഷികളുടെ താല്പര്യങ്ങൾക്കെല്ലാം അതീതമായി, സ്വതന്ത്രമായി, പ്രവർത്തിക്കുന്ന തൊഴിലാളിസംഘടന ഐ. എൻ. ടി. യു. സി. ആണെന്നാണു വയ്പു്.

### സോഷ്യലിസ്റ്റാധിപത്യമുള്ള ട്രെയ്ഡ്യൂണിയനുകൾ

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ ആധിപത്യത്തിലുള്ള ട്രെയ്ഡ് യൂണിയനുകളും ഇന്നാട്ടിലുണ്ടു്. അവയെ എണ്ണത്തിലും വണ്ണത്തിലും ശക്തിപ്പെടുത്തുവാനും, തദ്വാരാ രാജ്യത്തിലെ അധികാരം പിടിച്ചെടുത്തു സോഷ്യലിസ്റ്റുവ്യവസ്ഥിതി നടപ്പിൽവരുത്തുവാനും ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടി വെമ്പൽകൊള്ളുകയാണു്. ഏതാനും ആഴ്ചകൾക്കുമുൻപു ബാംഗ്ളൂരിൽ സമ്മേളിച്ച പാർട്ടിയുടെ നാഷണൽ എക്സിക്യൂട്ടീവു് സമിതി പ്രഖ്യാപിച്ചതിങ്ങനെയാണു്:

"കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരും തൊഴിലാളിപ്രസ്ഥാനത്തിൽ പ്രവേശിച്ചിരിക്കുന്നതു് അതിനെ അവരുടെ രാഷ്ട്രീയവും കക്ഷിപരവുമായ ലക്ഷ്യങ്ങൾക്കു വിധേയമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. തന്മൂലം എ. ഐ. ടി. യു. സി. യും, ഐ. എൻ. ടി. യു. സി യും മൗലികമായിത്തന്നെ തൊഴിലാളി താല്പര്യസംരക്ഷണത്തിനു് അപര്യാപ്തങ്ങളാണു്. ആദ്യത്തേതു് തൊഴിലാളിതാല്പര്യങ്ങളെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ രാഷ്ട്രീയമായ ആവശ്യങ്ങൾക്കും അവകാശവാദങ്ങൾക്കും വേണ്ടി വീണ്ടും വീണ്ടും ബലികഴിച്ചിരിക്കുന്നു. രണ്ടാമത്തേതായ ഐ എൻ. ടി. യു. സി. സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് അധികാരത്തിലിരിക്കുന്ന കോൺഗ്രസ്സ് പാർട്ടിയുടെ പാദസേവനം നിർവ്വഹിക്കുന്നതിനാണു്; തൊഴിലാളി വർഗ്ഗത്തെ കൂച്ചുകെട്ടി കോൺഗ്രസ്സ് പാർട്ടിയുടെ താല്പര്യങ്ങൾ സാധിക്കുവാൻ ഉപയോഗിക്കുന്നതിനാണു്. സജീവമായ തൊഴിലാളിപ്രവർത്തനം സ്വാതന്ത്ര്യവും പ്രജായത്തപരവുമായ ട്രെയ്ഡ്യൂണിയൻ സമ്പ്രദായത്തിലാണു് അടിയുറച്ചിരിക്കുന്നതു്. അപ്രകാരമുള്ള ട്രെയ്ഡ്യൂണിയനുകളുടെ തത്വങ്ങൾ "ഹിന്ദ് മസ്ദൂർ സഭ" എന്ന തൊഴിലാളി മഹാസംഘടനയുടെ വിജ്ഞാപനത്തിൽ സമർത്ഥമായി വിശദീകരിക്കപ്പെട്ടിട്ടുണ്ടു്. ആകയാൽ പ്രസ്തുത സംഘടന സോഷ്യലിസ്റ്റുപാർട്ടിയുടെ പിൻതുണയെ അർഹിക്കുന്നു. വ്യവസായതൊഴിലാളികൾക്കു രാജ്യത്തിലെ സാമ്പത്തിക ജീവിതരംഗത്തിലുള്ള സ്ഥാനം സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിൽ അവൾക്കു് അതിപ്രധാനമായ സ്ഥാനം തന്നെ പ്രദാനംചെയ്യുന്നു. തന്മൂലം സോഷ്യലിസ്റ്റുപാർട്ടി വേരൂന്നേണ്ടതു് തൊഴിലാളിവർഗ്ഗങ്ങളിലാണു്. ദേശീയമായ തോതിൽ വ്യവസായയൂണിയനുകളെ സൃഷ്ടിക്കുവാൻ പാർട്ടി പ്രയത്നിക്കേണ്ടിയിരിക്കുന്നു. ദേശീയവ്യവസായയൂണിയനുകൾക്കു മുഴുവൻസമയം ജോലി ചെയ്യുന്നവരും ശമ്പളം പററുന്നവരുമായ ഉദ്യോഗസ്ഥന്മാരും പ്രവർത്തകന്മാരും ഉണ്ടായിരിക്കേണ്ടതാണു്."

ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടിയും തൊഴിലാളികളെ സ്വാധീനപ്പെടുത്തുവാനും, അവരെക്കൊണ്ടു വേണ്ടിവന്നാൽ വിപ്ലവം നടത്തിക്കുവാനും, അതു വഴിയായി ഇൻഡ്യയിൽ അധികാരം പിടിച്ചെടുത്തു സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിലാക്കുവാനും കൂടുതൽ ശക്തിയോടുകൂടി ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നമാർഗ്ഗം ട്രെയ്ഡ്യൂണിയനുകളാണെന്നു സ്പഷ്ടമല്ലയോ? വേണ്ടിവന്നാൽ വിപ്ലവകരമായ മാർഗ്ഗങ്ങൾതന്നെയും ഉപയോഗിക്കുവാൻ പാർട്ടി സന്നദ്ധമായിരിക്കണമെന്നു പ്രസ്തുതസമ്മേളനത്തിൽ പാർട്ടി ചെയ്ത നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്.

### പുതിയ ദേശീയയൂണിയനുകൾ

നിലവിലുള്ള അഖിലേന്ത്യാതോതിലുള്ള ട്രെയ്ഡ്യൂണിയനുകൾക്കുപുറമെ പുതിയ യൂണിയനുകൾ സ്ഥാപിക്കുവാൻ കമ്മ്യൂണിസ്റ്റുപാർട്ടിയും സോഷ്യലിസ്റ്റുപാർട്ടിയും തീരുമാനിച്ചിരിക്കുകയാണു്. കമ്മ്യൂണിസ്റ്റാധിപത്യമുള്ള എ. ഐ. ടി. യു. സി. യുടെ ആഭിമുഖ്യത്തിൽ റെയിൽവേതൊഴിലാളികളുടെ ഒരു കോൺഫറൻസു് കൽക്കട്ടായിൽ വച്ചു് ഇക്കഴിഞ്ഞ സെപ്ററംബർ 18-ാംനു കൂടുകയുണ്ടായി. റെയിൽവേ തൊഴിലാളികളുടെ ഒരു പുതിയ അഖിലേന്ത്യായൂണിയൻ സ്ഥാപിക്കണമെന്നുള്ള പ്രമേയം അതിൽ പാസാക്കി. അതിനു പറഞ്ഞ കാരണം, നിലവിലുള്ള "അഖിലേന്ത്യാ റെയിൽവേ തൊഴിലാളി ഫെഡറേഷൻ" ഉദ്ദിഷ്ടം സാധിക്കുവാൻ പര്യാപ്തമല്ലെന്നാണു്. ആ സംഘടന "വർഗ്ഗസമരത്തിനുള്ള ഒരുപകരണമായി പ്രവർത്തിക്കുന്നതിൽനിന്നു് പിൻവാങ്ങിയിരിക്കുകയാണു്; ക്യാപ്പിററലിസ്റ്റ് ഗവമ്മെന്റായ കോൺഗ്രസ്സിന്റെ ഏജൻസിയായി അതു പ്രവർത്തിക്കുന്നു; ആ ഗവമ്മെന്റിന്റെ ഇടുങ്ങിയ താല്പര്യങ്ങൾക്കുവേണ്ടി തൊഴിലാളികളുടെ സമരത്തെ ഓരോദശയിലും ബലികഴിക്കുവാൻ അതു തയ്യാറായിരിക്കുന്നു." നിലവിലുള്ള റെയിൽവേതൊഴിലാളി ഫെഡറേഷൻ ഏതാനും മാസങ്ങൾക്കുമുൻപു് ഇൻഡ്യയിൽ ആകമാനം ഒരു പണിമുടക്കുനടത്തണമെന്നുണ്ടായ അഭിപ്രായത്തെ അതിലെ സോഷ്യലിസ്റ്റ് ഘടകങ്ങൾ റെയിൽവേ മന്ത്രിയുമായുണ്ടായ താല്ക്കാലികമായ ഒത്തുതീർപ്പിനെ അടിസ്ഥാനപ്പെടുത്തി നിരാകരിച്ചു. എന്നാൽ അതിലെ കമ്മ്യൂണിസ്റ്റ് ഘടകങ്ങൾ പണിമുടക്കു വേണമെന്നു തീരുമാനിച്ചു. ഈ അഭിപ്രായവ്യത്യാസമാണു് പുതിയ റെയിൽവേ തൊഴിലാളിസംഘടന തങ്ങളുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കണമെന്നു് തീരുമാനിക്കുവാൻ കമ്മ്യൂണിസ്റ്റുപാർട്ടിയെ പ്രേരിപ്പിച്ചിരിക്കുന്നതു്.

അഖിലേന്ത്യാ ടെക്സ്റ്റൈൽ തൊഴിലാളികളുടെ ഒരു പുതിയ ട്രെയ്ഡ്യൂണിയൻ ഫെഡറേഷൻ സ്ഥാപിക്കണമെന്നു കോയമ്പത്തൂർവച്ചു് ഒക്ടോബർ 8-ാംനു കൂടിയ ആ തൊഴിലാളികളുടെ ഒരു കോൺഫറൻസിൽ തീരുമാനിക്കുകയുണ്ടായി. അതുൽഘാടനംചെയ്ത സോഷ്യലിസ്റ്റ് നേതാവു മി. അശോകമേത്താ അതിനു പറഞ്ഞകാരണം ഇങ്ങനെയാണു: "ട്രെയ്ഡ്യൂണിയൻ സംഘടനകളെ ദുർബലപ്പെടുത്തണമെന്നും മുതലാളികളുടെ ആദായനില പാലിച്ചുകൊണ്ടുപോകണമെന്നുമാണു് ഗവമ്മെന്റിന്റെ ആഗ്രഹം."

പോസ്ററും ടെലഗ്രാഫും വകുപ്പുകളിലെ തൊഴിലാളികൾക്കു് ഇപ്പോൾ പ്രത്യേകം പ്രത്യേകം യൂണിയൻ സംഘടനകളാണുള്ളതു്. അവയെ യോജിപ്പിച്ചു് ഇരുകൂട്ടരുടേയും സംയുക്തമായ ഒരു പുതിയ സംഘടന അഖിലേന്ത്യാതോതിൽ രൂപീകരിക്കുവാൻ സോഷ്യലിസ്റ്റ് നേതാവായ ശ്രീ ജയപ്രകാശിന്റെ കീഴിൽ ആലോചനകൾ നടന്നുവരുന്നു.

മേൽവിവരിച്ച വസ്തുതകളിൽനിന്നു് ഒരു കാര്യം സ്പഷ്ടമല്ലയോ? ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടിയും സോഷ്യലിസ്റ്റുപാർട്ടിയും കോൺഗ്രസ്സ് പാർട്ടിയും തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നിലകൊള്ളുകയാണെന്നു് അവകാശവാദം ചെയ്യുന്നു. ആ ലക്ഷ്യം സാധിക്കുവാൻ ഓരോ പാർട്ടിയും സ്വീകരിക്കുന്ന മാർഗ്ഗം ട്രെയ്ഡ്യൂണിയൻ സംഘടനയാണു്. വിവിധ തൊഴിൽ വകുപ്പുകളിൽപെട്ട തൊഴിലാളികളെ അഖിലേന്ത്യാതോതിൽ ട്രെയ്ഡ്യൂണിയനുകളായി സംഘടിപ്പിക്കുവാനാണു് ഓരോ പാർട്ടിയും ബദ്ധപ്പെടുന്നതു്. ഇതിൽനിന്നുള്ള പാഠമെന്താണു്? തൊഴിലാളികളെ നിഷിദ്ധങ്ങളായ പാർട്ടിതാല്പര്യങ്ങളിൽനിന്നു വിമോചിക്കുകയും സുബദ്ധമായ മാർഗ്ഗങ്ങളിൽക്കൂടി അവരെ ചരിപ്പിക്കുകയും ചെയ്യു

ന്നതിനുള്ള പോംവഴി, അവരെ തൊഴിലാളിക്ഷേമത്തെ മുൻനിർത്തിയുള്ള സംഘങ്ങൾ സ്വതന്ത്രയൂണിയനുകളായി സംഘടിപ്പിക്കുക മാത്രമാണെന്നല്ലയോ?

## അടുത്ത ആഴ്ചയിൽ

ഒക്ടോബർ
30 ഞാ: പന്തക്കുസ്താ 21-ാം ഞായർ ക്രിസ്തുവിന്റെ രാജത്വം
31 തി: വുൾഫ്ഗാംഗ്
നവംബർ
1 ചൊ: സകല വിശുദ്ധർ
2 ബു: മരിച്ചവരുടെ ഓർമ്മ
3 വ്യാ: ഹ്യൂബെർട്ട്
4 വെ: ആദ്യവെള്ളി കാർലോസ്
5 ശ: സക്കറിയ


സത്യദീപം

### വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഒറ്റപ്രതി | 0—2—0 |


## വിജ്ഞാപനം

☞ അടുത്തയാഴ്ചയിൽ പത്രം ഉണ്ടായിരിക്കുന്നതല്ല. ഒരു വർഷത്തിൽ 48 ലക്കം മാത്രമേ ഉണ്ടായിരിക്കയുള്ളൂ.

## രാജത്വതിരുനാൾ

(ഒക്ടോബർ 30-ാംനു-)

"നിയമസംഗ്രഹം" 60-ാം പക്ഷത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ രാജത്വതിരുനാൾ ആഡംബരമായി കൊണ്ടാടണം. പൊതുദിവ്യകാരുണ്യസ്വീകരണം, ഘോഷയാത്ര, യോഗങ്ങൾ മുതലായവ പതിവുപോലെ നടത്തണം. മിശിഹാരാജനിലുള്ള നമ്മുടെ വിശ്വാസം പ്രകടമാക്കുന്നതിനും ഇതരർ മിശിഹായുടെ രാജത്വം സ്വീകരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഈ അവസരം നാം വിനിയോഗിക്കാതിരിക്കരുതു. വിശുദ്ധ കുർബാനയുടെ വാഴ്വുസമയത്തു "എത്രയും മധുരമുള്ള ഈശോ" എന്ന ജപം ചൊല്ലി നമ്മെ മുഴുവനും ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയും വൈകുന്നേരം എട്ടുമണിക്കു മണിയടിക്കുകയും വെടിവെക്കുകയും ചെയ്യുമ്പോൾ എല്ലാ കുടുംബങ്ങളിലും സന്യാസമന്ദിരങ്ങളിലും പ്രതിഷ്ഠാജപം ചൊല്ലി തങ്ങളെ മുഴുവനും ക്രിസ്തുരാജനു കാഴ്ചവെക്കുകയും വേണം.

(എ. മിസ്സം)

## പരേതനായ ഫാദർ തെത്തോസ്

പൂഞ്ഞാർ ആശ്രമവാസിയായിരുന്ന റവ. ഫാ. തെത്തോസ് സി. ഡി. അവർകൾ ഒക്ടോബർ 20-ാംനു- കാലത്തു് എറണാകുളം ജനറൽ ഹോസ്പിറ്റലിൽ വച്ചു നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം പിറ്റേദിവസം തേവര ആശ്രമപ്പള്ളിയിൽവച്ചു നടത്തപ്പെട്ടു. അതിരമ്പുഴ ഇടവക ചക്കാലയ്ക്കൽ കുടുംബാംഗമായിരുന്ന ഫാ. തെത്തോസ് 1900 ഒക്ടോബർ 1-ാംനു ഭൂജാതനായി. 1920-ൽ കർമ്മലീത്താസഭയിൽ പ്രവേശിക്കയും 1931-ൽ ഗുരുപട്ടം സ്വീകരിക്കുകയും ചെയ്തു. അനേകകൊല്ലക്കാലം ഇദ്ദേഹം തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും മിഷൻപ്രവർത്തനം നിർവ്വഹിച്ചിട്ടുണ്ടു്.

R. I. P.

### ശ്രീ എസ്. ഐ. സത്യനേശൻ നിര്യാതനായി

റിട്ടയേർഡ് ഹൈക്കോർട്ടു ജഡ്ജി ശ്രീ എസ്. ഐ. സത്യനേശൻ ഒക്ടോബർ 20-ാംനു- തിരുവനന്തപുരത്തുവച്ചു് ഹൃദയസ്തംഭനംമൂലം നിര്യാതനായിരിക്കുന്നു. നാഗർകോവിലിൽനിന്നു തദ്ദിവസം തിരുവനന്തപുരത്തെത്തിയ ഇദ്ദേഹം പഴവങ്ങാടിയിലുള്ള ഒരു കടയിൽ ഏതോ സാധനം വാങ്ങുന്നതിനായി കയറവേ പെട്ടെന്നു ശരീരാസ്വാസ്ഥ്യം തോന്നുകയും വീഴാൻ ഭാവിക്കുകയും ചെയ്തു. അവിടെയുണ്ടായിരുന്നവർ ഉടനടി താങ്ങിയെടുത്തു് ആസ്പത്രിയിലേക്കു കൊണ്ടുപോയെങ്കിലും വഴിക്കുവച്ചു് അദ്ദേഹം ഇഹലോകവാസം വെടിയുകയാണുണ്ടായതു്. സത്യസന്ധനും നിഷ്പക്ഷമതിയുമായ ഒരു ന്യായാധിപനും ഉത്തമകത്തോലിക്കനുമായിരുന്ന ശ്രീ സത്യനേശന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊള്ളുന്നു. R. I. P.

## കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യാ

കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യായുടെ മാനേജിംഗ് കമ്മിറ്റിയുടെ ഒരു യോഗം നാഗപ്പൂർവച്ചു് ഷെവലിയർ സി. ജെ. വർക്കി എം. എ യുടെ അദ്ധ്യക്ഷതയിൽ കൂടി താഴെ പറയുന്ന നിശ്ചയങ്ങൾ പാസാക്കിയിരിക്കുന്നു. ഇൻഡ്യൻ ക്രിസ്ത്യൻ സമുദായത്തിനു നിയമസഭകളിൽ നിശ്ചിതതോതനുസരിച്ചു് പ്രാതിനിധ്യം അനുവദിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു പ്രമേയം കോൺഗ്രസ് പ്രസിഡണ്ടിനയക്കേണ്ടതാണു്. ന്യൂനപക്ഷതാല്പര്യങ്ങൾ കേന്ദ്രഗവമ്മെന്റിൽ ഒരു പ്രത്യേകമന്ത്രിയുടെ നേരിട്ടുള്ള കിഴിൽ ആക്കേണ്ടതാണെന്നു കോൺസംബ്ലിമെമ്പർമാരോടും നേതാക്കന്മാരോടും യൂണിയൻ അഭ്യർത്ഥിക്കുന്നു. വിദ്യാർത്ഥിവേതനങ്ങളുടെയും മറ്റാനുകൂല്യങ്ങളുടെയും പരിധിയിൽനിന്നു മതപരിവർത്തനം ചെയ്ത അധഃകൃതരെ ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള ബിഹാറിലെയും സെൻട്രൽപ്രോവിൻസിലേയും ഗവമ്മെന്റുകളുടെ പക്ഷപാതപരമായ നയത്തെ യൂണിയൻ ശക്തിയായി പ്രതിഷേധിക്കുന്നു. വിദ്യാഭ്യാസകാര്യത്തിൽ പ്രൈവറ്റ് ഏജൻസികളെ പ്രോത്സാഹിപ്പിക്കുക എന്ന നയം ഗവമ്മെന്റു അവശ്യം സ്വീകരിക്കേണ്ടതാണെന്നു് യൂണിയൻ ശുപാർശചെയ്യുന്നു.


## പുതിയ പുസ്തകങ്ങൾ

| | ക. ണ. പ. |
|---|---|
| മൂന്നാക്കന്മാരോടു് (മി. ജോസഫ് മീനാട്ടൂർ) | 0—4—0 |
| രക്തസാക്ഷിണി (മി. ജയിംസ് കെ. സി., മണിമല) | 0—12—0 |
| ആധുനികലോകം (ഫാദർ ജെ. ഷീൻ) | 1—8—0 |

മാനേജർ,
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം.


## ഇടവകവാർത്തകൾ

വൈക്കം ഫൊറോനാപള്ളിയുടെ അസിസ്റ്റന്റുവികാരിയായിരുന്ന പറമ്പി ബ. യൗസേപ്പച്ചന്റെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി ഒരു പൊതുയോഗം ഒക്ടോബർ 16-ാംനു- ചിറയ്ക്കൽ പെ ബ. ഐസക്കച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു

—കരിമണ്ണൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മാതൃസംഘത്തിന്റെ വാർഷികം ഒക്ടോബർ 16-ാംനു- റവ. ഫാ. ജോർജ്ജ് മേനാച്ചേരി ബി. എ എൽ. ടി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീമതി പെണ്ണമ്മ വറുഗീസ് ചെമ്പകത്തിങ്കൽ, ശ്രീമതി ത്രേസ്യാമ്മ ജോസഫ് ബി. എ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—അകപ്പറമ്പ്, മേക്കാട്, ചെങ്ങമനാട്, കപ്രശ്ശേരി, പുതുവാശ്ശേരി എന്നി വിവിധകേന്ദ്രങ്ങൾ ഏകോപിച്ചു കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്ന ക്രിസ്തുവിന്റെ രാജത്വതിരുനാൾ പ്രമാണിച്ചുനടത്തപ്പെടുന്ന പൊതുയോഗത്തിൽ റവ. ഫാ. ജോസഫ് വിതയത്തിൽ ബി. എ. എൽ. ടി. അദ്ധ്യക്ഷതവഹിക്കുന്നതും റവ. ഫാ. ജേക്കബ് വെമ്പിള്ളി ബി. എ., ശ്രീ സി. പി. സേവ്യർ ബി. എ. എന്നിവർ പ്രസംഗിക്കുന്നതുമാണു്.

—സെപ്റ്റംബർ, ഒക്ടോബർ എന്നി മാസങ്ങളിൽ ട്രാവലിംഗ് ബുക്ക് ഡിപ്പോ, നാഗപ്പുഴ, വല്ലാർപാടം, കലൂർ, ഒല്ലൂർ, കലൂർക്കാട് എന്നി സ്ഥലങ്ങളിൽ ക്യാമ്പുചെയ്തു് പ്രവർത്തനം നടത്തിയതായറിയുന്നു.

—വടക്കൻ പറൂർ തുരുത്തിപ്പുറം, മടപ്ലാതുരുത്തു് എന്നി ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ ക്രിസ്തുവിന്റെ രാജത്വതിരുനാൾ പ്രമാണിച്ചു് കൂടുന്ന യോഗത്തിൽ എറണാകുളം സെന്റ് ആൽബർട്ട്സ് കോളെജ് പ്രൊഫസർ റവ. ഫാ. ജോർജ്ജ് തൈക്കൂടൻ പ്രസംഗിക്കുന്നതായിരിക്കും.

—പ്ലാശനാൽ പള്ളി സ്ഥാപിച്ചിട്ടു് നൂറുവർഷം തികഞ്ഞതിന്റെ സ്മാരകമായി സ്ഥാപിതമായിരിക്കുന്നകന്യകാലയത്തിന്റെ ഉൽഘാടനം ഒക്ടോബർ 15-ാംനു- നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. ഏതൽസംബന്ധമായുള്ള മറ്റൊരു സ്മാരകമായ ഇംഗ്ലീഷ് ഹൈസ്കൂളിൽ ഈ വർഷാരംഭം മുതൽ പഠനം തുടങ്ങുന്നുണ്ടെന്നുള്ളതും പ്രസ്താവ്യമാണു്.

## ചരമം

കുമരകം നവനസ്രത്തു പള്ളി ഇടവക തേമ്പാറമ്പിൽ കുര്യൻ അവര 61-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ ഒക്ടോബർ 19-ാംനു- നിര്യാതനായിരിക്കുന്നു. R. I. P.


## നിങ്ങളുടെ ആരോഗ്യം

സുരക്ഷിതമായിരിക്കുവാൻ, രോഗബാധകൂടാതെ ജീവിക്കുവാൻ സുഖാനന്ദകല്പം ബുക്ക് വായിക്കുക. എല്ലാവർക്കും ഇനാമായി അയക്കും.

ദിവ്യൗഷധശാല, മണലൂർ, C. T. U.


## കൊ-തി. വാർത്തകൾ

നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഇപ്പോൾ നടപ്പിലിരിക്കുന്നെന്നു പറയപ്പെടുന്ന സ്ഥലങ്ങളിൽ ആവശ്യത്തിനുള്ള സ്കൂളുകളും ഉപകരണങ്ങളും അദ്ധ്യാപകന്മാരും ഉണ്ടായതിനുശേഷം മാത്രം നിർബന്ധിതവിദ്യാഭ്യാസം മറ്റു പ്രദേശങ്ങളിലേക്കു നീട്ടിയാൽ മതിയെന്നാണു് തന്റെ വ്യക്തിപരമായ അഭിപ്രായമെന്നു് പുതിയ വിദ്യാഭ്യാസ ഡയറക്ടർ മി. ഐ എൻ. മേനോൻ പ്രസ്താവിച്ചിരിക്കുന്നു.

—തിരുവിതാംകൂറിലെ പ്രൈവറ്റ് പ്രൈമറിസ്കൂളദ്ധ്യാപകന്മാരുടെ അടിസ്ഥാനശമ്പളം 15 കയും അലവൻസ് 12 കയുമായി ക്ലിപ്തപ്പെടുത്തുവാൻ നേരത്തെ ചെയ്തിട്ടുള്ള തീരുമാനത്തെ തുലാം 7-ാംനു- കൂടിയ ക്യാബിനറ്റ് അംഗീകരിക്കുകയും തത്സംബന്ധമായി ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു.

—ദേവസ്വം വക പണം എൻ. എസ്. എസ്. ബാങ്കിൽ നിക്ഷേപിക്കാൻ തീരുമാനിക്കയും തത്സംബന്ധമായ ജോലികൾക്കായി റിട്ടയേർഡ് രജിസ്ട്രേഷൻ ഡയറക്ടർ ശ്രീ മാധവക്കുറുപ്പിനെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു.

## സൗജന്യവിതരണ ഫണ്ട്

മി. പി. യു. ജോസഫ്
അറാക്കുളം ക. 20—0—0

—കൊച്ചിയിലും തിരുവിതാംകൂറിലും എക്സൈസ് സംബന്ധമായ ഏകീകരണം നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. കൊച്ചിയിൽ അടുത്തുതന്നെ പുകയില വില്പനനികുതി ഏർപ്പെടുത്തുന്നതാണെന്നറിയുന്നു. മദ്യനിരോധനം സംബന്ധിച്ചു ചുമതലകൾ എക്സൈസ് വകുപ്പിനു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ചവുക്കകൾ നിർത്തലാക്കിയതുമൂലം തൊഴിൽരഹിതരായിത്തീർന്നിട്ടുള്ളവരെ മദ്യനിരോധനജോലികൾക്കായി നിയോഗിക്കാൻ ഉദ്ദേശമുള്ളതായറിയുന്നു.

—പ്രൈവറ്റ് സ്കൂളദ്ധ്യാപകന്മാർ ഉദ്യോഗത്തിൽനിന്നും വിരമിക്കേണ്ട പ്രായം കൊച്ചിയിലെപ്പോലെ തിരുവിതാംകൂറിലും 60 വയസ്സായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു

—ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾക്കു പ്രചരണവും പിൻതുണയും നല്കുന്ന ദേശബന്ധു, മലയാളരാജ്യം, കേരളകൗമുദി എന്നി പത്രങ്ങൾക്കു ദേവസ്വം ഫണ്ടിൽനിന്നും സഹായധനം നല്കുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

## ദേവസ്വം ഫണ്ട്

"കേണൽ മൺറോ 348 പ്രധാനക്ഷേത്രങ്ങളേയും 1171 അപ്രധാനക്ഷേത്രങ്ങളേയും അവയുടെ സ്വത്തുക്കളോടുകൂടി ഏറ്റെടുക്കുന്നതിനു തീരുമാനിച്ചു. ഈ ദേവസ്വംഭരണമേറ്റെടുക്കൽ മൂലം 62,000 പറമ്പുകളും 5,48,000 പറ നിലങ്ങളും ഗവമ്മെന്റിന്റെ അധീനത്തിലായി. പറമ്പുകളിൽനിന്നു 50,000 ക.യും നിലങ്ങളിൽനിന്നു 3,50,000 ക.യും അങ്ങനെ ആകെ 4 ലക്ഷം ക. പ്രതിവർഷം പാട്ടം കിട്ടിയിരുന്നു.

"ക്ഷേത്രഭരണത്തിൽ മേലന്വേഷണം വഹിക്കുന്നതിനും പാട്ടങ്ങളും ആദായങ്ങളും പിരിക്കുന്നതിനും പിരിച്ചെടുക്കുന്ന സംഖ്യ ഖജനാവിൽ അടയ്ക്കുന്നതിനും അനുദിനപൂജകൾക്കും പ്രത്യേക കർമ്മങ്ങൾക്കും ആവശ്യമായ തുക ചെലവുചെയ്യുന്നതിനും റവന്യൂ ഉദ്യോഗസ്ഥന്മാർ ചുമതലപ്പെടുത്തപ്പെട്ടു.... ഒരു വ്യയന്യൂനീകരണം വരുത്തണമെന്നും മൺറോയ്ക്കു് ഉദ്ദേശ്യമുണ്ടായിരുന്നു. ക്ഷേത്രങ്ങൾക്കു പ്രതിവർഷം രണ്ടര മുതൽ മൂന്നുവരെ ലക്ഷം ക. ചെലവാക്കുന്നതു ഖജനാവിനെ ശോഷിപ്പിക്കുകയായിരിക്കുമെന്നു് അദ്ദേഹത്തിനു തോന്നി... കേണൽ മൺറോയുടെ ഭരണം രാജ്യത്തിനു അത്യധികം നന്മ പ്രദാനംചെയ്യുന്നതിനു പര്യാപ്തമായിരുന്നു." (സ്റ്റേറ്റ് മാനുവൽ പുറം 519—521).

## ഇൻഡ്യാവാർത്തകൾ

—അഖില പാകിസ്ഥാൻ ക്രിസ്ത്യൻലീഗ് പ്രസിഡണ്ടു ദിവാൻ ബഹദൂർ എസ്. ഡി. സിൻഹാ 66-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—ഐക്യരാഷ്ട്ര സമിതി ദിനത്തിൽ ഇൻഡ്യാ ഗവർണ്ണർ ജനറൽ ശ്രീ സി. രാജഗോപാലാചാരി ചെയ്ത പ്രക്ഷേപണപ്രസംഗത്തിൽ അണുബോംബു വിസ്മരിക്കപ്പെടുവാനായി പ്രാർത്ഥിക്കണമെന്നു ഉദ്ബോധിപ്പിക്കുകയുണ്ടായി.

—ഭാരതത്തിലെ ജനങ്ങളിൽ 75 ശതമാനം അക്ഷരജ്ഞാനമില്ലാത്തവരാണെന്നു് കേന്ദ്രഗവമ്മെന്റ് വിദ്യാഭ്യാസമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—ഒക്ടോബർ 20-ാംനു- നടന്ന ജനറൽ അസംബ്ലിയുടെ പൊതുസമ്മേളനത്തിൽവച്ചു ഇൻഡ്യയെ സെക്യൂറിറ്റി കൗൺസിലിലേക്കു തിരഞ്ഞെടുത്തിരിക്കുന്നു.

## വിദേശവാർത്തകൾ

നാഗപ്പൂരിലെ ഹിതവാദ പത്രാധിപർ മി. എ. ഡി. മണി കാസ്റ്റൽഗൺഡോൾഫോയിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചു് സംഭാഷണം നടത്തിയിരിക്കുന്നു. തദവസരത്തിൽ മാർപ്പാപ്പാ തിരുമേനി ഭാരതത്തിലെ കത്തോലിക്കരെ പ്രത്യേകം അനുഗ്രഹിക്കുകയും മി. മണിക്കു മെഡലുകൾ നല്കുകയും ചെയ്യുകയുണ്ടായി.

—കമ്മ്യൂണിസ്റ്റ് ഗവമ്മെന്റ് ചൈനയെ റഷ്യയുടെ അടിമയാക്കുവാനാണു് ശ്രമിക്കുന്നതെന്നും ചൈന പൂർണ്ണമായി കമ്മ്യൂണിസ്റ്റധീനത്തിലായാൽ മാനവസമുദായത്തിൽ അർദ്ധഭാഗവും അന്ധകാരയുഗത്തിലേക്കു് നയിക്കപ്പെടുകയായിരിക്കും അനുഭവമെന്നും ഐക്യരാഷ്ട്രസമിതിയിലെ ചൈനീസ് പ്രതിനിധിസംഘം നേതാവു് ഡോക്ടർ സിയാംഗ് പ്രസ്താവിച്ചിരിക്കുന്നു.

—അമേരിക്കൻ പര്യടനത്തിലേർപ്പെട്ടിരിക്കുന്ന ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്രു മിസിസ് വിജയലക്ഷ്മി പണ്ഡിറ്റ്, മിസിസ് ഇന്ദിരാ ഗാന്ധി, സർ ഗിരിജാ ബാജ്പെ എന്നിവരൊരുമിച്ചു് കാനഡായിലെത്തിയിരിക്കുന്നു.

—ലോകത്തിന്റെ സുസ്ഥിതിക്കു് അണുകായുധനിയന്ത്രണം, മനുഷ്യാവകാശാദരവു്, സാമ്പത്തികവികാസപുരോഗതി എന്നിവ അനുപേക്ഷണീയഘടകങ്ങളാണെന്നു് പ്രസിഡണ്ടു ട്രൂമൻ പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം തുടർന്നു: "രാഷ്ട്രങ്ങൾ മനുഷ്യാവകാശങ്ങളെ ബഹുമാനിക്കുക എന്നുള്ളതു് സർവ്വപ്രാധാന്യമുള്ള ഒന്നാണു്. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിക്കു് മനുഷ്യാവകാശാദരവു് അനുപേക്ഷണീയമാണെന്നു് കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചിരിക്കുന്നു."

# കഴുത, തേനീച്ച, റെഡ്റോബിൻ

(ഇതു കുട്ടികൾക്കു വായിക്കാനായി പൗരാണികമായ ഒരു ഐതിഹ്യത്തിൽനിന്നു് എടുത്തിട്ടുള്ളതാണു്. സൎവ്വശക്തനായ ദൈവത്തെ മനുഷ്യനെപ്പോലെ ഭാവനംചെയ്തു എഴുതിയിട്ടുള്ളതാണു് ഇതു്.)

റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി ഡി.

എല്ലാ ജീവികളേയും സൃഷ്ടിച്ചു് അവയെ പേരുവിളിച്ചതിനുശേഷം ദൈവം അവയുടെ പ്രവൎത്തനങ്ങൾ സ്വല്പംനേരം വീക്ഷിച്ചുകൊണ്ടിരുന്നു. അനന്തരം എല്ലാമൃഗങ്ങളേയും ഒന്നുകൂടെ അവയുടെ പേരു പറഞ്ഞു വിളിച്ചു കഴുത കേട്ടില്ല. വീണ്ടും വീണ്ടും വിളിച്ചു. എന്നാൽ അതു ദൈവത്തെ സമീപിച്ചില്ല. സൎവ്വനാഥൻ അതിന്റെ ചെവിക്കു പിടിച്ചു വലിച്ചുവത്രെ. അന്നുമുതലാണു കഴുതയുടെ ചെവി നീണ്ടതെന്നു മുത്തശ്ശികഥയുണ്ടു്.

തേനീച്ചകൾ പുഷ്പങ്ങൾതോറും പറന്നുനടന്നു തേൻ കുടിക്കുന്നതും തേൻ ശേഖരിക്കുവാനായി പൂമ്പൊടി വഹിച്ചുകൊണ്ടു കൂട്ടിലേക്കു പോകുന്നതും സ്രഷ്ടാവിനെ അത്യധികം ആനന്ദിപ്പിച്ചു. മനുഷ്യരും മൃഗങ്ങളും തേനീച്ചകളെ സമീപിച്ചു് അവർ ശേഖരിച്ചിരുന്ന മധുരപദാൎത്ഥത്തിൽനിന്നു് ഒരു ഭാഗം ആവശ്യപ്പെട്ടു. തൽസമയം തേനീച്ചകളുടെ സ്വാൎത്ഥം മുഴുത്തുവരുകയും അവർ ശേഖരിച്ചുവച്ചിരുന്ന പാനീയം രുചിച്ചുനോക്കുന്നതിനുപോലും അനുവദിക്കാതെ വിഷസങ്കലിതമായ കൊമ്പുകൊണ്ടു, തേൻ കുടിക്കാൻവന്ന അതിഥികളെ കുത്തിവേദനിപ്പിച്ചു് ഓടിക്കുകയും ചെയ്തു. സൎവ്വേശ്വരൻ തേനീച്ചകളെ തന്റെ സിംഹാസനത്തിങ്കലേക്കു വിളിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങളുടെ ഉപയോഗത്തിനുവേണ്ടിമാത്രമല്ല, തേൻ ശേഖരിക്കുവാനുള്ള ശക്തി നിങ്ങൾക്കു നല്കിയതു്. നിങ്ങൾ എത്രയും സ്വാൎത്ഥലോലുപരും ക്രൂരരുമായിത്തീൎന്നിരിക്കുന്നു. ആകയാൽ നിങ്ങളുടെ അയൽക്കാരെ നിങ്ങൾ കുത്തി വേദനിപ്പിക്കുന്നതോടുകൂടെ നിങ്ങളും മരിക്കും." അതാണു് ഇന്നു തേനീച്ചകളുടെ സ്ഥിതി.

പക്ഷികളെ സൃഷ്ടിച്ചതു് എത്രയും രസാവഹമായ ഒരു ചരിത്രമാണു്. പലവൎണ്ണത്തിൽ പലതരം പക്ഷികളെ ദൈവം സൃഷ്ടിച്ചു. മധുരമായി വിവിധരീതിയിൽ പാടുന്നതിനുള്ള സ്വരം അവയ്ക്കു നല്കി. തവിട്ടുനിറത്തിൽ വലിയ ഒരു പക്ഷിയെ സൃഷ്ടിച്ചതിനുശേഷം അതിനെ നോക്കിക്കൊണ്ടു പറഞ്ഞു: "നിന്റെ പേരു് ചുവന്നനെഞ്ചുള്ള റോബിൻ എന്നായിരിക്കും." അനന്തരം ചാരനിറത്തിൽ ഒരു പക്ഷിയെ സൃഷ്ടിച്ചു. അപ്പോഴേക്കു പിതാവായ ദൈവം ഉപയോഗിച്ചിരുന്ന പെയിന്റുകളെല്ലാം തീൎന്നുപോയിരുന്നു. എല്ലാ ബ്രഷുകളുമെടുത്തു് ഒരുമിച്ചു് അതിന്റെ മേൽതേച്ചു. വൎണ്ണങ്ങൾ ഭംഗിയായി മേളിച്ചു. ആ പക്ഷി എത്രയും മനോഹരമായി പ്രത്യക്ഷപ്പെട്ടു. അതിനെ ഗോൾഡ് ഫിഞ്ച് എന്നു ദൈവം പേരുവിളിച്ചു. റോബിനും ഗോൾഡ്ഫിഞ്ചും അടുത്തുള്ള മരത്തിന്റെ മുകളിൽ പറന്നുചെന്നു സ്രഷ്ടാവിന്റെ കാരുണ്യാതിരേകത്തെ വാഴ്ത്തി ദീൎഘനേരം പാടി ആനന്ദമടഞ്ഞു.

അനന്തരം റോബിൻ പറന്നുപോയി ഒരു തടാകത്തിന്റെ വക്കിലിരിക്കുവാൻ ഇടയായി. ആ പൊയ്കയിലെ ജലം ഒരു കണ്ണാടിപോലെ ആയിരുന്നതിനാൽ റോബിൻ അതിന്റെ പ്രതിഛായ വെള്ളത്തിൽ പ്രതിബിംബിച്ചു കണ്ടു. ഒരു ചുവപ്പുപൊട്ടുപോലും നെഞ്ചിൽ കണ്ടില്ല. ദൈവം തെററായി തനിക്കു പേരിട്ടതാണെന്നു റോബിൻ കരുതി. പലവൎണ്ണക്കിളിയേയും പ്രാവിനേയും മററും ഇത്ര സുന്ദരമായി സൃഷ്ടിച്ച ദൈവം തനിക്കും എന്തെങ്കിലും വൎണ്ണസംവിധാനം അനുവദിക്കാതിരിക്കുകയില്ലെന്നുറച്ചു. സൎവ്വനാഥനെ സമീപിച്ചു് ഒന്നു അഭ്യൎത്ഥിച്ചാലോ! കാരുണ്യവാനല്ലെ അവിടുന്നു്! ഞാൻ പോയി ചോദിക്കും. ഉടനെ റോബിൻ പറുദീസായിലേക്കു പറന്നു. സ്രഷ്ടാവിനെ സമീപിച്ചുകൊണ്ടു ചോദിച്ചു: "അവിടുന്നു് എന്നെ ചുവന്ന നെഞ്ചുള്ള റോബിൻ എന്നാണല്ലോ കഴിഞ്ഞ ദിവസം വിളിച്ചതു്. ഞാൻ ഒരു ചുവപ്പും കാണുന്നില്ല. അവിടുത്തേക്കു വല്ലതെററും പററിയോ?"

"ഇല്ല, പ്രിയ കുഞ്ഞേ, നീതന്നേ നിന്റെ നെഞ്ചു ചുവപ്പിക്കണം."

റോബിൻലോകം മുഴുവനും ചുററിനടന്നു പലതും ചെയ്തുനോക്കി. തൂവലുകളുടെ തവിട്ടുനിറത്തിനു് ഒരന്തരവും കണ്ടില്ല. കൊല്ലങ്ങൾ പലതു കഴിഞ്ഞു. ഓരോ റോബിനും ചാകാറാകുമ്പോൾ കുഞ്ഞുങ്ങളോടു പറയും: "നിങ്ങൾ നിങ്ങളുടെ നെഞ്ചു ചുവപ്പിക്കുവാൻ ശ്രമിക്കണം." ഒരിക്കൽ ഒരു റോബിൻ വളരെ ഭംഗിയായിപ്പാടിക്കൊണ്ടു പറഞ്ഞു "എന്റെ മധുരമായഗാനത്തിന്റെ ശ്രവണസുഖംകൊണ്ടു നെഞ്ചിന്റെ വൎണ്ണം മാറു"മെന്നു്. ഫലംനഹി. വേറൊരു റോബിൻ കരുതി തന്റെ സ്നേഹപ്രകടനങ്ങൾകൊണ്ടു തന്റെ നെഞ്ചു ചുവക്കുമെന്നു്. വളരെ യത്നിച്ചു; ഫലം നഹി. വേറൊന്നു് അഭിപ്രായപ്പെട്ടു സഹോദരപക്ഷികളെ പരാജയപ്പെടുത്തി നെഞ്ചിൽ ചുവന്നവൎണ്ണം നേടാമെന്നു്. വളരെ വിജയങ്ങൾ സമ്പാദിച്ചു; ഫലം നഹി. ഇനി തങ്ങളുടെ തൂവലുകൾ എന്നും തവിട്ടുവൎണ്ണമായി തുടരുകയുള്ളുവെന്നു് അവയെല്ലാം കരുതി.

ഒരു വസന്തകാലം. അഭിരാമങ്ങളായ കുസുമങ്ങളിൽനിന്നു മധുപാനംചെയ്തു ഭ്രമരാവലി മൂളിക്കൊണ്ടിരിക്കുമ്പോൾ ചെറുപക്ഷികൾ ആ പുഷ്പലതകളിൽ തത്തിച്ചാടിക്കളിച്ചുകൊണ്ടിരുന്നു. ആ സമയത്തു് ഒരു റോബിൻ അതിന്റെ കുഞ്ഞുങ്ങളോടു പറയുകയാണു് നമ്മുടെ നെഞ്ചു ചുവപ്പിക്കുവാൻ ദൈവം കല്പിച്ചിട്ടുള്ളതിനാൽ അതിനായി പരിശ്രമിക്കണമെന്നു്. ഈ വാക്കുകൾ പറഞ്ഞുകഴിയുന്നതിനുമുമ്പു വലിയ ഒരു ഇരച്ചിൽ കേട്ടു. വമ്പിച്ച ഒരു ജനാവലി തങ്ങളെ സമീപിക്കുന്നതായി ആ പക്ഷികൾ കണ്ടു. കുട്ടികളോടു നിശ്ചലമായി ഇരിക്കുവാൻ തന്തപ്പക്ഷി ആജ്ഞാപിച്ചു. ക്രൂരരായ ചില ആളുകൾ നിസൎഗ്ഗസുന്ദരനെങ്കിലും ക്ഷീണിതഗാത്രനായ ഒരാളെ കുരിശിൽ തറയ്ക്കാനായി വലിച്ചിഴച്ചുകൊണ്ടുപോകുന്ന കാഴ്ചയാണു് അവിടെ സംദൃഷ്ടമായതു്. ദുഃഖഭൂയിഷ്ഠമായ ആ വദനത്തെ ദീൎഘനേരം സംവീക്ഷണംചെയ്യാൻ സാധിക്കാതെ റോബിൻ കൺമറച്ചു. മററു പക്ഷികൾ അവരുടെ നൃത്തം നിറുത്തി. ഭ്രമരങ്ങളുടെ ആരവം ഒരു ആൎത്തസ്വരംപോലെ തോന്നി. ജനക്കൂട്ടം റോബിൻപക്ഷിയുടെ കൂടിൽനിന്നു നീങ്ങി വധസ്ഥലത്തു് എത്തിയെന്നു കണ്ടപ്പോൾ ആ പക്ഷി അടുത്തുള്ള ഒരു മരക്കൊമ്പിലേക്കു പറന്നു് വധസ്ഥലത്തു നടന്ന കാഴ്ചകൾ വീക്ഷിച്ചുകൊണ്ടിരുന്നു. ആണികൾ ശരീരത്തിൽ തറച്ചുകയറുന്നതും മുൾക്കിരീടം ശിരസ്സിൽ അടിച്ചിറക്കുന്നതും റോബിൻ കണ്ടു. കുറച്ചുകഴിഞ്ഞു റോബിൻ കുരിശിലേക്കുതന്നെ പറന്നെത്തി. ശിരസ്സിൽ ഏററവും കൂടുതൽ അടിച്ചിറക്കിയിരുന്ന മുള്ളു് ആ പക്ഷി ഊരിയെടുത്തു. അനുസ്യൂതമായി പ്രവഹിച്ച രക്തം റോബിന്റെ നെഞ്ചിനെ ശോണിതമാക്കി. തൽക്ഷണം ദിവ്യഗുരുവായ മിശിഹാ റോബിന്റെ നേരെ തിരിഞ്ഞു മന്ദഹാസംതൂകി. അനന്തരം ക്രൂശിതനായ രക്ഷാനാഥൻ ശിരസ്സുനമിക്കുകയും ജീവൻ വെടിയുകയും ചെയ്തു.

റോബിൻ സ്വന്തം കൂട്ടിലേക്കുതന്നേ മടങ്ങി. അവിടെ ചെന്നപ്പോൾ കുഞ്ഞുങ്ങൾ പറഞ്ഞു അച്ഛന്റെ നെഞ്ചു ചുവന്നിരിക്കുന്നുവെന്നു്. അല്പം രക്തം പുരണ്ടതാണെന്നു പിതൃപക്ഷി പ്രത്യുത്തരം നല്കി. കുളിച്ചാൽ പോകുമെന്നു കരുതി പലവുരു മുങ്ങിക്കുളിച്ചുനോക്കി. റോബിന്റെ നെഞ്ചു ചുവന്നുതന്നേ ഇരുന്നു. കുട്ടികളുടെ വക്ഷസ്സും തഥൈവ. അന്നുമുതൽ ഇന്നുവരെ റോബിന്റെ നെഞ്ചു ചുവന്നുതന്നെയാണിരിക്കുന്നതു്. ഹാ, പാപിയുടെ ഹൃദയം, വി. ശിഷ്യ, ദൈവത്തെ ഉപേക്ഷിച്ചു ജീവിക്കുന്നവരുടെ ഹൃദയം മിശിഹായുടെ ശിരസ്സിലെ തിരുരക്തംകൊണ്ടു നനഞ്ഞിരുന്നെങ്കിൽ!

---

ആരോഗ്യപംക്തി

# വിഷൂചിക

(വി. എൻ. വാസുദേവൻനായർ, ബി. എ.
ഹെൽത്തു് എഡ്യൂക്കേഷനൽ ഓഫീസർ)

യഥാൎത്ഥ സൗഭാഗ്യജീവിതത്തിനു സൎവ്വപ്രധാനമായി ആവശ്യമുള്ളതു് ആരോഗ്യമാണു്. ലൗകികജീവിതത്തിലെ ദുരിതങ്ങൾക്കു പ്രധാന നിദാനം അനാരോഗ്യമാണു്. ചില ആളുകൾ തങ്ങളുടെ അജ്ഞതനിമിത്തം അനാരോഗ്യം സ്വയംവരിക്കുന്നു. മററുചിലൎക്കു് ആരോഗ്യസംരക്ഷണകാൎയ്യങ്ങളെപ്പററി അറിവുണ്ടെങ്കിലും അതേപ്പററി ചിന്തിച്ചു് ക്ലേശിക്കാറില്ല. ഈ രണ്ടുകൂട്ടരുടെയും അനുഭവം ഒന്നുതന്നെ. സംക്രമികരോഗങ്ങൾ പലവിധത്തിലാണു് പകരുന്നതു്. മസൂരി തുടങ്ങിയ രോഗങ്ങൾ വായുവിൽക്കൂടിയും, മലമ്പനി, മന്തു് മുതലായവ കൊതുക മുഖാന്തിരവും, വിഷൂചിക തുടങ്ങിയവ ആഹാരപാനീയങ്ങൾ വഴിയായും പകരുന്നവയാണു്. ഇവയിൽ ഒടുവിൽ പറഞ്ഞ ഗണത്തിൽപ്പെട്ട ചില രോഗങ്ങളെപ്പററി പ്രസ്താവിക്കുന്നതു് ഉചിതമായിരിക്കുമെന്നു കരുതുന്നു.

വിഷൂചിക, സന്നിപാതജ്വരം, വയറുകടി മുതലായ രോഗങ്ങളാണു് ഈ ഇനത്തിൽ പ്രാധാന്യമർഹിക്കുന്നതു്. നമ്മുടെ നാട്ടിലെ ഏതൊരുവനും ഇവയെപ്പററി അറിയാമെന്നു അഭിമാനിക്കുമെങ്കിലും ബഹുഭൂരിപക്ഷം ആളുകൾക്കും ശരിയായ പരിജ്ഞാനം ഇല്ലെന്നുള്ളതു് പരമാൎത്ഥം.

1 വിഷൂചിക (Cholera) ഇതു അത്യന്തം ഭയങ്കരവും ആപത്കരവുമായ ഒരു സാംക്രമികരോഗമാണു്. ഇതു ബാധിക്കുന്നവരിൽ 50 ശതമാനം ആളുകളും മരിക്കുകയാണു് പതിവു്. അതിസൂക്ഷ്മങ്ങളായ ഒരുതരം വിഷാണുക്കളാണു് ഈ രോഗത്തിനു കാരണം. രോഗികളുടെ മലം, ഛർദ്ദി എന്നീ വിസൎജ്ജ്യങ്ങളിൽ ഇവ അസംഖ്യം ഉണ്ടായിരിക്കും. ഈ അണുക്കൾ കലൎന്ന ആഹാരപാനീയങ്ങൾ ഉപയോഗിക്കുന്നതുമൂലം മാത്രമാണു് രോഗം വ്യാപിക്കുന്നതു്. ദുഷിച്ച വെള്ളം മുഖേനയും വിഷൂചിക പലപ്പോഴും പകരുന്നുണ്ടു്. ശുദ്ധജലവിതരണപദ്ധതികൾ പ്രയോഗത്തിൽ വന്നിട്ടുള്ള സ്ഥലങ്ങളിൽ മററു സ്ഥലങ്ങളെ അപേക്ഷിച്ചു വളരെ കുറവായിമാത്രമേ വിഷൂചിക ബാധിക്കുന്നുള്ളു. രോഗികളോടുള്ള അടുത്ത സംസൎഗ്ഗം, അവരുടെ പാത്രങ്ങൾ, വസ്ത്രങ്ങൾ, ശയ്യോപകരണങ്ങൾ ഇത്യാദി അണുനിബിഡമായ സാധനങ്ങളുമായുള്ള സമ്പൎക്കം ഇവയാണു് രോഗപ്പകൎച്ചയ്ക്കുള്ള പ്രധാന കാരണങ്ങൾ. ഈച്ചകൾ മുഖേന വിഷൂചികാരോഗാണുക്കൾ ആഹാരപാനീയങ്ങളിൽ കലരുവാൻ വളരെ എളുപ്പമുണ്ടു്. ആഹാരപദാൎത്ഥങ്ങളും വിസൎജ്ജ്യങ്ങളും തമ്മിൽ അവയ്ക്കു ഭേദമില്ലല്ലോ. രണ്ടും അവയ്ക്കു ഭോജ്യങ്ങളത്രെ. രോഗാണുക്കൾ ആഹാരപാനീയങ്ങളിൽക്കൂടി മനുഷ്യശരീരത്തിൽ പ്രവേശിച്ചാൽ ഏതാനും മണിക്കൂറുകൾ തുടങ്ങി അഞ്ചുദിവസത്തിനകംതന്നെ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാം.

കലശലായ വയററിളക്കം, വയററിലും കൈകാലുകളിലും ഉരുണ്ടുകയററം, ശൈത്യബാധ, മൂത്രമടപ്പു്, അതികഠിനമായ ദാഹം, സത്വക്ഷയം ഇവയാണു് ഈ രോഗത്തിന്റെ പ്രധാനലക്ഷണങ്ങൾ. ഈ ലക്ഷണങ്ങളോടുകൂടിയുള്ള രോഗം ആൎക്കെങ്കിലും ബാധിച്ചതായി കണ്ടാൽ ഉടൻതന്നെ അടുത്തുള്ള പബ്ലിക്കു് ഹെൽത്തു് ഉദ്യോഗസ്ഥനെ വിവരം അറിയിക്കുകയും സമൎത്ഥനായ ഒരു ഡോക്ടരെക്കൊണ്ടു ചികിത്സിപ്പിക്കുകയും ചെയ്യണം. രോഗിയെ ഒരു പ്രത്യേക കെട്ടിടത്തിലോ, അതിനു നിവൃത്തിയില്ലാത്തപക്ഷം ഒരു പ്രത്യേകമുറിയിലോ മാററി കിടത്തേണ്ടതാണു്. വായുസഞ്ചാരവും വെളിച്ചവുമുള്ള മുറികളിൽവേണം രോഗികളെ കിടത്തുവാൻ. രോഗിയെ ചൂടുള്ള കിടക്കയിൽ കിടത്തുകയും ശൈത്യബാധ ഉണ്ടാകാതെ സൂക്ഷിക്കുകയും വേണം. ദാഹശമനാൎത്ഥം മലർ ഇട്ടു് തിളപ്പിച്ചു് ആററിയ വെള്ളമോ, കരിക്കിൻവെള്ളമോ, കുറേശ്ശെ കൊടുത്തുകൊണ്ടിരിക്കണം. നല്ല പരിചയമുള്ള ആളുകളെ മാത്രമേ ശുശ്രൂഷയ്ക്കു നിയോഗിക്കാവൂ. രോഗിക്കു വേണ്ട പരിചരണം ചെയ്തതിനുശേഷവും ആഹാരം കഴിക്കുന്നതിനു മുമ്പും കൈകൾ സോപ്പു്, ലോഷൻ, ചൂടുവെള്ളം ഇവ ഉപയോഗിച്ചു് ശുദ്ധിവരുത്തേണ്ടതാണു്. രോഗി കിടക്കുന്ന മുറിയിൽവെച്ചു് ആഹാരപദാൎത്ഥങ്ങൾ തയാറാക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതു് നിന്ദ്യമെന്നുമാത്രമല്ല ആപൽക്കരവുംകൂടിയാകുന്നു. രോഗിയുടെ മലം, ഛർദ്ദി, മൂത്രം തുടങ്ങിയ വിസൎജ്ജ്യങ്ങളെ ഉടനുടൻ മാററി ലോഷൻ ഒഴിച്ചു കുഴിച്ചുമൂടുകയോ, മരപ്പൊടിയോ, ഉമിയോ ചേൎത്തു തീയിട്ടുകളയുകയോ ചെയ്യേണ്ടതാണു്. രോഗിയുടെ ശയ്യോപകരണങ്ങളും അണുനാശകദ്രാവകങ്ങൾ ഉപയോഗിച്ചു ശുദ്ധീകരിച്ചുകൊണ്ടിരിക്കണം.

ഏതെങ്കിലും സ്ഥലത്തു് ആൎക്കെങ്കിലും വിഷൂചിക ബാധിച്ചതായി അറിവുകിട്ടിയാലുടനെതന്നെ വിഷൂചികരോഗനിരോധകമായ കുത്തിവയ്പു് ആ സ്ഥലവാസികൾക്കു മാത്രമല്ല ആ സ്ഥലത്തു പോകാൻ ഇടയുള്ളവൎക്കും ചെയ്യിക്കുന്നതു രോഗവ്യാപ്തിയെ തടയുന്നതിനുള്ള ഏററവും മുഖ്യമായ മാൎഗ്ഗമാണു്. ഇപ്രകാരമുള്ള പ്രതിരോധക കുത്തിവയ്പിന്റെ ഫലം 7 മാസംവരെ മാത്രമേ നിലനില്ക്കുകയുള്ളു എന്നുള്ളതിനാൽ വീണ്ടും കുത്തിവയ്പിക്കേണ്ടതുമാകുന്നു. പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെന്റിലെ സാനിട്ടറി ഇൻസ്പെക്ടറന്മാരും സാനിട്ടറി സൎക്കിൾ ആഫീസറന്മാരും ഈ കുത്തിവയ്പു് ആവശ്യാനുസരണം സൗജന്യമായി ചെയ്തുതരുന്നതാണു്.

വൃത്തിയായി സൂക്ഷിക്കുന്ന കിണറുകളിൽനിന്നുമാത്രമേ കുടിക്കുന്നതിനും വസ്ത്രം ശുദ്ധിവരുത്തുന്നതിനും പാചകത്തിനും ആവശ്യമുള്ള വെള്ളം എടുക്കാവൂ. കുഴൽവെള്ളം ലഭിക്കുന്ന സ്ഥലങ്ങളിൽ അതുമാത്രമേ ഉപയോഗിക്കാൻ പാടുള്ളു. കുടിക്കുന്നതിനു ഉപയോഗിക്കുന്ന വെള്ളം തിളപ്പിച്ചാററിയതായിരിക്കണം. ആഹാരസാധനങ്ങൾ ശരിയായി പാകംചെയ്തവയും ചൂടുള്ളവയും എളുപ്പം ദഹിക്കുന്നവയും പൊടിയും ഈച്ചയും പററാതെ വൃത്തിയായിസൂക്ഷിക്കപ്പെട്ടവയും ആയിരിക്കേണ്ടതാണു്. രോഗം ബാധിച്ച സ്ഥലങ്ങളിൽനിന്നു കൊണ്ടുവരുന്ന മോരു്, പാലു് മുതലായ സാധനങ്ങൾ ഉപയോഗിക്കാതിരിക്കുന്നതാണു് ഉത്തമം.

നമ്മുടെ സംസ്ഥാനത്തു കോളറാനിരോധനപ്രവൎത്തനങ്ങൾ കാൎയ്യക്ഷമമായി നടത്തിപ്പോകുന്നതുകൊണ്ടു് ഇൻഡ്യൻ യൂണിയനിൽപ്പെട്ട അയൽപ്രദേശങ്ങളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ വിഷൂചികബാധയും തന്മൂലമുള്ള മരണവും എത്രയും ചുരുങ്ങിയതോതിലേ ഉണ്ടാകുന്നുള്ളു. 1947-ലും, 48-ലും മധുരയിലും തിരുനൽവേലിയിലും യഥാക്രമം 2800-ം 2400-ം മരണങ്ങൾ വിഷൂചികമൂലം ഉണ്ടായപ്പോൾ തിരുവിതാംകൂറിൽ 4 പേർമാത്രമാണു് ഈ രോഗംമൂലം മരണമടയുന്നതിനു ഇടയായിട്ടുള്ളു. 1930 വരെ ഇവിടെയും വിഷൂചികമഹാമാരി അനേകായിരം ജീവൻ ആപത്തിലാക്കിക്കൊണ്ടിരുന്നു. 1931-ൽ പൊതുജനാരോഗ്യഡിപ്പാർട്ടുമെന്റു് ആധുനികരീതിയിൽ സംഘടിപ്പിച്ചതിനുശേഷം ഏഴുകൊല്ലത്തിലൊരിക്കൽ ആവിർഭവിക്കുന്ന ഈ രോഗംമൂലം മരണമടയുന്നവരുടെ സംഖ്യ ഏററവും കുറവായിട്ടുണ്ടു്. ഇതു സമൎത്ഥമായ പ്രതിരോധവ്യവസ്ഥയുടെ ഫലമാണെന്നുള്ളതു നിൎവിവാദമാണു്.

# മലങ്കര യാക്കോബായസഭാ
# സമാധാനസമ്മേളനം

(ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

I

കേരളത്തിലെ യാക്കോബായസഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള വിവിധമാർഗ്ഗങ്ങളെപ്പററി പര്യാലോചിക്കുന്നതിനും, അതിനുവേണ്ട കമ്മിററികൾ രൂപവൽക്കരിക്കുന്നതിനും, പ്രമേയങ്ങൾ പാസ്സാക്കുന്നതിനും മററുമായി നിരവധി സമ്മേളനങ്ങൾ ഇതിനോടകം നടത്തപ്പെട്ടിട്ടുണ്ടു. എന്നാൽ അവയിൽ ഏററം പ്രാധാന്യം അർഹിക്കുന്നതും വിപുലമായ രീതിയിൽ നടത്തപ്പെട്ടതുമായ ഒരു സമ്മേളനമായിരുന്നു ഇക്കഴിഞ്ഞ ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച കോട്ടയത്തുവെച്ചു നടന്ന മഹായോഗം. കോട്ടയം പുത്തനങ്ങാടി "സഭാസമാധാനസംഘടന"യുടെ ആഭിമുഖ്യത്തിലും യവനായസഭയിലെ ഒരംഗമായ ഗ്രീസിലെ പീററർ രാജകുമാരന്റെ അദ്ധ്യക്ഷതയിലും നടന്ന പ്രസ്തുത സമ്മേളനം ഏതദ്വിഷയകമായി ഇതേവരെ നടത്തപ്പെട്ടിട്ടുള്ള എല്ലാ സമ്മേളനങ്ങളേയും അതിശയിക്കത്തക്കതുതന്നെയായിരുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പതിനായിരക്കണക്കിനു തടിച്ചുകൂടിയിരുന്ന ജനങ്ങളുടെ ഉത്സാഹപ്രകടനങ്ങളും, സമ്മേളനഭാരവാഹികളായ യുവജനങ്ങളുടെ നിസ്വാർത്ഥമായ ത്യാഗസന്നദ്ധതയും, സഭാമേലദ്ധ്യക്ഷന്മാരുടെ ശുഭസൂചകമായ ആശംസാസന്ദേശങ്ങളും, സുപ്രസിദ്ധന്മാരായ പ്രാസംഗികന്മാരുടെ അർത്ഥസംപുഷ്ടമായ ഉദ്ബോധനങ്ങളും നാലുലക്ഷത്തോളം വരുന്ന ഇവിടത്തെ യാക്കോബായസഭാംഗങ്ങൾക്കു തങ്ങളുടെ സഭയിൽ സമാധാനം സംസ്ഥാപിതമായിക്കാണുവാനുള്ള "ആവേശഭരിതമായ അഭിനിവേശത്തിന്റെ സജീവപ്രകടനം" തന്നെ ആയിരുന്നുവെന്നുള്ളതിനു സംശയമില്ല. പക്ഷേ, ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു ഈ സമ്മേളനം സഹായകമായി ഭവിക്കുമോ അതോ, കഴിഞ്ഞ സമ്മേളനങ്ങളെപ്പോലെ ഇതും നിഷ്ഫലമായിത്തന്നെ പരിണമിക്കുമോ എന്നുള്ളതു കണ്ടറിയേണ്ടതായിട്ടാണിരിക്കുന്നതു.

ആരെല്ലാം എന്തുമാത്രം പരിശ്രമിച്ചാലും യാക്കോബായസഭയിൽ സമാധാനം സംസ്ഥാപിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതിനു ശ്രുതിയിൽനിന്നും, യുക്തിയിൽനിന്നും, അനുഭവത്തിൽനിന്നും ഒട്ടനേകം തെളിവുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു "യാക്കോബായസഭയിലെ സമാധാനപരിശ്രമങ്ങൾ" എന്ന തലക്കെട്ടിൽ "സത്യദീപ"പംക്തികളിൽ ഞാൻ ചില ലേഖനങ്ങൾ എഴുതിയിരുന്നതു മാന്യവായനക്കാർ വിസ്മരിച്ചിരിക്കയില്ലല്ലോ. ഇതു സംബന്ധിച്ചു ഞാൻ എഴുതിയിട്ടുള്ള ഒരു ചെറുപുസ്തകത്തിൽ * ഇതിലേക്കായി വേറെയും നിരവധി തെളിവുകൾ നല്കിയിട്ടുമുണ്ടു. ഏതായാലും ഇവയെല്ലാം ഉപോദ്ബലകമായ ഒട്ടനേകം ഇതരതെളിവുകളും ഇക്കഴിഞ്ഞ കോട്ടയംസമ്മേളനത്തിൽനിന്നും ലഭിച്ചുകഴിഞ്ഞിരിക്കുന്നു. സമാധാനത്തിനുവേണ്ടി പരിശ്രമിക്കുന്നതിനുള്ള "മാർഗ്ഗ"ങ്ങളെക്കുറിച്ചുപോലും വിഭിന്നങ്ങളായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണു പ്രമേയാവതാരകന്മാരും പ്രാസംഗികന്മാരും ആ സമാധാനസമ്മേളനത്തിൽ പുറപ്പെടുവിച്ചതു. അവിടെ അവതരിപ്പിച്ച രണ്ടു പ്രമേയങ്ങളിൽ ആദ്യത്തേതു ചുവടേ ചേർത്തുകൊള്ളുന്നു.

"മലങ്കരസഭയിൽ ഇന്നു നിലനിന്നുപോരുന്ന ഭിന്നതകൾ അവസാനിപ്പിച്ചു സഭയിൽ സമാധാനം കൈവരുത്തുന്നതിലേക്കു ഇരുഭാഗത്തേയും മേലദ്ധ്യക്ഷന്മാരുടെ ഒരു വട്ടമേശസമ്മേളനം ഇന്നുമുതൽ മൂന്നു മാസത്തിനകം കൂടി ഇരുകക്ഷികൾക്കും സ്വീകാര്യമായ വ്യവസ്ഥകൾ ഉണ്ടാക്കി സഭയിൽ സമാധാനം കൈവരുത്തണമെന്നു ഈ യോഗം വന്ദ്യതിരുമേനിമാരോടു അഭ്യർത്ഥിക്കുന്നു."

ഈ പ്രമേയത്തിലെ താല്പര്യമനുസരിച്ചു വട്ടമേശസമ്മേളനത്തിനായി ഓർത്തഡോക്സുകക്ഷിയിലെ മേലദ്ധ്യക്ഷന്മാർ സന്നദ്ധത പ്രകടിപ്പിച്ചേക്കാമെങ്കിലും പാത്രിയർക്കീസുകക്ഷിയിലെ മെത്രാന്മാർ അതിനു സന്നദ്ധരാകുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. ഏവംവിധമുള്ള ഒരു വട്ടമേശസമ്മേളനത്തിനു യാക്കോബായ പാത്രിയർക്കീസു അനുവാദം നല്കുമോ എന്നും, പാത്രിയർക്കീസിന്റെ അനുവാദം കൂടാതെ അതിൽ സംബന്ധിക്കുവാൻ അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാന്മാർ സന്നദ്ധരാകുമോ എന്നും, അഥവാ വട്ടമേശസമ്മേളനം കൂടിയാൽത്തന്നെയും സമാധാനവ്യവസ്ഥകളിൽ അവർതമ്മിൽ യോജിപ്പുണ്ടാകുമോ എന്നും മററുമുള്ളതു ചിന്താശീലന്മാരെ കുഴയ്ക്കുന്ന പ്രശ്നങ്ങൾ തന്നെയാണു. ഇക്കഴിഞ്ഞ അനുഭവങ്ങൾ നിശ്ചയമുള്ളവർ, എത്ര ശുഭാപ്തിവിശ്വാസികളായിരുന്നാൽത്തന്നെയും, "വട്ടമേശസമ്മേളന"ത്തിന്റെ ഫലപ്രാപ്തിയെപ്പററി സന്ദേഹിച്ചുപോയെങ്കിൽ അവരെ അതിൽ കുററപ്പെടുത്തുവാനും നിവൃത്തികാണുന്നില്ല. പ്രസ്തുത സമ്മേളനത്തിൽ പ്രസംഗിച്ച ശ്രീമാൻ ഇ. ജോൺ പീലിപ്പോസുപോലും പ്രമേയമനുസരിച്ചുള്ള "വട്ടമേശസമ്മേളനം" നിഷ്ഫലമാണെന്നു പരസ്യമായി പ്രസംഗിക്കുകയും ചെയ്തുകഴിഞ്ഞ ആ സ്ഥിതിക്കു കഴിഞ്ഞ നിരവധി സമ്മേളനങ്ങളിലെ പ്രമേയങ്ങളോടൊപ്പം ഇതിനേയും പരിഗണിക്കുന്നതിനേ സുബുദ്ധിയുള്ളവർ തയ്യാറാവുകയുള്ളു.

സമ്മേളനത്തിലെ ഒരു പ്രാസംഗികനായിരുന്ന റവ. ഫാദർ പി. പി ജോസേഫ് എം. ഏ. അവർകൾ സഭാസമാധാനത്തിനു നിർദ്ദേശിച്ച മാർഗ്ഗം "വട്ടമേശസമ്മേളന"മല്ല, പിന്നെയോ ഒരു "ഒത്തുതീർപ്പുസമ്മേളന"മാണു. അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസു ബാവാ തിരുമേനിയും, ഇവിടത്തെ കാതോലിക്കാ ബാവാ തിരുമേനിയും, സഹോദരസഭയിൽ പെട്ട (?) ഒരു വൈദികാദ്ധ്യക്ഷനും ഒന്നിച്ചുകൂടി ഒരു അവസാനതീർപ്പു ചെയ്യണമെന്നും, ആ തീർപ്പു ഇരുപക്ഷക്കാരും ശിരസാ സ്വീകരിക്കണമെന്നുമായിരുന്നു അദ്ദേഹം നിർദ്ദേശിച്ചമാർഗ്ഗം. യാക്കോബായസഭയുടെ സഹോദരസഭയായി മാർത്തോമ്മാസഭയേയോ, ആംഗ്ലിക്കൻ സഭയെയോ ആണു ബ: പ്രാസംഗികൻ ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ ആ സഭകളിലെ മെത്രാന്മാർ യാക്കോബായ സഭാസമാധാനത്തിനുവേണ്ടി കഴിവതു ഇതിനകം പരിശ്രമിച്ചിട്ടുണ്ടെന്നും, അവസാനം, പ്രസ്തുതസഭയിൽ സമാധാനം സാദ്ധ്യമല്ലെന്നു മനസ്സിലായതിന്റെ ഫലമായി പിന്മാറിയിരിക്കയാണെന്നും, ഇനിയും ഒരു "ഒത്തുതീർപ്പുസമ്മേളന"ത്തിനായി വന്നു സ്വാഭിമാനംപോലും നഷ്ടപ്പെടുത്തുവാൻ അവർ തയ്യാറാവുകയില്ലെന്നും അദ്ദേഹം ധരിച്ചിരിക്കേണ്ടതാണു. തന്നെയുമല്ല, തന്റെ ദൃഷ്ടിയിൽ മെത്രാൻസ്ഥാനമെന്നല്ല പട്ടത്വംപോലുമില്ലാത്ത "ചുവപ്പുവേഷധാരികളെ" സഹോദരസഭാമേലദ്ധ്യക്ഷന്മാരായി പരിഗണിച്ചു അവരുമായുള്ള ഒരു "ഒത്തുതീർപ്പുസമ്മേളന"ത്തിൽ സംബന്ധിക്കുവാനും അവരുടെ ആലോചനകൾക്കു കീഴ്പെടുവാനും യഥാസ്ഥിതികത്വവും വിശ്വാസതീക്ഷ്ണതയും നിറഞ്ഞിരിക്കുന്ന യാക്കോബായ പാത്രിയർക്കീസു സന്നദ്ധതപ്രകടിപ്പിക്കുമെന്നു ഊഹിക്കുന്നതിനുപോലും നിവൃത്തിയില്ല. ആ സ്ഥിതിക്കു ബ. പി. പി. ജോസേഫ് കത്തനാർ അവർകളുടെ "ഒത്തുതീർപ്പുസമ്മേളന"മാർഗ്ഗവും അപ്രായോഗികമായി അവശേഷിക്കുന്നതിനേ മാർഗ്ഗം കാണുന്നുള്ളു.

രണ്ടാമത്തെ പ്രാസംഗികനായിരുന്ന മന്ത്രി ശ്രീമാൻ ഇ. ജോൺ പീലിപ്പോസ് അവർകൾ പ്രസ്താവിച്ചതു, ആരെത്രയൊക്കെ പരിശ്രമിച്ചാലും, എത്രയെല്ലാം സമ്മേളനങ്ങൾ കൂടിയാലും, പാത്രിയർക്കീസു ബാവാ തിരുമേനിയുടെ ഇഷ്ടമനുസരിച്ചു സകലവും നടക്കുകയുള്ളുവെന്നും, ആകയാൽ അദ്ദേഹത്തെ മലങ്കരയിൽ കൊണ്ടുവന്നു കാര്യങ്ങൾ ശരിക്കു മനസ്സിലാക്കിയെങ്കിൽമാത്രമേ സമാധാനം സാദ്ധ്യമാകയുള്ളുവെന്നും, സമാധാനസംഘടനയുടെ ഭാരവാഹികൾ ശ്രമിക്കേണ്ടതു അതിനുവേണ്ടിയാണെന്നും മററുമായിരുന്നു. ഇവിടത്തെ സ്ഥിതിഗതികൾ അന്ത്യോഖ്യയിൽ ഇരുന്നു എഴുത്തുകുത്തുകൾമൂലവും പലരുമായുള്ള അഭിമുഖസംഭാഷണങ്ങൾമൂലവും മനസ്സിലാക്കുവാൻ ഇതേവരെ യാക്കോബായ പാത്രിയർക്കീസിനു സാധിച്ചില്ലെങ്കിൽ ബഹുമാന്യ പ്രാസംഗികന്റെ നിർദ്ദേശാനുസാരം ഇവിടെവന്നാലും അദ്ദേഹത്തിന്റെ മനഃസ്ഥിതിക്കു വ്യത്യാസം വരുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. സമാധാനസംസ്ഥാപനാർത്ഥം പരേതനായ മാർ ഏലിയാസ് പാത്രിയർക്കീസു ബാവാ തിരുമേനി ഏതാനും വർഷങ്ങൾക്കുമുമ്പു ഇവിടെ എഴുന്നള്ളി അനേകമാസങ്ങൾ താമസിച്ചിട്ടും, സ്ഥിതിഗതികൾ അദ്ദേഹം വേണ്ടവിധം ഗ്രഹിച്ചിട്ടും, സമാധാനം കൈവന്നില്ലെന്നുള്ള വാസ്തവം ശ്രീമാൻ ജോൺ പീലിപ്പോസിനു അറിയാമെന്നുള്ളതിനു സംശയമില്ല.

സുമാർ മൂന്നു വർഷങ്ങൾക്കു മുമ്പു "സഭയിൽ യോജിപ്പോ പിളർപ്പോ" എന്ന ശീർഷകത്തിൽ "പൗരപ്രഭ"യിൽ ശ്രീമാൻ ജോൺ പീലിപ്പോസുതന്നെ എഴുതിയിരുന്ന ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു:—

"മലങ്കരസഭയുടെ നിലനില്പിനും, ഉദ്ധാരണത്തിനും, ശ്രേയസ്സിനും രണ്ടു കാര്യങ്ങൾ അത്യന്താപേക്ഷിതമാണു. മലങ്കരസഭയുടെ ഭരണത്തിൽ അന്ത്യോഖ്യാ ഇടപെടരുതു. അതിന്റെ ഭരണം ഇവിടത്തെ അസോസ്യേഷനും മലങ്കരയിലെ മെത്രാന്മാരുടെ സുന്നഹദോസും കൂടി തീരുമാനിക്കുന്നതുപോലെ ആയിരിക്കണം" (പൗരപ്രഭ 22 ജൂൺ 1946)

അന്ത്യോഖ്യാ പാത്രിയർക്കീസു മലങ്കരസഭയുടെ ഭരണത്തിൽ ഇടപെടാതിരുന്നാൽമാത്രമേ ഇവിടെ സമാധാനമുണ്ടാകയുള്ളുവെന്നു മൂന്നു കൊല്ലങ്ങൾക്കു മുമ്പു ശക്തിയുക്തം വാദിച്ച മാന്യദേഹം ഇപ്പോൾ "അന്ത്യോഖ്യാ പാത്രിയർക്കീസിനെക്കൊണ്ടു മാത്രമേ ഇവിടത്തേ സഭയിൽ സമാധാനം ഉണ്ടാക്കുവാൻ സാധിക്കയുള്ളുവെന്നും ആകയാൽ അദ്ദേഹത്തെ ഇവിടെ കൊണ്ടുവരണമെന്നും" മററും ആവേശഭരിതമായി പ്രസംഗിക്കത്തക്കവിധം അദ്ദേഹത്തിന്റെ മനഃസ്ഥിതിക്കുണ്ടായ പരിവർത്തനം അത്ഭുതജനകംതന്നെ. പക്ഷേ, അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു അന്ത്യോഖ്യാ പാത്രിയർക്കീസു ഇവിടെ എഴുന്നെള്ളുമോ എന്നുള്ളതു കണ്ടറിയേണ്ടതായിട്ടാണിരിക്കുന്നതു. പാത്രിയർക്കീസു കക്ഷിയിൽപ്പെട്ട നി. വ. ദി. ശ്രീ മാർ ഗ്രിഗോറിയോസു തിരുമേനി രണ്ടു മാസങ്ങൾക്കുമുമ്പു ആലുവായിൽവെച്ചു "മലയാളമനോരമ" പ്രതിനിധിയോടു പ്രസ്താവിച്ചതു ഇപ്രകാരമായിരുന്നു:—

"മലങ്കരയിൽ സമാധാനം പുനഃസ്ഥാപിക്കാതെ പരിശുദ്ധ പിതാവു മലങ്കരയിൽ കാൽ കുത്തുകയില്ല. അതിനാൽ കാതോലിക്കാ, പാത്രിയർക്കീസു ബാവാ തിരുമേനിയെ സമീപിച്ചു അവർ തമ്മിൽ സന്ധാനമാകണം. ("മലയാളമനോരമ" 1125 ചിങ്ങം 25)

പാത്രിയർക്കീസു ബാവാ തിരുമേനിയുടെ ഇംഗിതം ശരിയായി ഗ്രഹിച്ചിരിക്കുന്ന മാർ ഗ്രിഗോറിയോസു തിരുമേനി "സമാധാനം പുനഃസ്ഥാപിക്കാതെ പരിശുദ്ധ പിതാവു മലങ്കരയിൽ കാൽ കുത്തുകയില്ല" എന്നു സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുമ്പോൾ "സമാധാനം പുനഃസ്ഥാപിക്കുന്നതിനായി പാത്രിയർക്കീസു ബാവായെ മലങ്കരയിലേക്കു കൊണ്ടുവരണ"മെന്നുള്ള ശ്രീമാൻ ജോൺ പീലിപ്പോസിന്റെ അഭിപ്രായവും നിർദ്ദേശവും എങ്ങനെ പ്രായോഗികമാക്കിത്തീർക്കുവാൻ സാധിക്കും? അതിനുവേണ്ടി പരിശ്രമിക്കുവാനും, പണം ചെലവു ചെയ്യുവാനും, അവസാനം ഇച്ഛാഭംഗപ്പെടുവാനും എത്രപേർ സന്നദ്ധരാവും? പ്രായോഗികമല്ലാത്ത കാര്യങ്ങൾ പ്രസംഗിക്കുവാനും പ്രമേയരൂപത്തിൽ അവതരിപ്പിക്കുവാനും ആർക്കും നിഷ്പ്രയാസം സാധിക്കുന്നതാണല്ലോ.

* പ്രസ്തുതപുസ്തകം 4 ണ. വിലയ്ക്കു തിരുവല്ലാ സെൻറു ജോസഫ്സ് പ്രസ്സിൽനിന്നും കിട്ടുന്നതാണു.

---

സിസ്റ്റർ അൽഫോൻസായുടെ മാദ്ധ്യസ്ഥം വഴിയായി രോഗശാന്തി ലഭിച്ചതിനു ഉപകാരസ്മരണ.

Mrs. A. C. Iypunny, Trichur

---

## ബിഷപ്പ്സ് കോൺഫറൻസ് ചർച്ചകൾ

ഇന്ത്യയിലെ കത്തലിക് ബിഷപ്പ്സ് കോൺഫറൻസ് വർക്കിംഗ് കമ്മിററിയുടെ യോഗം, ഒക്ടോബർ 11 മുതൽ 17 വരെ തീയതികളിലും, സ്റ്റാൻഡിംഗ് കമ്മിററിയുടെ യോഗം ഒക്ടോബർ 17 മുതൽ 19 വരെ തീയതികളിലും ബാംഗ്ളൂർവെച്ചു സ്ഥിരാദ്ധ്യക്ഷൻ കൽക്കട്ടാ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ കത്തോലിക്കാസഭയെ ബാധിക്കുന്ന പല പ്രശ്നങ്ങളും കോൺഫറൻസിന്റെ ചർച്ചയ്ക്കു വിഷയമായി.

സാമ്രാജ്യനിയമസഭയിൽ അവതരിപ്പിച്ചു സെലക്ട് കമ്മിററി റിപ്പോർട്ടു കഴിഞ്ഞിട്ടുള്ള "ഹിന്ദു കോഡ് ബില്ലിൽ" മൗലികാവകാശങ്ങൾക്കു കടകവിരുദ്ധമായ ചില ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നതു കോൺഫറൻസിന്റെ ശ്രദ്ധയിൽ പെടുത്തപ്പെട്ടു. ക്രിസ്ത്യാനികളുടെ മതപരമായ മൗലികാവകാശങ്ങൾക്കു പ്രത്യക്ഷമായും പരോക്ഷമായും ഹാനികരമായേക്കാവുന്ന ആ ഭാഗങ്ങളെപ്പററി കോൺഗ്രസ് നേതാക്കന്മാരുടെ പക്കൽ നിവേദനംനടത്തുന്നതിനു കോൺഫറൻസ് സിക്രട്ടറിയെ ചുമതലപ്പെടുത്തി.

കമ്മ്യൂണിസത്തിന്റെ ദോഷഫലങ്ങളെ ചൂണ്ടിക്കാണിച്ചും, ശരിയായ സാമൂഹ്യവ്യവസ്ഥിതിയുടെ തത്വങ്ങളെ ഉൾക്കൊള്ളിച്ചും ഇന്ത്യയിലെ കത്തോലിക്കാ ഹയരാർക്കികളുടെ നാമത്തിൽ ഒരു സംയുക്ത ഇടയലേഖനം പ്രസിദ്ധം ചെയ്യുന്നതിനു തീരുമാനിക്കുകയും, ഇടയലേഖനം തയാറാക്കുകയും ചെയ്തിരിക്കുന്നു. പ്രാദേശികസൂനഹദോസിൽ ആദ്ധ്യക്ഷംവഹിക്കുന്നതിനു മാർപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധിയായി ഇവിടെയെത്തുന്ന ഗിൽറോയി കർദ്ദിനാൾ തിരുമേനിക്കു സ്വീകരണംനൽകുന്ന സംഗതിയും കോൺഫറൻസിൽ ചർച്ചാവിഷയമായി. സൂനഹദോസിന്റെ നടത്തിപ്പിനു നിയമിക്കപ്പെടേണ്ട സിക്രട്ടറിമാരുടേയും പേരുകൾ ഇൻറർനുൺഷിയോ തിരുമനസ്സിലേക്കു സമർപ്പിക്കുവാൻ തീരുമാനിച്ചു.

ഭാരതത്തിന്റെ ഭരണാധികാരികൾക്കും രാഷ്ട്രീയനേതാക്കന്മാർക്കും ദൈവാനുഗ്രഹം അഭ്യർത്ഥിക്കുന്ന ഒരു അംഗീകൃതപ്രാർത്ഥന ഇപ്പോൾ ഇല്ലാതിരിക്കുകയാണല്ലോ. കോൺഫറൻസിൽ വെച്ചു അതിലേക്കു പററിയ ഒരു പ്രാർത്ഥന അംഗീകൃതമായിരിക്കുന്നു.

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സുർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്ക്, ബ്രോഡ്വേ- എറണാകുളം

പ്രഭാഷണം

# സ്ത്രീജനോദ്ധാരക

"സ്ത്രീകളിൽ ആശീർവദിക്കപ്പെട്ടവൾ നീ" ("നന്മനിറഞ്ഞമറിയ"ത്തിലെ മൂന്നാം വാക്യം)

"സ്വർഗ്ഗത്തിൽ ഒരു വലിയ അടയാളം കാണപ്പെട്ടു. സൂര്യനെ ധരിച്ചിരിക്കുന്ന ഒരു സ്ത്രീ. അവളുടെ കാലുകളുടെ കീഴിൽ ചന്ദ്രൻ. അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം" (വെളി. XII-1).

സ്ത്രീസമുദായത്തിനു ഇന്നു കൈവന്നിരിക്കുന്ന ഉൽകർഷത്തിന്റേയും ബഹുമാന്യതയുടേയും ഉന്നതവിഷ്ടരത്തിൽനിന്നുകൊണ്ടു, ക്രിസ്തുവിനു മുമ്പു സ്ത്രീസമുദായം അനുഭവിച്ചിരുന്ന അവശതകളുടേയും അപകർഷത്തിന്റേയും അടിത്തട്ടിലേക്കു ഒന്നു കണ്ണോടിച്ചാൽ കാണാം ക്രിസ്തുമതം സ്ത്രീജനോദ്ധാരണത്തിനു എത്രമാത്രം നിദാനമായി വർത്തിച്ചിട്ടുണ്ടെന്നു. സമുദായത്തിന്റെ മൂലം കുടുംബമാകുന്നു; കുടുംബത്തിന്റെ അധിഷ്ഠാനം കുടുംബിനിയാണ്. ഉറവ പരിശുദ്ധമല്ലെങ്കിൽ പ്രവാഹം ആദ്യന്തം മലിനമായിരിക്കുമെന്നുള്ളതു തീർച്ചതന്നെ. പ്രാചീനലോകത്തിലെ സ്ത്രീകളുടെ സ്ഥിതി പൊതുവേ അത്യന്തം നികൃഷ്ടമായിരുന്നു. ഭൗതികപരിഷ്കാരത്തിന്റെ താണ്ഡവരംഗങ്ങളായിരുന്ന ഗ്രീക്കു, റോമാ സാമ്രാജ്യങ്ങളിൽ അടിമത്തവും മർദ്ദനവും മാനഭംഗവുമായിരുന്നു സ്ത്രീകളുടെ നിത്യാനുഭവം. ഇതിനു അപവാദങ്ങൾ വളരെ ദുർലഭമായിട്ടേ ഉണ്ടായിരുന്നുള്ളു. പുരുഷന്റെ ഭോഗാസക്തിയെ തൃപ്തിപ്പെടുത്തുവാനുള്ള ഒരുപകരണമോ, ഒരു കളിക്കോപ്പോ ആയിരുന്നു അന്നത്തെ സ്ത്രീ. ഒരു കളിക്കോപ്പുപോലെത്തന്നെ എപ്പോഴെങ്കിലും അവൾ വലിച്ചെറിഞ്ഞു കളയപ്പെട്ടേക്കും. വിൽക്കപ്പെടാവുന്ന ഒരു വസ്തുവുമായിരുന്നു അവൾ. അവളുടെ യുവത്വവും കന്യാത്വവും സൗന്ദര്യവും നഷ്ടപ്പെട്ടുകഴിയുമ്പോൾ അവൾ പുറന്തള്ളപ്പെടുന്നു. കന്നുകാലികളുടേയോ അടിമകളുടേയോ സ്ഥാനമേ അവൾക്കു ഒരു കുടുംബത്തിലുണ്ടായിരുന്നുള്ളു. നമ്മുടെ ഭാരതത്തിലും ബഹുഭാര്യാത്വത്തിന്റേയും ബഹുഭർതൃത്വത്തിന്റേയും അധമഫലങ്ങളും, ബാല്യവിവാഹത്തിന്റെ ദൂഷ്യങ്ങളും, വിധവാവിവാഹനിരോധനം, സതി തുടങ്ങിയ നികൃഷ്ടാചാരങ്ങളും സ്ത്രീലോകത്തെ അടിമത്തച്ചങ്ങലകളാൽ ബന്ധിച്ചിരുന്നു.

എന്നാൽ ക്രിസ്തുവിന്റെ ആഗമനത്തിനുശേഷം സന്മാർഗ്ഗസംഹിതയുടെ അലകും പിടിയും മാറ്റപ്പെട്ടു. സ്ത്രീലോകത്തെ അപകർഷത്തിന്റെ ഉപത്യകയിൽനിന്നു കൈകൊടുത്തുയർത്തി ഉൽകർഷത്തിന്റെ അധിത്യകയിൽ പ്രതിഷ്ഠിച്ചതു ആ ലോകഗുരുവാണ്. സുവിശേഷങ്ങളിലേയും വി. പൗലോസ് ശ്ലീഹായുടേയും പ്രബോധനങ്ങളെ അനുവർത്തിച്ചു കത്തോലിക്കാസഭ സ്ത്രീയെ പുരുഷനു തുല്യയായി കരുതുന്നു. "ക്രിസ്തുവിലുള്ള വിശ്വാസംവഴിയായി നിങ്ങളെല്ലാവരും ദൈവത്തിന്റെ സന്താനങ്ങളാണ്...പുരുഷൻ എന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസമില്ല. നിങ്ങളെല്ലാവരും മിശിഹായിൽ ഒന്നാകുന്നു." (ഗലാ. III, 26, 28). "സഭ മിശിഹാക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം...ഭർത്താക്കന്മാരേ, മിശിഹാതന്നെയും തന്റെ സഭയെ സ്നേഹിക്കയും അവളെപ്രതി സ്വയം ബലികഴിക്കയും ചെയ്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ" (എഫേ. V, 21—26). ഇന്നു വളരെയധികം കൊട്ടിഘോഷിക്കപ്പെടുന്ന സ്ത്രീസ്വാതന്ത്ര്യത്തിന്റെ തിട്ടൂരം ഈ വാക്യങ്ങളിലാണു അടങ്ങിയിരിക്കുന്നതു. ഇന്നു ചാരിത്ര്യം അഥവാ പാതിവ്രത്യം ഒരു സ്ത്രീയുടെ ഭൂഷണമായി കരുതപ്പെടുന്നെങ്കിൽ, ഇന്നു അവൾ പുരുഷന്റെ സഖിയായി കരുതപ്പെടുന്നെങ്കിൽ, ഇന്നു ഒരുത്തനും അവളെ ഒരു കളിപ്പാട്ടമായി കരുതുവാൻ ധൈര്യപ്പെടുന്നില്ലെങ്കിൽ, ഇന്നു അവൾ ഗൃഹനായികയും കുടുംബറാണിയുമായി അവരോധിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ, ഇന്നു ദാമ്പത്യജീവിതത്തിൽ അവളുടെ അവകാശങ്ങളെ അവഗണിക്കുവാൻ യാതൊരാളും മുതിരുന്നില്ലെങ്കിൽ, ഇന്നു അവൾ പുരുഷന്മാരുടെ ബഹുമാനാദരവുകൾക്കും സമുദായത്തിൽ പുരുഷന്മാരോടൊപ്പം ഉന്നതസ്ഥാനങ്ങൾക്കും അർഹയാണെങ്കിൽ അവൾ അതിനെല്ലാം കടപ്പെട്ടിരിക്കുന്നതു കത്തോലിക്കാസഭയോടാണെന്നു ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ.

സ്ത്രീസമുദ്ധാരണകൃത്യത്തിൽ പ്രധാനമായ പങ്കുവഹിച്ചിട്ടുള്ള ഒരു മഹാശക്തിയാണു പരിശുദ്ധ കന്യകാമറിയം. ഒരു ക്രൈസ്തവമഹിളയുടെ ആദർശം ക്രിസ്തുവിന്റെ മാതാവായ ദിവ്യാംബികയാണ്. ആ ധന്യാമണിയാണു ക്രിസ്തുമതത്തിന്റെ ആരംഭംമുതൽ നാരീജനങ്ങളുടെ ഹൃദയപീഠത്തിൽ ആസ്ഥാനമുറപ്പിച്ചുകൊണ്ടു അവരുടെ ദൈനംദിന ജീവിതത്തിനു നിദർശനമായി വർത്തിക്കുന്നതു. അവിടുന്നു കന്യകകൾക്കും കുടുംബിനികൾക്കും മാതാവിനും അനുകരണയോഗ്യയാണ്. കന്യകോചിതമായ ശാലീനതയും ഭാര്യോചിതമായ പാതിവ്രത്യവും മാതൃസഹജമായ വാത്സല്യവും ആ അംബികയിൽ നാം കാണുന്നുണ്ട്. അവിടുത്തെ കോമളരൂപം ഒരു ക്രിസ്ത്യൻവനിതയ്ക്കു എവിടെയും ദർശനീയമാണ്. അവൾ ചുമരിന്മേൽ ദൃഷ്ടിപതിക്കുമ്പോൾ അവിടുത്തെ പരിശുദ്ധ നയനങ്ങൾ അവളെ കടാക്ഷിക്കുന്നതായി കാണാം. അവൾ തന്റെ പ്രാർത്ഥനപ്പുസ്തകം തുറക്കട്ടെ; കന്യകാമാതാവിന്റെ തിരുനാമം അതിന്റെ ഓരോപുറത്തും അവൾക്കു ദൃശ്യമാകും. പ്രസംഗവേദികൾ അവിടുത്തെ സ്തുതികീർത്തനത്താൽ മുഖരിതമാകുന്നതായി അവൾ കാണപ്പെടുന്നു. അനേകായിരം ദേവാലയങ്ങളും ബലിപീഠങ്ങളും അവിടുത്തേക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതായി അവൾ കാണുന്നു. അവിടുത്തെ പുകഴ്ചയായി ആഘോഷിക്കപ്പെടുന്ന നിരവധി തിരുനാളുകളിൽ അവളും ഭാഗഭാക്കാകുന്നു. ചുരുക്കിപ്പറഞ്ഞാൽ ഒരു ക്രിസ്തീയയുവതിയുടെ—മാത്രമല്ല യുവാവിന്റെയും—ബുദ്ധിയിലും ഹൃദയത്തിലും ഓർമ്മയിലും ഭാവനയിലും കന്യാംബികയുടെ പാവനവിഗ്രഹം സർവ്വദാ മുദ്രിതമായിക്കാണാം. ഉടലെടുത്ത നൈർമ്മല്യവും മൂർത്തിമത്തായ വിശുദ്ധിയുമായിരുന്ന ഈ കന്യക വനിതോചിതങ്ങളായ ലാളിത്യം, ശാന്തത, സഹനം, ധൈര്യം, ക്ഷമ എന്നീഗുണഗണങ്ങളുടെ നികേതനംകൂടിയായിരുന്നു. സ്ത്രീസ്വാതന്ത്ര്യസമരത്തിൽ മാർഗ്ഗദർശിനിയും വിജയധ്വജവും ഇവൾതന്നെയായിരുന്നു. "ജീവിതത്തിലും സാഹിത്യത്തിലും കലകളിലും ശ്രേഷ്ഠമായി എന്തുണ്ടോ അതിനെല്ലാം മരിയാഭക്തിയോടാണു നാം കടപ്പെട്ടിരിക്കുന്നതു." എന്നു അവിശ്വാസിയായ റോബർട്ട ബുക്കാനനും, "ലോകം ആദർശങ്ങളാൽ ഭരിക്കപ്പെടുന്നു. എന്നാൽ മദ്ധ്യയുഗങ്ങളിലെ പരി. കന്യകയാകുന്ന ആദർശത്തെക്കാൾ കൂടുതൽ അഗാധവും ശ്രേയസ്കരവുമായ ഒരു സ്വാധീനശക്തി മനുഷ്യരാശിയിൽ ചെലുത്തിയിട്ടുള്ള മറ്റു യാതൊരു ആദർശവുമില്ല" (Lecky) എന്നു ലെക്കിയും അഭിപ്രായപ്പെടുന്നു.



നിത്യസഹായമാതാവ്

കൽക്കത്തയിലെ സ്റ്റെയിറ്റ്സ്മാൻ എന്ന പത്രത്തിൽ കുറെ വർഷങ്ങൾക്കുമുമ്പു "യഥാർത്ഥത്തിൽ മഹതിയായ ഒരു സ്ത്രീ ഉണ്ടോ?" എന്ന പ്രശ്നം ഉന്നയിക്കപ്പെട്ടതായി ഓർക്കുന്നുണ്ട്. "ധീരയായ സ്ത്രീയെ ആർ കണ്ടെത്തും?" എന്നു വി. ഗ്രന്ഥവും ചോദിക്കുന്നു. "വിദൂരസ്ഥങ്ങളായ തീരപ്രദേശങ്ങളിൽനിന്നു കൊണ്ടുവരപ്പെട്ട അമൂല്യപദാർത്ഥങ്ങൾപോലെ അവൾ അനർഘയായിരിക്കും" എന്നും വി. ഗ്രന്ഥം തുടർന്നു പറയുന്നുണ്ട്. കത്തോലിക്കർക്കു ഇതിനുള്ള പ്രത്യുത്തരം "പരിശുദ്ധ കന്യകാമറിയം" എന്നായിരിക്കും. സ്ത്രീവർഗ്ഗത്തിൽ ഏററവും പരിപൂർണ്ണയാണവിടുന്നു; നാരീവംശത്തിന്റെ തിലകവുമാണവിടുന്നു; സ്ത്രീകളിൽ ആശീർവദിക്കപ്പെട്ടവളും അവിടുന്നുതന്നെ. അവിടുന്നു ദൈവത്തിന്റെ അമ്മയാണ്. മറിയത്തിൽനിന്നാണു ദൈവം മനുഷ്യനായപ്പോൾ രക്തവും മാംസവും സ്വീകരിച്ചതു. അങ്ങിൽനിന്നു സ്വീകരിച്ച രക്തമാണു നരകുലപരിത്രാണത്തിനായി ചിന്തപ്പെട്ടതു. ഈ പരമാർത്ഥമാണു സ്ത്രീയെ ഉദ്ധരിച്ചതു. ക്രിസ്ത്യാനികൾക്കു ദൈവമാതാവിനോടുണ്ടായിരുന്ന ബഹുമാനാദരങ്ങൾ സ്ത്രീകളിലേക്കും വ്യാപിച്ചു. ഇന്നു ഒരു മഹിള നൈർമ്മല്യത്തിന്റെയും സൗന്ദര്യത്തിന്റെയും പര്യായമാണെങ്കിൽ അതിനു അവൾ പരിശുദ്ധ കന്യകയോടാണു കടപ്പെട്ടിരിക്കുന്നതു. വിശ്വാസത്തിന്റെ യുഗങ്ങൾ എന്നു പറയപ്പെടുന്ന മദ്ധ്യശതകങ്ങളിൽ "മഡോന"യോടുള്ള ഭക്തി ഏതൊരു ക്രൈസ്തവന്റെയും അനുദിനഭോജനമായിരുന്നു. അക്കാലത്തു മാടമ്പികളുടെ (Knights) ഇടയിലെന്നല്ല സാധാരണജനങ്ങളുടെ ഇടയിലും കാര്യമായി മതിക്കപ്പെട്ടിരുന്ന സ്ത്രീജനബഹുമാനം (chivalry) ദൈവമാതൃഭക്തിയിലാണു അധിഷ്ഠിതമായിരുന്നതു. വഴിയിലൊ വാഹനങ്ങളിലൊവെച്ചു ശിശുവിനെ സംവഹിക്കുന്ന ഒരു സ്ത്രീയെ കാണുമ്പോൾ, വിണ്ണു മണ്ണിനെ ചുംബിക്കയും ദൈവസ്നേഹം നമ്മുടെയിടയിൽ ഉടലെടുക്കുകയും ഒരു സ്ത്രീയുടെ കരങ്ങളിൽ ഒരു ശിശുവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്ത ആ മഹാസംഭവം ഒരു ക്രൈസ്തവൻ സ്മരിക്കാതിരിക്കുന്നതെങ്ങനെ? ഒരു ക്രിസ്ത്യാനിക്കു ഏതൊരു സ്ത്രീയും ദൈവജനനിയുടെ വർഗ്ഗത്തിൽപ്പെട്ടവളാണ്; തജ്ജന്യമായ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുവാൻ അവൻ കടപ്പെട്ടവനുമാണ്.

ബെത്തൂലിയായിലെ ഇസ്രായേൽവംശത്തെ ആബാലവൃദ്ധം കൊന്നൊടുക്കുവാനായി സംഹാരരുദ്രനെപ്പോലെ ഇരമ്പിക്കയറിയ ഹൊളഫർണസിനേയും സൈന്യത്തെയും പരാജയപ്പെടുത്തുവാൻ ഒരു പരിശുദ്ധ വിധവയായിരുന്ന യൂദിത്ത് ഇറങ്ങിപ്പുറപ്പെട്ടു. അവൾ ഹൊളഫർണസിനെ വധിച്ചു വിജയിയായി മടങ്ങിയപ്പോൾ ഹർഷോന്മത്തരായ നഗരവാസികൾ അവളെ ജയഘോഷങ്ങളോടെ എതിരേററു. നഗരാധിപനായ ഒസീയസ് ഇപ്രകാരം അവളെ പുകഴ്ത്തി: "മകളേ, ഉന്നതദൈവമായ കർത്താവിന്റെ നാമത്തിൽ, ഭൂമുഖത്തുള്ള എല്ലാ സ്ത്രീകളിലും വെച്ചു നീ ആശീർവദിക്കപ്പെട്ടവളാകുന്നു ...... നിന്റെ സ്തുതി മനുഷ്യനാവുകളിൽനിന്നു ഒരിക്കലും മാറിപ്പോകയില്ല...... എന്തുകൊണ്ടെന്നാൽ നിന്റെ ജനങ്ങളുടെ വിഷമതകളും യാതനകളും നിമിത്തം നിന്റെ ജീവനെത്തന്നെ പണയപ്പെടുത്തിക്കൊണ്ടു നമ്മുടെ നാശത്തെ നീ തടഞ്ഞിരിക്കുന്നു." ജനക്കൂട്ടം മുഴുവൻ "ആമ്മേൻ, ആമ്മേൻ" എന്നു ആർത്തുവിളിച്ചു (യൂദി. XIII, 18-26). പരിശുദ്ധ കന്യകയുടെ സ്തുതിയും മനുഷ്യവർഗ്ഗത്തിൽ കാലാകാലത്തോളം നിലനിൽക്കും. കാരണം അവിടുന്നു ക്രിസ്തുവിനോടുകൂടി മനുഷ്യകുലത്തിന്റെ സഹരക്ഷികയാണ്. യൂദിത്ത് ആശീർവദിക്കപ്പെട്ടവളെങ്കിൽ പരിശുദ്ധ മറിയം ആയിരം മടങ്ങു ആശീർവദിക്കപ്പെട്ടവളാകുന്നു. "ഇതാ! ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും." (ലൂക്കാ 1, 48).

സ്ത്രീകളിൽ ആശീർവദിക്കപ്പെട്ടവളും യുഗങ്ങളുടെ ചിന്താവിഷയവുമായ പരിശുദ്ധ മറിയം യുവതിയുവാക്കന്മാരുടെ വിചാരഗതികളെ പവിത്രീകരിക്കട്ടെ. നിഷിദ്ധസന്തോഷജടിലമായ ഇന്നത്തെ ലോകത്തിൽ ഈ കന്യക അവർക്കു മാതൃകയും മാർഗ്ഗദർശിയുമാകട്ടെ. സ്ത്രീകൾക്കു തലയുയർത്തിപ്പിടിച്ചു നടക്കുവാൻ ഇടയാക്കിയ ഈ സ്ത്രീജനോദ്ധാരകയെ കന്യകയും കുടുംബിനിയും മാതൃകയായി സ്വീകരിക്കട്ടെ. സ്ത്രീത്വം അധഃപതിക്കുമ്പോൾ സമുദായവും അധഃപതിക്കുമെന്നുള്ള തത്വം സ്ത്രീപുരുഷന്മാർ സ്മരിക്കട്ടെ. മരിയാഭക്തിയെ തിരസ്കരിച്ച രാജ്യങ്ങളിൽ നടമാടുന്ന ജനനനിയന്ത്രണവും വിവാഹമോചനവും സ്ത്രീത്വത്തെ അധഃപതിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. വൈവാഹികപരിശുദ്ധി കാക്കുന്നതിനും പരസ്യവും രഹസ്യവുമായ ജീവിതരംഗങ്ങളിൽ അടക്കവും വിനയവും പാലിക്കുന്നതിനും ദൈവജനനി നമ്മെ അനുഗ്രഹിക്കട്ടെ.

(ജെ. ചെമ്മണൂർ)


LIFE-LIKE

PHOTO ENLARGEMENTS

IN 15×12 SIZE: RS. 15 ONLY,

Send us your photograph with an Indian postal order for Rs. 15. You will receive the enlargement at your door. Post Free.

THE LOYAL STUDIO,

THODUPUZHA, TRAVANCORE, S. INDIA.



ബാങ്ക് ഓഫ് കോമേഴ്സ് ക്ലിപ്തം

(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തതു)

H. O. പാലാ

ബ്രാഞ്ചുകൾ, പാലാ, പൂവരണി, പൊൻകുന്നം, എരുമേലി, കൊഴുവനാൽ, മേലുകാവുമററം,

സ്ഥിരംഡിപ്പോസിററ്, സേവിംഗ്സ്, കറന്റ്, ഷോർട്ട് നോട്ടിസ്, ലിററിൽ ഡിപ്പോസിററ്, ക്യാഷ്സർട്ടിഫിക്കററ് മുതലായ എല്ലാ ഡിപ്പോസിററുകളെപ്പററിയും വേണ്ടതുപോലെ അറിഞ്ഞു നിങ്ങൾക്കു ഏററവും സൗകര്യമുള്ളതും ആദായകൂടുതലുള്ളതും ഏതെന്നു നിശ്ചയിച്ചു പ്രവർത്തിക്കുക.


## നിങ്ങൾക്കറിയാമോ?

(4-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 മാർപ്പാപ്പാ.

2 മാർപ്പാപ്പായോ മാർപ്പാപ്പായുടെ പ്രതിനിധിയോ.

3 ഇല്ല.

4 പുതിയ മാർപ്പാപ്പാ ആ സൂനഹദോസ് തുടർന്നുകൊണ്ടുപോകുവാൻ ആജ്ഞാപിക്കുന്നതുവരെ തുടരുവാൻ പാടില്ല.

# സവർണ്ണദേഹവും അവർണ്ണദേഹിയും

(ഫാദർ ജോസഫ് മാവുങ്കൽ)

(തുടർച്ച)

പതിനഞ്ചു വയസ്സായപ്പോൾ കുറേക്കൂടി ശ്രേഷ്ഠമായ ഒരു ജീവിതാവസ്ഥയിലേക്കു താൻ ദൈവത്താൽ വിളിക്കപ്പെട്ടതായി മാർട്ടീനു ബോദ്ധ്യപ്പെട്ടു. സ്ഥലത്തെ ഡൊമിനിക്കൻ സന്യാസാശ്രമത്തിൽ അദ്ദേഹം പ്രവേശനം അപേക്ഷിക്കയും, അവിടെ ഒരു വേലക്കാരനായി സ്വീകരിക്കപ്പെടുകയും ചെയ്തു. ആശ്രമത്തിലെ ഏററം താണ നിലയും



ജോലിയുമത്രെ മാർട്ടീൻ അന്വേഷിച്ചതു്. അത്രയ്ക്കു് എളിമയുള്ളവനായിരുന്നു അദ്ദേഹം. ഇങ്ങനെ ആശ്രമത്തിലെ ഏററം നികൃഷ്ടങ്ങളായ ജോലികൾമാത്രം ചെയ്തും ഒൻപതുകൊല്ലം തരണം ചെയ്തപ്പോൾ, അദ്ദേഹത്തെ ഒരു സന്യാസസഹോദരനായി (Lay Brother) അധികാരികൾ അംഗീകരിച്ചു. ഒരു മാതൃകാസന്യാസിയായി അദ്ദേഹം സമൂഹത്തിൽ ശോഭിക്കുന്നതു കാണുവാൻ അധികകാലം വേണ്ടിവന്നില്ല.

അദ്ദേഹത്തിന്റെ വിനയവും അനുസരണവും നിഷ്കളങ്കമായിരുന്നു; പരിശ്രമശീലം അക്ഷീണമായിരുന്നു; തപസ്സും പ്രാർത്ഥനയും അസാധാരണമായിരുന്നു; പരോപകാരതൽപരത നിസ്സ്വാർത്ഥമായിരുന്നു. ഇത്തരുണത്തിൽ പെറുവിലെ വിനീതരുടെയും ദരിദ്രരുടേയും ഇടയിൽ അത്ഭുതകരമായ സാമൂഹ്യസേവനം ചെയ്യാനുള്ള ഒരു ദൈവാഹ്വാനം മാർട്ടീനു ലഭിച്ചു. സമസ്തസൃഷ്ടങ്ങളോടുള്ള സ്നേഹത്താലും അനുകമ്പയാലും മാർട്ടീന്റെ ഹൃദയം സദാ ജ്വലിച്ചുകൊണ്ടിരുന്നു. ജാതിമതവർഗ്ഗവ്യത്യാസമൊന്നും ലേശവും പരിഗണിക്കാതെ, കഷ്ടതയും ദാരിദ്ര്യവും തന്നാൽ ആവുംവിധം ആർക്കും ലഘൂകരിച്ചുകൊടുക്കാൻ അദ്ദേഹം സദാ ജാഗരൂകനായിരുന്നു. നിശ്ശേഷം നിസ്സ്വാർത്ഥമായിരുന്ന അദ്ദേഹത്തിന്റെ പരോപകാരതൽപരതയുടെ പ്രവൃത്തികൾ നേരിട്ടുകണ്ട മേലധികാരികൾ സാധുജനസേവനത്തിൽ യഥേഷ്ടം പ്രവർത്തിച്ചുകൊള്ളുവാൻ അദ്ദേഹത്തിനു പരിപൂർണ്ണസ്വാതന്ത്ര്യം നൽകി. മാർട്ടീൻ ശരാശരി 200 പേർക്കു അനുദിനഭോജനം നൽകിയിരുന്നു. രോഗികളും ദരിദ്രരും ആസന്നമരണരുമായ ഇൻഡ്യൻ-നീഗ്രോ-സ്പാനിഷ്-ജനങ്ങളുടെ ഇടയിൽ 1000 ഡോളറിന്റെ ജീവിതാവശ്യവിഭവങ്ങൾ അദ്ദേഹം ആഴ്ചതോറും ധനവാന്മാരിൽനിന്നു ശേഖരിച്ചു വിതരണം ചെയ്തിരുന്നു. പാവങ്ങളുടേയും പാപികളുടേയും കുടിലുകളും മന്ദിരങ്ങളും അദ്ദേഹം സന്ദർശിച്ചിരുന്നു. യഥാർത്ഥത്തിൽ കാരുണ്യത്തിന്റെ ഒരു ദൈവദൂതനായിരുന്ന അദ്ദേഹത്തിനു അത്ഭുതം ചെയ്യുവാനും പ്രവചിക്കുവാനും ദൈവം വരം നൽകിയിരുന്നു.

സ്വന്തം പരിശ്രമഫലമായി അനാഥരും ഭവനരഹിതരും പരദേശികളുമായ കുട്ടികൾക്കായി ഒരു ഭവനം അദ്ദേഹം സ്ഥാപിച്ചു. മാർട്ടീൻ ചെന്നിരുന്ന സ്ഥലങ്ങളിലൊക്കെ, ദീപത്തോടൊന്നിച്ച് അതിന്റെ പ്രകാശവും എന്നപോലെ, ആശ്വാസവും സമാധാനവും സന്തോഷവും തൃപ്തിയും കളിയാടിയിരുന്നു. ലിമാനിവാസികൾ അദ്ദേഹത്തെ "ദരിദ്രതാതൻ" എന്നാണു് സ്നേഹപൂർവ്വം വിളിച്ചിരുന്നതു്.

അദ്ദേഹത്തിന്റെ ജീവകാരുണ്യപ്രവൃത്തികൾക്കു ദൂരം പ്രതിബന്ധമാകാതിരിക്കാൻ സർവ്വശക്തൻ അദ്ദേഹത്തിനു, ഒരു അരൂപിയെപ്പോലെ യഥേഷ്ടം എവിടെയും സഞ്ചരിക്കാൻ പ്രത്യേകശക്തി നൽകത്തക്കവിധത്തിൽ അത്രയ്ക്കു മഹത്തായിരുന്നു അദ്ദേഹത്തിന്റെ പരോപകാരതൽപരത. അങ്ങനെ ലിമായിലെ തന്റെ ആശ്രമത്തിൽത്തന്നെ ജീവിതം നയിച്ചിരുന്ന മാർട്ടീൻ, സ്ഥലം വിടാതെതന്നെ, ആഫ്രിക്കായിലെ തടവുകാരെയും, മെക്സിക്കോയിലേയും ചൈനയിലേയും ജപ്പാനിലേയും രോഗികളേയും, ദരിദ്രരേയും സന്ദർശിച്ചു സഹായിച്ചിരുന്നതായി വിശ്വാസയോഗ്യമായ തെളിവുകളുണ്ടു്.

അദ്ദേഹത്തിന്റെ പ്രസിദ്ധമായ "അത്ഭുതച്ചവുക്കാളം", നമ്മെ വിസ്മയിപ്പിക്കുന്ന ഒന്നാണു്. തന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി, ആ ചവുക്കാളം ജലോപരിവിരിച്ച് അതിന്മേൽ കയറി അദ്ദേഹം മഹാസമുദ്രങ്ങൾ തരണം ചെയ്തിരുന്നുവെന്നുള്ളതു വെറും പരമാർത്ഥംമാത്രമാണു്!

അദ്ദേഹം ലിമായിലെ വി. റോസിന്റെ സമകാലീനനും സ്നേഹിതനുമായിരുന്നുവെന്നും, പുണ്യവതി അദ്ദേഹത്തെ സന്ദർശിച്ചു ഉപദേശങ്ങൾ സമ്പാദിച്ചിരുന്നുവെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്. മാർട്ടീനെ ജ്ഞാനസ്നാനപ്പെടുത്തിയ സാൻസെബാസ്റ്റ്യൻ പള്ളിയിൽ അതേമാമ്മോദീസത്തൊട്ടിയിൽത്തന്നെയാണു് ഏഴു വർഷത്തിനു ശേഷം വി. റോസ് ജ്ഞാനസ്നാനപ്പെട്ടതു്.

1639 നവമ്പർ 3-ാം തിയതി മാർട്ടീൻ മരിച്ചു. അന്നു് അദ്ദേഹത്തിനു 60 വയസ്സുപ്രായമുണ്ടായിരുന്നു. ലിമായിലും സമീപപ്രദേശങ്ങളിലും ഉണ്ടായിരുന്ന ജനസഞ്ചയത്തിനു അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹം എത്ര വലുതായിരുന്നുവെന്നു്, അദ്ദേഹത്തിന്റെ മരണത്തിൽ അവർ പ്രദർശിപ്പിച്ച ദുഃഖം തെളിയിച്ചു. അന്നുവരെയോ അന്നുമുതൽ ഇന്നുവരെയോ, വേറെ ആരുടേയും ചരമത്തിൽ അത്രയ്ക്കു് രാജ്യവ്യാപകവും നിർവ്യാജവുമായ ദുഃഖം അവിടെ ആരും പ്രദർശിപ്പിച്ചിട്ടില്ല. മരണം അദ്ദേഹത്തെ സ്വർഗ്ഗത്തിലേക്കു കടത്തിവിട്ടിട്ടുണ്ടെന്നും കൂടുതൽ സഹായിക്കാൻ അദ്ദേഹം ഇപ്പോൾ പ്രാപ്തനാണെന്നുമുള്ള വിശ്വാസം ഒന്നുമാത്രമായിരുന്നു, അവരെ തെല്ലെന്നു സമാശ്വസിപ്പിച്ചതു്. മാത്രമല്ല, കാലാന്തരത്തിൽ അവർക്കു മനസ്സിലായി മാർട്ടീന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾ ലോകമാസകലം വ്യാപിക്കാൻ അദ്ദേഹത്തിന്റെ സ്വർഗ്ഗപ്രവേശം സഹായമായി ഭവിച്ചുവെന്നു്.

1837-ൽ ഗ്രിഗോരി 16-ാമൻപാപ്പാ മാർട്ടീനെ വാഴ്ത്തപ്പെട്ടവൻ എന്നു പരസ്യമായി പ്രഖ്യാപിച്ചു. പക്ഷെ, അതുകൊണ്ടു് അദ്ദേഹത്തോടുള്ള ഭക്തി പര്യവസാനിച്ചില്ല. ക്രൂരതയും, സ്വാർത്ഥതൽപരതയും ലോകായതികത്വവും അഹങ്കാരവുംകൊണ്ടു ബോധരഹിതമായ ഇന്നത്തെ ലോകം ഈ അധഃകൃതനിൽനിന്നു ദയയും നിസ്സ്വാർത്ഥസേവനവും എളിമയും സർവ്വോപരി ദൈവഭക്തിയും പഠിക്കാനുണ്ടെന്നുള്ളതിനു ഉത്തമതെളിവാണു്, ആധുനികമഹാരാജ്യങ്ങളുടെ കൂട്ടത്തിൽ ഏതുകൊണ്ടുനോക്കിയാലും മുന്നണിയിൽ നില്ക്കുന്ന അമേരിക്കായിൽ അദ്ദേഹത്തോടു പ്രതിദിനം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സ്നേഹാദരങ്ങൾ. ആത്മീയവും ശാരീരികവുമായ സഹായങ്ങൾ വിതരണം ചെയ്തുകൊണ്ടു് ഇന്നും മാർട്ടീൻ ജനാവലിയിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിലെ ഇരുണ്ടതൊലിയുള്ള ഇൻഡ്യാക്കാരും കറുത്തതൊലിയുള്ള കാപ്പിരികളും ഇന്നു അവിടെ വല്ലസ്ഥാനവും കരസ്ഥമാക്കിയെങ്കിൽ, അതു മാർട്ടീൻ ഡി പോറസ്സിനെ അവർ നേതാവായി സ്വീകരിച്ചതിനുശേഷംമാത്രമാണു്. ഒരിക്കൽ അമേരിക്കയിൽ പ്രബലപ്പെട്ടിരുന്ന വർണ്ണവ്യത്യാസം ഇപ്പോൾ ദുർബലപ്പെട്ടുവരുന്നതു് വെള്ളക്കാരുടെയിടയിൽ മാർട്ടീനുള്ള സ്വാധീനശക്തികൊണ്ടാണു്. യഥാർത്ഥത്തിൽ മാർട്ടീന്റെ കറുത്തദേഹം കാപ്പിരികളേയും വെളുത്തദേഹി വെള്ളക്കാരേയും സ്വാധീനമാക്കി ഏകോദരസഹോദരങ്ങളെപ്പോലെ അന്യോന്യം ബന്ധിച്ചിരിക്കുന്നു. അമേരിക്കയിൽമാത്രമല്ല, ആഫ്രിക്കയിലും, ചൈനയിലും, ജപ്പാനിലും മാർട്ടീൻ പീഢന്മാക്കുസമുദായ നേതാവും, സംരക്ഷകനുമായിത്തീർന്നിരിക്കുന്നു. എന്തുകൊണ്ടു് ഇൻഡ്യൻ ഹരിജനങ്ങൾക്കു മാർട്ടീന്റെ നേതൃത്വവും പരിപാലനയും തേടിക്കൂടാ?

മാർട്ടീന്റെ ജീവചരിത്രം കേരളത്തിലെ തൊഴിലാളികളും അവശസമുദായാംഗങ്ങളും അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്. അതുപോലെതന്നെ മുതലാളികളും പ്രബലസമുദായാംഗങ്ങളും മാർട്ടീനെ പരിചയപ്പെടേണ്ടിയിരിക്കുന്നു. സവർണ്ണരും അവർണ്ണരും ഒരുപോലെ സ്നേഹിക്കുന്നവനാണു് മാർട്ടീൻ. പുരാതനന്റെയും അധുനാതനന്റെയും, പ്രാചീനന്റെയും അർവ്വാചീനന്റെയും ഉപകാരിയാണു് മാർട്ടീൻ. നമ്മുടെ നാട്ടിൽ ചിലർ, ജർമ്മൻകാരനും യഹൂദനുമായ കാറൽമാർക്സിനെ ഭഗവാനായി ആരാധിക്കുന്നുണ്ടല്ലോ. അവർ തെക്കേ അമേരിക്കനും നീഗ്രോയുമായ മാർട്ടീന്റെ ചരിത്രം ഒരാവർത്തി വായിക്കട്ടെ. സമുദായനീതിയുടെ പരിപാലകൻ കാറൽമാർക്സോ, മാർട്ടീൻ ഡി പോറസ്സോ എന്നു അവർ നിഷ്പക്ഷബുദ്ധ്യാ വിധിക്കട്ടെ.

ഈയിടെ, ആഫ്രിക്കൻ നീഗ്രോകളുടെ നേതാവും, ആഫ്രിക്കയിലെ ഇൻഡ്യാക്കാരുടെ സ്നേഹിതനുമായ മി: പീററർ കോയിനാഞ്ചെയെ ഇൻഡ്യാഗവമ്മെണ്ടും നമ്മുടെ ഗവമ്മെണ്ടും സ്വീകരിക്കയും സൽക്കരിക്കയും നാട്ടുകാർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തുവല്ലോ. തിരുവനന്തപുരത്തുവച്ചു ചെയ്ത പ്രസംഗത്തിൽ ഇൻഡ്യാക്കാരോടു തനിക്കുള്ള സ്നേഹത്തോടൊപ്പംതന്നെ യൂറോപ്യരോടുള്ള വിദ്വേഷവും അദ്ദേഹം പ്രകടമാക്കി. സ്നേഹിക്കുന്നവനെ സ്നേഹിക്കയും, ദ്വേഷിക്കുന്നവനെ ദ്വേഷിക്കയും ചെയ്യുന്ന സിദ്ധാന്തമാണു് അദ്ദേഹം സ്വീകരിച്ചിരിക്കുന്നതു്. പക്ഷേ, അതുകൊണ്ടു നമുക്കാകട്ടെ ആഫ്രിക്കാക്കാർക്കു കട്ടെ യാതൊരു ഉപകാരവും ഉണ്ടാകുവാൻ പോകുന്നില്ല. ശത്രുവിനെ സ്നേഹിക്കുന്നതാണു് ദ്വേഷിക്കുന്നതിനെക്കാൾ നമുക്കു ഗുണപ്രദമെന്നു സ്വജീവിതത്താൽ തെളിയിച്ചിരിക്കുന്ന മാർട്ടീൻ ഡി പോറസ്സിനെയായിരുന്നു നമ്മുടെ ഗവമ്മെണ്ടു നമുക്കു പരിചയപ്പെടുത്തിത്തരേണ്ടിയിരുന്നതു്. പെറുഗവമ്മെണ്ടു് അതു ചെയ്തുകഴിഞ്ഞു. പക്ഷെ, നമ്മുടെ ഗവമ്മെണ്ടിൽനിന്നു അതു നാം പ്രതീക്ഷിക്കേണ്ടതില്ല. പക്ഷെ, കത്തോലിക്കരായ നമുക്കു കഴിയും മാർട്ടീനെ ഇൻഡ്യാക്കാർക്കു പരിചയപ്പെടുത്തുവാൻ.

# പ്രാർത്ഥനയെപ്പററി ഗാന്ധിജി

## "ഒരു ആവശ്യവും കടമയും"

(വിവർത്തകൻ, ചാക്കൊ പള്ളിപ്പാടൻ)

മതംകൂടാതെ മനുഷ്യനു ജീവിക്കുവാൻ സാദ്ധ്യമല്ല. പ്രാർത്ഥന മതത്തിന്റെ സാക്ഷാൽ ആത്മാവും ജീവനുമാകുന്നു. ആയതുകൊണ്ടു് പ്രാർത്ഥന മനുഷ്യജീവിതത്തിന്റെ ഹൃദയം തന്നെയായിരിക്കണം.

യുക്തി എല്ലററിന്റേയും നിദാനമെന്നു ഗർവ്വം നടിച്ചു്, മതവുമായി തങ്ങൾക്കു് യാതൊരു ബന്ധവുമില്ലെന്നു് പ്രസ്താവിക്കുന്ന ചിലരുണ്ടു്. ഈ വാദം, അവൻ ശ്വാസംവലിക്കുന്നു, പക്ഷെ അവനു മൂക്കില്ല എന്നു പറയുന്നപോലെയാണു്. പ്രാർത്ഥന വാക്കുകൾകൊണ്ടുള്ള വെറും അഭ്യാസംമാത്രമല്ല. ആത്മാവിനെ സ്പർശിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ അതു നിഷ്ഫലമായിരിക്കും. ക്ഷുധാർത്തനു ഭക്ഷ്യാഹാരം എങ്ങനെ രുചിക്കുന്നുവൊ അതുപോലെ ഒരു വിശപ്പുള്ള ആത്മാവിനു യഥാർത്ഥമായ പ്രാർത്ഥന വളരെ ഹൃദ്യമായിരിക്കും. പ്രാർത്ഥനയുടെ മാന്ത്രികശക്തി സമ്യക്കായി ഗ്രഹിച്ചിട്ടുള്ളവൻ അനേകദിവസങ്ങൾ ഭക്ഷണരഹിതനായി കഴിയുമായിരിക്കാം. എന്നാൽ ഒരു നിമിഷംപോലും പ്രാർത്ഥനകൂടാതെയിരിക്കുവാൻ അവനു കഴിയുകയില്ലെന്നു പറയുമ്പോൾ ഞാൻ എന്റെ സുഹൃത്തുക്കളുടേയും എന്റെയും അനുഭവജ്ഞാനത്തിൽനിന്നും നിങ്ങൾക്കു് നൽകുന്ന ചെറിയൊരുപദേശംമാത്രമാണതു്. എന്തുകൊണ്ടെന്നാൽ ജപംകൂടാതെ ആന്തരികമായ സമാധാനം ഇല്ല. അതാണു യഥാർത്ഥമെങ്കിൽ ആരെങ്കിലും ഒരാൾ പറയും, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും, നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്നു്. അതിൽ യാതൊരു സംശയവുമില്ല. പക്ഷെ പ്രമാദങ്ങൾക്കു വിധേയരായ മർത്ത്യരാകയാൽ, ആന്തരികൈക്യം പ്രാപിക്കുവാൻ വളരെ വിഷമിക്കുന്ന നാം അനവരതം ഈശ്വരസാന്നിദ്ധ്യത്തിൽ ഏകാഗ്രമായി സ്ഥിതിചെയ്യുക എന്നതു് കൃച്ഛ്റസാദ്ധ്യംതന്നെ. തന്മൂലം നാം ലൗകികബന്ധങ്ങളിൽനിന്നു വിമുക്തിനേടുവാൻ ക്ലിപ്തസമയങ്ങൾ കണ്ടുപിടിക്കുന്നു.

പ്രാർത്ഥനാനിരതനായ വ്യക്തി തന്നിലും ലോകത്തിലും സമാധാനം കണ്ടെത്തുന്നു. ലൗകികകാര്യങ്ങളിൽമാത്രം വ്യാപൃതനായി പ്രാർത്ഥനാരഹിതനായി നടക്കുന്നവൻ അരിഷ്ടതയുള്ളവനായിരിക്കും; ലോകത്തേയും ദുരിതപൂരിതമാക്കിത്തീർക്കും.

പ്രാർത്ഥനയ്ക്കു മരണാനന്തരജീവിതത്തിന്മേലുള്ള ബന്ധം കൂടാതെതന്നെ ജീവിക്കുന്നവരുടെ ഈ ലോകത്തിൽ ഗണ്യമായ വിലയുണ്ടു്. നമ്മുടെ അനുദിനകൃത്യങ്ങളിൽ സമാധാനവും അച്ചടക്കവും ഉണ്ടാകുന്നതിനുള്ള ഏകമാർഗ്ഗം പ്രാർത്ഥനയാകുന്നു. ആശ്രമവാസികളായ ഞങ്ങൾ സത്യം അന്വേഷിച്ചാണു് ഇവിടെ വന്നതു്. പ്രാർത്ഥനയുടെ ശക്തിയിൽ ഞങ്ങൾ വിശ്വസിക്കുകയും ചെയ്തു. എന്നാൽ ഇതേവരെ ആ കാര്യത്തിനു ഞങ്ങളുടെ പ്രവർത്തനപരിപാടിയിൽ ഒരു പ്രമുഖസ്ഥാനം കൊടുത്തിട്ടില്ല. ഒരു ദിവസം എന്റെ നിദ്രയിൽനിന്നും ഞാൻ എഴുന്നേൽക്കുകയും എന്റെ കർത്തവ്യാനുഷ്ഠാനത്തിൽ ദയനീയമായ വിധത്തിൽ ഉദാസീനനാണെന്നു മനസ്സിലാക്കുകയും ചെയ്തു. ആയതുകൊണ്ടു കൃത്യമായവിധത്തിലുള്ള പ്രതിവിധികളെ ഞാൻ നിർദ്ദേശിച്ചിട്ടുണ്ടു്. സർവ്വപ്രധാനമായ കാര്യങ്ങളിൽ സൂക്ഷിക്കുക; മററു കാര്യങ്ങൾ താനേ സൂക്ഷിക്കപ്പെടും.

അതിനാൽ നിങ്ങളുടെ ദിവസം പ്രാർത്ഥനകൊണ്ടു് ആരംഭിക്കുക. സ്വപ്നങ്ങളും ദുഃസ്വപ്നങ്ങളും കൂടാതെയുള്ള ഒരു സമാധാനപരമായ രാത്രിയുണ്ടാകത്തക്കവിധം അതിനെ അത്രയ്ക്കു ജീവനുള്ളതാക്കിത്തീർക്കുക. നിങ്ങളുടെ അധരങ്ങളിൽനിന്നും പ്രാർത്ഥനയുടെ വാക്കുകൾ ബഹിർഗ്ഗമിക്കുമ്പോൾ, അവ ഏതെങ്കിലും രൂപത്തിലായിക്കൊള്ളട്ടെ, മനസ്സു് അവിടെനിന്നും പോകാതിരുന്നാൽമതി.

ഭൂലോകത്തിലുള്ള എല്ലാ വസ്തുക്കളും, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ മുതലായവയുൾപ്പെടെ, ചില നിയമങ്ങൾക്കു് വിധേയമാണു്. ഈ നിയമങ്ങളുടെ നിയന്ത്രണം കൂടാതെ ലോകം ഒരു നിമിഷത്തേക്കു മുമ്പോട്ടു പോകയില്ല. സമസ്തസൃഷ്ടികളോടുമുള്ള സ്നേഹം ജീവിതനിയോഗമാക്കിയിട്ടുള്ള നിങ്ങൾ ഒരു തരത്തിലുള്ള അച്ചടക്കത്തിനും ബാദ്ധ്യസ്ഥനല്ലെങ്കിൽ പരാജയമടഞ്ഞുപോകും. പ്രാർത്ഥന അത്യാവശ്യമായ ഒരു ആത്മീയഅച്ചടക്കമാകുന്നു. അതു് ക്രൂരന്മാരിൽ നിന്നും നമ്മെ വേർതിരിക്കുന്ന ഒരു കരിങ്കൽഭിത്തിയും കാമ്യമായ ഉപദേശവുമാകുന്നു.

വിമർശനവീഥി

# മിസ്റ്റർ ഡാനിയേലിന്റെ കൃത്രിമങ്ങൾ

ദാനിയേൽ—ചാക്കോ അപകീർത്തി കേസിന്റെ വിധിയുടെ പരിഭാഷ ഈ പംക്തികളിൽ രണ്ടു ലക്കങ്ങളിലായി (23-ാം പുസ്തകം ലക്കം 8, 9) ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നല്ലോ. കത്തോലിക്കർ വിശ്വസിക്കുന്ന മാർപ്പാപ്പായുടെ പരമാധിപത്യം വേദപുസ്തകസാക്ഷ്യങ്ങൾക്കും സഭാപിതാക്കന്മാരുടെ ബോധനങ്ങൾക്കും ക്രൈസ്തവസഭാചരിത്രത്തിനും വിപരീതമാണെന്നു സ്ഥാപിക്കുവാൻ വേണ്ടിയായിരുന്നു "പാപ്പായുടെ ആധിപത്യം" എന്ന ഗ്രന്ഥം മി. കെ. എൻ. ദാനിയേൽ രചിച്ചതു്. പ്രസ്തുത ശ്രമം യാഥാർത്ഥ്യത്തിനു വിപരീതമായിരുന്നതിനാൽ വേദപുസ്തകവാക്യങ്ങളും, സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും, ക്രൈസ്തവസഭാചരിത്രസംഭവങ്ങളും ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നതിൽ നാനാതരം കൃത്രിമങ്ങൾ അദ്ദേഹം പ്രയോഗിക്കേണ്ടിവന്നു. ഈ വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ടാണു് കത്തോലിക്കാ പക്ഷത്തുനിന്നും ആ ഗ്രന്ഥത്തിന്റെ വിമർശം ആരംഭിച്ചതു്. ഗ്രന്ഥത്തിൽ പ്രയോഗിച്ചിട്ടുള്ള കൃത്രിമങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ വിവരിച്ചുകൊണ്ടു് ഫാദർ നടുവത്തുശേരി സത്യദീപത്തിൽ വിമർശമാരംഭിച്ചു. അതിനു മി. ദാനിയേൽ ദീർഘമായ മറുപടികൾ പ്രസിദ്ധപ്പെടുത്തുകയും അതിനെ വിമർശിച്ചു ഫാ. നടുവത്തുശേരി ലേഖനങ്ങൾ എഴുതുകയുമുണ്ടായി. ഇരുഭാഗത്തുനിന്നുമുള്ള ഈ ലേഖനങ്ങളെല്ലാം ഉള്ളടക്കിക്കൊണ്ടു് മി. ദാനിയേൽ ഒരു പുസ്തകം പുറപ്പെടുവിച്ചു. അതാണു് ജഡ്ജ്മെന്റിൽ പറയുന്ന എച്ച്. അക്കം രേഖ. പ്രതിഭാഗംവക്കീൽ പ്രധാനമായി വാദം നടത്തിയതു് ഈ രേഖയെ ആധാരമാക്കിയായിരുന്നു. തന്മൂലം മി. ദാനിയേൽ കൃത്രിമം ചെയ്തിട്ടുണ്ടെന്നുള്ള ആരോപണം സാധുവാണെന്നു വിധി പ്രസ്താവിക്കുവാനും ഈ രേഖയെത്തന്നെ കോടതി പ്രധാനമായി ഉപയോഗപ്പെടുത്തി.

### ഫാ. നടുവത്തുശേരിയുടെ ആരോപണങ്ങൾ സാധുവാണെന്നു വിധി

1) മാർപ്പാപ്പായുടെ പരമാധിപത്യം സ്ഥാപിക്കുവാൻ സഭാപിതാവായ വിശുദ്ധ ജറോമിന്റെ ഒരു സാക്ഷ്യം മി. ദാനിയേൽ ഉദ്ധരിച്ചതിൽ, തദ്വിപരീതമായ അർത്ഥംവരത്തക്കവണ്ണം മി. ദാനിയേൽ കൃത്രിമംചെയ്തുവെന്നാണു് ഫാ. നടുവത്തുശേരിയുടെ ഒരു വാദം. ആ വാദം ശരിയാണെന്നു് ജഡ്ജ്മെന്റിൽ സമ്മതിച്ചിരിക്കുന്നു. ജഡ്ജ്മെന്റിലെ ആ ഭാഗം അങ്ങിങ്ങായി കിടക്കുന്നതു് ഒന്നിച്ചുചേർത്തു് താഴെ ഉദ്ധരിക്കുന്നു.

"തലവനായ ഒരാളെ തിരഞ്ഞെടുത്താൽ ശിശ്മയ്ക്കു് ഇടമുണ്ടാകയില്ലല്ലോ എന്നു കരുതി പന്ത്രണ്ടു പേരിൽ ഒരാളെ തിരഞ്ഞെടുത്തു എന്നുള്ള വിശുദ്ധ ജറോമിന്റെ വാചകം വാദി മി. ദാനിയേൽ വിട്ടുകളഞ്ഞു. ഈ വാചകം വാദി ഉദ്ധരിച്ചിട്ടുള്ള വാചകത്തിനു് ഉടനടി പിന്നാലെ വരുന്നതാകുന്നു. വാദി ഉദ്ധരിച്ചിട്ടുള്ള ഭാഗം തനിച്ചു നോക്കുമ്പോൾ വി. ജറോമിന്റെ അഭിപ്രായത്തിൽ പീറ്റർ പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ തലവനല്ലായിരുന്നുവെന്നു തോന്നിപ്പോകും. എന്നാൽ ഇതോടൊന്നിച്ചു വാദി വിട്ടുകളഞ്ഞിട്ടുള്ള ഭാഗംകൂടി ചേർത്തുനോക്കുമ്പോൾ ഇതിനു നേരെ വിപരീതമായ അർത്ഥം കിട്ടും. 'ഞാൻ എല്ലാ സംഗതിക്കായി ഓരോ ഭാഗങ്ങളെ ഉദ്ധരിക്കുന്നുവോ അതിനെതിരായുള്ള ഭാഗങ്ങൾ മേലും താഴെയുമില്ലെന്നു വായനക്കാരോടു് ഉറപ്പു പറഞ്ഞുകൊള്ളുന്നു.' എന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു വാദി ഈ ഭാഗംകൂടി ഉദ്ധരിക്കേണ്ടതായിരുന്നു. മുകളിൽ പ്രസ്താവിച്ചഭാഗം വിട്ടുകളഞ്ഞതിനാൽ ഇമ്മാതിരി വാദങ്ങൾ വിരൂപമായി തോന്നുന്നു."

2) ഫാ. നടുവത്തുശേരിയുടെ രണ്ടാമത്തെ ആരോപണം, ഫാദർ ചാപ്പ്മാൻ എന്ന കത്തോലിക്കാ പണ്ഡിതന്റെ വാക്യമുദ്ധരിച്ചതിൽ മി. ഡാനിയേൽ കൃത്രിമം ചെയ്തുവെന്നാണു്. ഈ ആരോപണവും ശരിയാണെന്നു് ജഡ്ജ്മെന്റിൽ സമ്മതിച്ചിരിക്കുന്നു. ആ ഭാഗം മുൻപറഞ്ഞപോലെ താഴെ ഉദ്ധരിക്കാം.

"ഫാ. ചാപ്പ്മാന്റെ കൃതിയിലെ ചില ഭാഗങ്ങൾ വാദി വിട്ടുകളഞ്ഞിട്ടുള്ളതായി കാണാവുന്നതും, തദ്വാരാ അലക്സാണ്ഡ്രിയായിലെ പാത്രിയർക്കീസായ വി. സിറിൽ ഈ വിഷയത്തെപ്പററി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെക്കുറിച്ചു തെററിദ്ധാരണയ്ക്കു് ഇടം നല്കുന്നതുമാകുന്നു. ഫാ. ചാപ്പ്മാൻ പ്രസ്താവിച്ചിട്ടുള്ളതു മുഴുവൻ വാദി ഉദ്ധരിച്ചിരുന്നുവെങ്കിൽ ഫാ. ചാപ്പ്മാനെ ആധാരമാക്കിക്കൊണ്ടു തന്റെ വാദങ്ങളെ സ്ഥാപിക്കുന്നതിനു വാദിക്കു് അസൗകര്യം നേരിടുമായിരുന്നു. ഒരുപക്ഷെ ഇക്കാരണങ്ങളാലായിരിക്കാം തൽഭാഗം വാദി വിട്ടുകളഞ്ഞതു്. ഒരു സത്യാന്വേഷകന്റെ—ഈ പേരിനു തനിക്കവകാശമുണ്ടെന്നു അഭിമാനിക്കുന്ന വാദിയുടെ—നടപടിക്കു് ഈ പ്രവൃത്തി തീരെ യോജ്യമായിരിക്കുന്നില്ല. വാദി വിട്ടുകളഞ്ഞതിനുള്ള വാദിയുടെ മറുപടി സ്വന്തം വാക്കുകളിൽത്തന്നെ ചേർക്കുന്നു. 'വാദിക്കനുകൂലമായിട്ടുള്ള പ്രതിയുടെ ഒരു സമ്മതം വാദിവക്കീൽ എടുത്തുകാണിക്കുമ്പോൾ വാദിക്കു് എതിരായ ഭാഗങ്ങൾ വാദിയുടെ മൊഴിയിൽ വിട്ടുകളഞ്ഞതു് എന്തുകൊണ്ടെന്നു ചോദിക്കത്തക്കവർ വക്കീലന്മാരുടെ കൂട്ടത്തിൽ കാണുകയില്ലെന്നാണു് എന്റെ പക്ഷം.' ഈ അഭിപ്രായം വാദിയുടെ മനസ്ഥിതിയെ പ്രത്യക്ഷപ്പെടുത്തുന്നു. ഒരു ചരിത്രാന്വേഷകനോ ഒരു സത്യാന്വേഷിക്കോ അനുയോജ്യമല്ലാത്ത വിധത്തിലുള്ളതും, ദുഷിച്ചതുമായ യുക്തിയാണു് ഇവിടെ പ്രകടിതമായിട്ടുള്ളതു്."

3) ഫാ. നടുവത്തുശേരിയുടെ മൂന്നാമത്തെ ആരോപണം ഫാ. ചാപ്പ്മാൻ കൊടുത്തിട്ടുള്ള ഫുട്ട്നോട്ടു് ഉദ്ധരിച്ചതിൽ മി. ദാനിയേൽ കൃത്രിമംചെയ്തുവെന്നാണു്. ഈ ആരോപണവും ശരിയാണെന്നു ജഡ്ജ്മെന്റിൽ സമ്മതിച്ചിട്ടുണ്ടു്. ആ ഭാഗവും മേൽപ്പറഞ്ഞപോലെ താഴെ ഉദ്ധരിക്കുന്നു.

"ഫുട്ട്നോട്ടും ഫുട്ട്നോട്ടിനു മി. ദാനിയേൽ നല്കിയിട്ടുള്ള തർജ്ജിമയും വായിച്ചുനോക്കുന്നതായാൽ ഫുട്ട്നോട്ടിലെ ചില ഭാഗങ്ങൾ വിട്ടുകളഞ്ഞുവെന്നുള്ള കുററം യഥാർത്ഥമാണെന്നു സ്പഷ്ടമായി കാണാവുന്നതാണു്. ഫുട്ട്നോട്ടിൽനിന്നും വാദി വിട്ടുകളഞ്ഞിട്ടുള്ള ഭാഗം വാദാധീനമായ വിഷയത്തിനു് ഒരു വ്യത്യസ്തഭാവഭേദം നല്കുമെന്നുള്ളതിനും സംശയമില്ല. നിഷ്പക്ഷവാദിയായ ഒരു വിമർശകൻ, ഒരു സത്യാന്വേഷകൻ എന്ന നിലയിൽ വാദി ഒരാളുടെ കൃതിയിൽനിന്നു ഒരു വാചകം ഉദ്ധരിക്കുന്നതിനുപകരം സന്ദർഭത്തിനു യോജിച്ചതായ ഭാഗം മുഴുവൻ ഉദ്ധരിക്കേണ്ടതായിരുന്നു. തന്റെ കാര്യസാദ്ധ്യത്തിനുവേണ്ടി വസ്തുതകളെ മറച്ചുവച്ചിരിക്കുന്നു എന്നുള്ള ന്യായമായ കുററാരോപണത്തിനു വാദി ഇടം നല്കിയിരിക്കുന്നു. മഹാന്മാരായ സഭാപിതാക്കന്മാരുടെ അഭിപ്രായങ്ങളെപ്പററിയും ചില കൈയെഴുത്തു ഗ്രന്ഥങ്ങളിൽ കാണുന്ന പാഠഭേദങ്ങളെപ്പററിയും ഫാ. ചാപ്പ്മാൻ പറഞ്ഞിട്ടുള്ളതെല്ലാം വാദി വിട്ടുകളയുന്നതിനു യുക്തിപരമായ യാതൊരടിസ്ഥാനവും കാണുന്നില്ല."

ഫാ. നടുവത്തുശേരിയുടെ ആരോപണങ്ങളിൽ രണ്ടെണ്ണംകൂടി ജഡ്ജ്മെന്റിൽ ചർച്ചചെയ്യുകയും അവ ശരിയാണെന്നു സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. സ്ഥലച്ചുരുക്കത്താൽ ആ ഭാഗങ്ങൾ ഉദ്ധരിക്കേണ്ടെന്നു വിചാരിക്കുകയാണു്.

### ഫാ. റൊമയോ തോമസിന്റെ ആരോപണങ്ങൾ ശരിയാണെന്നു വിധി

1) ഫാ. റൊമയോ തോമസും മി. ദാനിയേലിന്റെ മററു ചില കൃത്രിമങ്ങളെ വിവരിച്ചുകൊണ്ടു് ലേഖനങ്ങളെഴുതിയിരുന്നു. അതാണു് ജഡ്ജ്മെന്റിൽ ക്യൂ. അക്കമായി പറയുന്ന രേഖ (ഈ കേസിൽ ഫാ. നടുവത്തുശേരി വാദിഭാഗം അഞ്ചാംസാക്ഷിയും, ഫാ. റൊമയോ തോമസു് വാദിഭാഗം ആറാം സാക്ഷിയും ആക്കപ്പെട്ടിരുന്നു). ഫാ. റൊമയോ തോമസിന്റെ ആരോപണങ്ങൾ ശരിയാണെന്നു ജഡ്ജ്മെന്റിൽ സമ്മതിച്ചിട്ടുള്ള ഭാഗവും മേൽപ്പറഞ്ഞപോലെ താഴെ ഉദ്ധരിക്കുന്നു.

"സാർഡിക്കാ സൂനഹദോസിന്റെ സാർവ്വത്രികസ്വഭാവത്തെ റോമൻകത്തോലിക്കാ ഗ്രന്ഥകാരന്മാർ പൊതുവേ സമ്മതിക്കുന്നില്ല എന്നു വാദി സമർത്ഥിച്ചിരിക്കുന്നതു് വാദിയുടെ തെററിദ്ധരിപ്പിക്കലിനുള്ള ഉദാഹരണങ്ങൾക്കു മറെറാരു തെളിവാണു്. സാർഡിക്കാ സൂനഹദോസിനേയും കാനോനകളേയും പററി വാദിഭാഗം 6-ാം സാക്ഷി എഴുതിയിട്ടുള്ളതു് വഞ്ചനയാണെന്നുള്ള വാദിയുടെ ആരോപണം അടിസ്ഥാനരഹിതമാണു്. താൻ വായിക്കുകയോ കാണുകയോ ചെയ്തിട്ടില്ലാത്ത പുസ്തകങ്ങളെ ആധാരമാക്കിക്കൊണ്ടു റോമൻ കത്തോലിക്കരിൽ വഞ്ചനക്കുററം ചുമത്തുന്നതിനു വാദി തയ്യാറായിരിക്കുന്നു. ഒരു ചരിത്രാന്വേഷകന്റെയോ സത്യാന്വേഷകന്റെയോ മനസ്ഥിതി ഇതായിരിക്കരുതു്."

2) ഫാ. റൊമയോ തോമസു് ഒരു കള്ളറിക്കാർട്ടു് ഉപയോഗപ്പെടുത്തിയെന്നു് മി. ദാനിയേൽ ചെയ്ത ആരോപണത്തിന്റെ അടിസ്ഥാനരാഹിത്യത്തേയും തൽസംബന്ധമായി അദ്ദേഹം പ്രയോഗിച്ച കൃത്രിമങ്ങളേയും ജഡ്ജ്മെന്റിൽ ചൂണ്ടിക്കാണിക്കുന്നുണ്ടു്. ആ ഭാഗവും മുൻപറഞ്ഞപ്രകാരം താഴെ ഉദ്ധരിക്കുന്നു.

"ടില്ലമോന്റിനെ ആധാരമാക്കിക്കൊണ്ടു് ആ റിക്കാർട്ടു് കള്ളമെന്നു തെളിയിക്കാൻ വാദി ശ്രമിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള ഒന്നുംതന്നെ ടില്ലമോൻറു പറഞ്ഞിട്ടില്ലെന്നു വാദി സമ്മതിക്കുന്നു. വാദിഭാഗം ആറാംസാക്ഷിയെപ്പററി വാദി ചെയ്തിരിക്കുന്ന അടിസ്ഥാനരഹിതമായ കുററാരോപണത്തെക്കുറിച്ചു വാദി മനസ്താപം പ്രദർശിപ്പിക്കുന്നില്ല. യാതൊരുവക അടിസ്ഥാനവുമില്ലാതെ വാദിഭാഗം ആറാംസാക്ഷിയുടെ പേരിൽ ഉണ്ടാക്കിയിട്ടുള്ള ഈ കുററാരോപണം ഒരു സത്യാന്വേഷകനോ നിരൂപകനോ—വാദി ഇങ്ങനെയുള്ള ആളാണെന്നു് അഭിമാനിക്കുന്നു—ആവശ്യമായിരിക്കുന്ന യോഗ്യതകൾ ഇല്ലാത്ത ഒരു സാഹസികഎഴുത്തുകാരനാണു് വാദിയെന്നു് വെളിപ്പെടുത്തുന്നു."

മി. ദാനിയേൽ "പാപ്പായുടെ ആധിപത്യം" എന്ന തന്റെ ഗ്രന്ഥത്തിൽ നാനാതരം കൃത്രിമങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ള കത്തോലിക്കാവിമർശകന്മാരുടെ ആരോപണങ്ങൾ സാധുവാണെന്നു ജഡ്ജ്മെന്റിൽ വിധിപ്രസ്താവിച്ചിട്ടുള്ളതു് 8 ഉദാഹരണങ്ങൾ എടുത്തു ചർച്ച ചെയ്തുകൊണ്ടാണു്. ഇവയിൽ 5 എണ്ണം ഫാ. നടുവത്തുശേരിയുടെ ലേഖനങ്ങളിലും രണ്ടെണ്ണം ഫാ. റൊമയോ തോമസിന്റെ ലേഖനങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുള്ളവയാണു്.

മി. ദാനിയേൽ കത്തോലിക്കരുമായുള്ള വാദപ്രതിവാദങ്ങളിൽ പ്രത്യേകിച്ചും നാനാതരം കൃത്രിമങ്ങൾ പ്രയോഗിച്ചിട്ടുണ്ടെന്നു് അനുഭവംകൊണ്ടു ബോദ്ധ്യമായിട്ടുള്ള ഈ വൈദികരും, അനുഭവംകൊണ്ടും മററുവിധത്തിലും ബോദ്ധ്യം വന്നിട്ടുള്ള മററു വൈദികരും കത്തോലിക്കാ അൽമേനികളും മി. ദാനിയേലിന്റെ വെല്ലുവിളികളെ അവജ്ഞയോടുകൂടി അവഗണിക്കുന്നതെന്തുകൊണ്ടാണെന്നു് മനസ്സിലാക്കുവാൻ ആർക്കാണു് സാധിക്കാത്തതു്?

— —


ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റ്രാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | | |
|---|---|---|---|---|
| പലിശനിരക്കു് കറന്റു് | $1\frac{1}{2}\%$ | 6 മാസം കാലാവധി | | 4% |
| സേവിംഗ്സ് | 3% | 12 | " | $4\frac{1}{2}\%$ |
| ഷോർട്ടു് നോട്ടിസ് | 3% | 24 | " | 5% |
| | | 36 | " | $5\frac{1}{2}\%$ |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.


## വിശുദ്ധ റിച്ചാർഡിന്റെ മെത്രാൻപദപ്രാപ്തി

(3-ാം പേജ് തുടർച്ച)

മുറുത്തുകൊണ്ടിരിക്കുകയായിരുന്നു. ഈ മെത്രാൻകാര്യമൊന്നും അദ്ദേഹത്തിനു് തീർത്തും രസിച്ചില്ല. അദ്ദേഹം പറഞ്ഞു: "എന്റെ സ്നേഹിതൻമാത്രം ഇവിടെ മെത്രാനായിരുന്നാൽ മതി. ആ റിച്ചാർഡെന്നു പറയുന്നവൻ മെത്രാനാണെന്നുംപറഞ്ഞു് ഇതിലെ നടക്കുന്നതു് എനിക്കു കണ്ടുകൂടാ."

അദ്ദേഹം പരിശുദ്ധ പിതാവിനു ഒരു സന്ദേശമയച്ചു. ഹെൻട്രി വിചാരിച്ചു, "ഞാൻ രാജാവാണു്. ഇംഗ്ലണ്ടിലെ സർവ്വാധിപൻ. അതിനാൽ ഞാൻ പറയുന്നതു പാപ്പാ കേൾക്കാതിരിക്കയില്ല. അദ്ദേഹം കാന്റർബറി മെത്രാപ്പോലീത്തായോടു പറയും, അങ്ങേരുടെ പൊട്ട മെത്രാനെ ഇവിടെനിന്നു മാററി എന്റെ സ്നേഹിതനെ ഇവിടെ ആക്കാൻ."

രാജാവു് കെട്ടിപ്പടുത്ത സുന്ദരസ്വപ്നം പൊട്ടുന്നനെ അടന്നുവീണു.

പരിശുദ്ധ പിതാവു് തിരുമനസ്സുകൊണ്ടു അഹങ്കാരിയായ രാജാവിനു് എഴുതി അയച്ചു:

"നിന്റെ മെത്രാനെ അവിടെനിന്നു മാററിയില്ലെങ്കിൽ, ഞാൻ നിന്നെ മതഭ്രഷ്ടനാക്കും. ഭാവിയിൽ കാന്റർബറി മെത്രാപ്പോലീത്തായ്ക്കു കീഴ്‌വഴങ്ങിജീവിച്ചുകൊള്ളണം."

പരിശുദ്ധപിതാവിന്റെ ലേഖനം വായിച്ചപ്പോൾ ഹെൻട്രി നടുങ്ങിപ്പോയി.

അദ്ദേഹം പറഞ്ഞു: "നോക്കണേ, ഇങ്ങനെയൊരു എഴുത്തു എനിക്കു—രാജാവിനു്—അയച്ചിരിക്കുന്നു."

എന്നാൽ അദ്ദേഹത്തിനു മതഭ്രഷ്ടനാകുവാൻ മനസ്സുണ്ടായിരുന്നില്ല. അതിനാൽ സ്വന്തം മെത്രാനായ റാൽഫിനെ അവിടെനിന്നു മാററി.

അനന്തരം ചിച്ചെസ്റ്ററിലെ ജനങ്ങൾ ഒരു വലിയ പ്രദക്ഷിണത്തിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്തു. അവർക്കെല്ലാം റിച്ചാർഡ് മെത്രാനച്ചനെ വലിയ ഇഷ്ടമായിരുന്നുവെന്നുമാത്രമല്ല, അദ്ദേഹത്തിനു വളരെയധികം കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നതിൽ ഖേദവുമുണ്ടായിരുന്നു. ജനാലകളിൽ അവർ കൊടിക്കൂറകൾ പറപ്പിച്ചു. തെരുവീഥികളെല്ലാം അലങ്കരിച്ചു; ബാൻറുമേളം മുഴക്കി. അവർ ഒരു വെളുത്ത കുതിരയുമായി ഹെറിങ്ങിൽചെന്നു മെത്രാനച്ചനെ അതിന്മേൽ കയററിയിരുത്തി വലിയ ആഡംബരത്തോടെ ചിച്ചെസ്റ്ററിൽകൊണ്ടുവന്നു. എല്ലാവരും ആഹ്ലാദിച്ചു് ആർപ്പുവിളിച്ചു. മെത്രാസനപ്പള്ളിയിലെ സംഗീതോപകരണങ്ങളും ഗായകരും തെദേവും എന്ന കൃതജ്ഞതാഗീതം മുഴക്കി അന്തരീക്ഷത്തെ പുളകിതമാക്കി.

അങ്ങനെ ഒടുവിൽ, റിച്ചാർഡ് ചിച്ചെസ്റ്ററിലെ മെത്രാനായി സ്വീകരിക്കപ്പെട്ടു; അദ്ദേഹം അനേകകാലം അവിടെ മെത്രാനച്ചനായി വാണു.

വിശുദ്ധ റിച്ചാർഡിന്റെ തിരുനാൾദിനം ഏപ്രിൽ മൂന്നാംതിയതിയാണു്. ഇംഗ്ലണ്ടിലെ സർവ്വസാധാരണമായ നാമധേയങ്ങളിലൊന്നാണു് റിച്ചാർഡ്.

---

* ഇംഗ്ലീഷിൽനിന്നു സ്വതന്ത്രവിവർത്തനം.

# മഗ്ദലനമറിയം

## ആളൊന്നോ, രണ്ടോ, മൂന്നോ?

(ഫാദർ സി. കെ. മററം,
എം. ആർ. എ. എസ്., എഫ്. ആർ. എസ്. എ. (ലണ്ടൻ)

സുവിശേഷത്തിൽ മഗ്ദലനമറിയത്തിനു അസാമാന്യമായ ഒരു സ്ഥാനമാണുള്ളത്. പശ്ചാത്താപംമൂലം പാപമോചനം സിദ്ധിക്കാൻ കഴിയുമെന്നുള്ളത് എല്ലാ പാപികൾക്കും—പാപമില്ലാത്തവരാരുമില്ല—ആശ്വാസപ്രദായകമാണല്ലോ.

ഒന്നിലധികം മറിയമാരും ഒന്നിലധികം ശിമോന്മാരും ഒന്നിലധികം തൈലലേപനങ്ങളും നടന്നതായിട്ടാണ് സുവിശേഷങ്ങൾ ഘോഷിക്കുന്നത്. പലർക്കും ഇതൊരു നൂലാമാലയായി അവശേഷിക്കുന്നു. മത്തായി, മാർക്ക്, ലൂക്കാ, യോഹന്നാൻ എന്ന നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളും അവയെപ്പററി ക്രൈസ്തവമതപണ്ഡിതന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളും ഇവിടെ സംഗ്രഹിക്കുന്നതു സമിചീനവും, ഈ ലേഖകന്റെ നിലയ്ക്കു അവശ്യം ആവശ്യവുമാണെന്നു വിചാരിക്കുന്നു.



മൂന്നാമത്തെ സുവിശേഷകനായ വിശുദ്ധ ലൂക്കാ 7-ാം അദ്ധ്യായം 36 മുതൽ 50 വരെയുള്ള വാക്യങ്ങളിൽ മഗ്ദലനമറിയത്തിന്റെ തൈലാഭിഷേകപൂജയും പശ്ചാത്താപകഥയും വിസ്തരിച്ചുപറഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ 32-ാം വയസ്സിലെ പ്രസ്തുതസംഭവങ്ങളാണ് കവികൾ സ്വീകരിച്ചിട്ടുള്ള കഥാവസ്തു.

ഈ തൈലലേപനവും പാപമോക്ഷവും കഴിഞ്ഞ ഉടനെയുള്ള സംഭവങ്ങളെ വി. ലൂക്കാ ഇങ്ങനെ ക്രോഡീകരിച്ചിരിക്കുന്നു. "അദ്ദേഹത്തോടുകൂടി പന്ത്രണ്ടു പേരും ദുഷ്ടാരൂപികളിൽനിന്നും രോഗബാധയിൽനിന്നും വിമുക്തരായ ചില സ്ത്രീകളും, ഏഴു പിശാചുക്കൾ ഒഴിഞ്ഞുപോയ മഗ്ദലന എന്നു വിളിക്കപ്പെടുന്ന മറിയവും ഉണ്ടായിരുന്നു." (ലൂക്കാ VIII, 1, 2). ഈ പിശാചുക്കൾക്കു Spiritibus malignis (Evil spirits) എന്നാണു മൂലത്തിൽ കാണുന്നത്. സപ്താരൂപികൾ സപ്തപാപങ്ങളാണെന്നുള്ള ചില വേദശാസ്ത്രജ്ഞന്മാരുടെ വ്യാഖ്യാനം ശ്രദ്ധേയമാണ്. പാപമോചനാനന്തരം അവളും മിശിഹായുടെ അനുയായികളോടുകൂടി ചേർന്നു.

പത്താമദ്ധ്യായത്തിലും ലൂക്കാ ഒരു മറിയത്തെപ്പററി പ്രസ്താവിക്കുന്നുണ്ട്. "മാർത്താ, എന്നുപേരുള്ള ഒരു സ്ത്രീ അവിടുത്തെ സ്വഭവനത്തിലേക്കു ക്ഷണിച്ചു. മറിയം എന്നുപേരുള്ള ഒരു സഹോദരി അവൾക്കു ഉണ്ടായിരുന്നു. അവൾ കർത്താവിന്റെ പാദാന്തികത്തിൽ ഇരുന്നു അവിടുത്തെ വചസ്സുകളെ ശ്രവിക്കുകയായിരുന്നു. മാർത്തായാകട്ടെ പരിചരണവ്യഗ്രയായും കാണപ്പെട്ടിരുന്നു....."(ലൂക്കാ X, 38-42).

ഈ മാർത്തായും മറിയവും ലാസറിന്റെ സഹോദരികളായിരുന്നു. ലൂക്കാ പരാമർശിക്കുന്ന ഈ മൂന്നു മറിയമാരും ഒരാൾതന്നെയോ? ആദ്യത്തെ രണ്ടു പ്രസ്താവങ്ങളിലും മഗ്ദലേനയെന്നു എടുത്തുപറഞ്ഞിട്ടുണ്ട്. മൂന്നാംപ്രാവശ്യം മാർത്തായുടെ സഹോദരിയെന്നല്ലാതെ മഗ്ദലന എന്നു പറയുന്നില്ല. അതുകൊണ്ടു ചിലർ വാദിക്കുന്നു രണ്ടും രണ്ടുപേരാണെന്നു.

ഒന്നാമത്തെ സുവിശേഷകനായ വിശുദ്ധ മത്തായി ഇരുപത്തിയാറാം അദ്ധ്യായത്തിൽ മറെറാരു ശിമോന്റെ ഭവനത്തിൽ ഒരു വിരുന്നു നടക്കുന്നതായും ഒരു വനിത തൈലലേപനം ചെയ്യുന്നതായും പ്രസ്താവിച്ചിട്ടുള്ളതുകൂടി ഒന്നു പരിശോധിക്കാം. ആ ഭാഗത്തിൽനിന്നും യാതൊരു കവിയും ഇതിവൃത്താദാനം ചെയ്തിട്ടില്ലാത്തതിനാലും രണ്ടു വിരുന്നും ഒന്നുതന്നെയാണോയെന്നു പലർക്കും സംശയമുള്ളതിനാലും അതിവിടെ പകർത്താം. "ഈശോ, ബഥനിയിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ ആയിരുന്നപ്പോൾ ഒരു അലബാസ്റ്റർ കുപ്പിയിൽ അമൂല്യമായ സുഗന്ധതൈലവുമായി ഒരു വനിത അടുത്തുചെന്നു. അവിടുന്നു ഭക്ഷണത്തിനു ഇരിക്കുകയിൽ അവൾ അതു അവിടുത്തെ ശിരസ്സിൽ ഒഴിച്ചു." (മത്തായി. XXVI, 6-7)

ഈ വനിതയേതു? മാർക്കും ഈ സംഗതി പ്രസ്താവിക്കുന്നുണ്ട്; പക്ഷേ പേരു പറയുന്നില്ല. (മാർക്ക് XIV, 3-9). ലൂക്കായാകട്ടെ ഈ രണ്ടാമത്തെ തൈലലേപനത്തെപ്പററി ഒരക്ഷരംപോലും പറഞ്ഞിട്ടില്ല. ക്രിസ്തുനാഥൻ ഉയിർപ്പിച്ച ലാസർ, ബഥനിയിലെ വിരുന്നിൽ ഒരതിഥിയായിരുന്നുവെന്നും മാർത്താ പരിചാരികഗണത്തിലൊരുവളായിരുന്നെന്നും, മറിയമാണു അതിവിശിഷ്ടമായ ഒരു റാത്തൽ പരിമളതൈലം ലേപനം ചെയ്തു വാർകുന്തലാൽ തുടച്ചതെന്നും, ഭവനമാകെ പരിമളധോരണി പരന്നതെന്നുംമററും യോഹന്നാൻ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. (യോഹ. XII, 2-9)

ഇങ്ങനെ ഈ വനിതയുടെ പേരു മറിയമാണെന്നു നമുക്കു ഗ്രഹിക്കാം. പക്ഷെ ഇവൾ, മഗ്ദലനമറിയമാണോ അഥവാ വേറെവല്ല മറിയവും ആണോ? ശിമോന്മാർ രണ്ടും രണ്ടുതന്നെ. എന്തെന്നാൽ രണ്ടാമൻ കുഷ്ഠരോഗിയായ ശിമോൻ എന്ന നാമാന്തരത്താൽ വിദിതനാണ്. ഒരുകിൽ ഇയാൾ മുമ്പു കുഷ്ഠബാധിതനായിരിക്കാം. അല്ലെങ്കിൽ ഇയാളുടെ ഒരു പൂർവ്വജനു കുഷ്ഠം പിടിപെട്ടതിനാൽ കുഷ്ഠരോഗി എന്നു മാറാപ്പേരു സിദ്ധിച്ചിരിക്കാം; ഈ ശിമോന്റെ ഗൃഹത്തിലെ വിരുന്നിൽ ലാസർ അതിഥികളിലൊരുവനായിരുന്നു. യേശുനാഥന്റെ ഉത്തമാംഗത്തിൽ തൈലം ഒഴിച്ചാണു ലേപനോപചാരം നടന്നതു. ഈ സംഭവം യേശുവിനു 33 വയസ്സും മൂന്നുമാസവും ആയപ്പോഴാണ്. തന്നിമിത്തം തൈലലേപനങ്ങൾ രണ്ടും രണ്ടവസരത്തിലാണെന്നു സ്പഷ്ടം. പണ്ഡിതനായ കൊർണ്ണേലി പറയുന്നതു കുരിശുമരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും യഥാക്രമം മാർച്ച് 25-ാം തിയതിയും 27-ാം തിയതിയും മെയ് 5-ാം തിയതിയും സംഭവിച്ചു എന്നാണ്. ലാസറിനെ ഉയിർപ്പിച്ചതു മാർച്ച് ആദ്യവാരത്തിലും. അതിനോടടുത്തുള്ള ഒാശാനഞായറാഴ്ചയാണു കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിലെ വിരുന്നും തൈലലേപനവും.

രണ്ടുതവണ തൈലലേപനംചെയ്തതും മൂന്നാം പ്രാവശ്യം മൃതഗാത്രത്തിൽ പരിമളദ്രവ്യം പൂശുവാൻ പോയതും പ്രേതാലയത്തിലെത്തിയപ്പോൾ ഭൗതികാവശിഷ്ടത്തിനു പകരം ഉത്ഥിതനായ മിശിഹായെ ദർശിച്ചു "റബ്ബോനി" (എന്റെ നാഥാ) എന്നു അഭിസംബോധനം ചെയ്തതും ഒരാൾതന്നെയാണെന്നു കൊർണ്ണേലി അലാപ്പിദെ എന്ന പണ്ഡിതൻ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുണ്ട്. (Tomus III, P. 225 Commentaria in Evangelia) മറിയമാർ രണ്ടും രണ്ടാണെന്നു ക്രിസോസ്റ്റോമും മൂന്നു മറിയമാരാണെന്നു ഒരിജെനും പ്രസ്താവിച്ചിട്ടുള്ളതു ഇവിടെ വിസ്തരിക്കുന്നില്ല. പക്ഷെ തിരുസ്സഭയിലെ പാരമ്പര്യം കൊർണ്ണേലിയുടെ പക്ഷത്തിനു ഉപോദ്ബലകമാണെന്നുള്ളതു വക്തവ്യമാകുന്നു.

മഗ്ദലനമറിയത്തെ പശ്ചാത്താപത്തിലേക്കു ആനയിച്ച സന്ദർഭംകൂടി വിവരിക്കാം. സ്നാപകയോഹന്നാൻ പറഞ്ഞു: "കാണുക, ദൈവത്തിന്റെ കുഞ്ഞാടു! ലോകത്തിന്റെ പാപങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതു ഇദ്ദേഹമാകുന്നു." ഈ സൂക്തി, മഗ്ദലനമറിയം കേട്ടിരിക്കാം. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും ആയ എല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു സമാശ്വാസം നല്കാം. (മത്തായി XI-25) ഈ വാക്യങ്ങൾകേട്ടശേഷമായിരിക്കണം പാപിനി ക്രിസ്തുവിന്റെ പാദാരവിന്ദങ്ങളെ ശരണീകരിച്ചതെന്നു സെന്റ് ഗ്രിഗറി രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഭാഗം ഇനിയും നീട്ടുന്നില്ല.

ബൈബിളിനെപ്പററിക്കൂടി രണ്ടുവാക്കു. ബൈബിൾ ഒരു സാഹിത്യകൃതിയല്ല; തന്നിമിത്തം ഭാവനാവ്യാപാരം അതിൽ വിരളമായിരിക്കും. ഇതിഹാസങ്ങളിലെ ഉപാഖ്യാനങ്ങളെ ആധാരമാക്കി യഥേഷ്ടം വിഹരിക്കുന്ന മനോധർമ്മം ഈശ്വരനിവേശിതമായ സൂക്തസഞ്ചയത്തിൽ അനുവദ്യമല്ലതന്നെ. ബൈബിളിന്റെ ആധാരം ചരിത്രസംഭവങ്ങളാണെങ്കിൽ സാഹിത്യകൃതികളുടെ വിഷയം സങ്കല്പസൃഷ്ടമായിരിക്കും. മൗലികമായ ഈ വാസ്തവത്തെപ്പററി സഹൃദയന്മാരായ നിരൂപകന്മാർ പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

— —

### കുടുംബസംഘടനകളുടെ

## പ്രതിനിധികളോട്

കഴിഞ്ഞ സെപ്തംബർ 16-ാംനു റോമിൽവച്ചു നടത്തപ്പെട്ട യൂണിയൻ ഓഫ് ഫാമിലി ഓർഗനൈസേഷൻസ് എന്ന സഖ്യത്തിന്റെ മീററിംഗിൽ സംബന്ധിക്കുന്നതിനു വേണ്ടി 12 രാജ്യങ്ങളിൽനിന്നായി ഹാജരായിരുന്ന പ്രതിനിധികൾക്കു മാർപ്പാപ്പാ തിരുമേനി നല്കിയ ഉദ്ബോധനത്തിൽ അവശതയിലിരിക്കുന്ന കുടുംബങ്ങൾക്കു സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയും ഗൃഹനിർമ്മാണ പദ്ധതികളുടെ വികസനത്തെപ്പററിയും രാഷ്ട്രത്തിനടിമപ്പെടാതെ സ്വാതന്ത്ര്യം പുലർത്തുന്നതിനു കുടുംബങ്ങൾക്കുള്ള അവകാശത്തെപ്പററിയും പ്രസ്താവിക്കയുണ്ടായി.

— —

## അൽഫോൻസാമ്മയെപ്പററി

(2-ാം പേജ് തുടർച്ച)

ക്ഷാരത്തിൽ ചവിട്ടുകയും കാൽ പൊള്ളി വ്രണപ്പെടുകയും ചെയ്തു എന്നാണു അൽഫോൺസായുടെ മുട്ടുചിറയുള്ള ഏററമടുത്ത ചാർച്ചക്കാരിൽനിന്നു എനിക്കറിയാൻ സാധിച്ചിട്ടുള്ളതു. അന്നക്കുട്ടിയെ അവളുടെ ഹിതത്തിനു വിപരീതമായി വളർത്തമ്മയായ അന്നമ്മ വിവാഹബദ്ധയാക്കുന്നതിനു ശ്രമിക്കമായിരുന്നില്ല. നിരവധി വൈദികരും സന്യാസിനികളുമുള്ള ഒരു പുരാതന ക്രൈസ്തവഭവനമായ മുരിക്കൻ കുടുംബത്തിന്റെ പാരമ്പര്യത്തിനു കടകവിരുദ്ധമായി ആ കുടുംബത്തിലേ ഒരു നായിക തീർച്ചയായും പ്രവർത്തിക്കമായിരുന്നില്ല മാത്രമല്ല കാലു പൊള്ളലിനുശേഷവും അൽഫോൺസായിൽ ദൃശ്യമായ യാതൊരു വൈരൂപ്യവും നേരിട്ടിട്ടില്ലായിരുന്നു. പുണ്യാത്മാക്കളെ സംബന്ധിച്ചിടത്തോളം നാടകീയങ്ങളായ ചില വസ്തുതകൾക്കു പ്രാധാന്യം കല്പിക്കുന്നതിനു ലേഖകന്മാർക്കുള്ള വാസനയുടെ ഫലമായിട്ടാണു അൽഫോൺസായുടെ കാലു പൊള്ളൽ വിവാഹാലോചനകളോടു ബന്ധപ്പെടുത്തിയിരിക്കുന്നതെന്നത്രെ എന്റെ എളിയ അഭിപ്രായം.

വളർത്തമ്മയിൽനിന്നു ലഭിച്ച ശിക്ഷണവൈശിഷ്ട്യം പുണ്യാഭിവൃദ്ധിക്കായി അൽഫോൺസാ ഉപയോഗിച്ചു. അവൾ സ്നേഹത്തിന്റെയും, സഹനത്തിന്റെയും ബലിയായിത്തീർന്നു. അതിന്റെ ഫലമായി ഭൗതികസുഖങ്ങൾക്കുമാത്രം പ്രാധാന്യം കല്പിക്കുന്ന ആധുനികലോകത്തിന്റെപോലും അത്ഭുതവിഷയമായി അവൾ പരിണമിച്ചിരിക്കുന്നു. ഭരണങ്ങാനം ഭാരതീയരുടെയും വിദേശികളുടെയും പുണ്യയാത്രാകേന്ദ്രമായിത്തീർന്നിരിക്കുന്നു. അൽഫോൺസായുടെ മതത്തെ വെറുക്കുന്നവരുടെ പത്രങ്ങളിൽപ്പോലും അവളുടെ അപദാനങ്ങൾ പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്നു. വിനാവിളംബം തിരുസ്സഭാനാഥന്റെ പ്രമാദരഹിതമായ അദ്ധ്യവസാനത്താൽ മുട്ടത്തുപാടത്തു അന്നക്കുട്ടി അഥവാ അമലോത്ഭവമാതാവിന്റെ അൽഫോൺസാ സാർവ്വത്രികസഭയുടെ ബഹുമാനം സമാർജ്ജിക്കട്ടെ.



ST. ALOYSIUS ELECTROPLATING WORKS AND CATHOLIC DEPOT,
Municipal Office Road, TRICHUR. PROPRIETOR: C. O. LOUIS

# Sathya Deepam

Vol. 23 | Ernakulam October 26 1949 | No. 11


കുടുംബപംക്തി

# മാതാക്കളോട്

## മാർപ്പാപ്പായുടെ ഉൽബോധനം

**ശിശുക്കളുടെ ഹൃദയത്തിൽ ലീനമായിരിക്കുന്ന സ്നേഹം, നന്മ, ഭക്തി ഇവയുടെ കഴിവുകളെ ഈശോയുടേയും അവിടുത്തെ പരിശുദ്ധമാതാവിന്റേയും പക്കലേക്ക് തിരിക്കുകയും ഉയർത്തുകയും ചെയ്യണം.**

നിങ്ങളുടെ കുട്ടികളുടെ മനസ്സിനെ പരിശീലിപ്പിക്കുക. അവർക്കു തെറ്റായ ആശയങ്ങളോ ഏതെങ്കിലും വസ്തുതകൾ സംബന്ധിച്ച തെറ്റായ കാരണങ്ങളോ നൽകരുത്. അവരുടെ പ്രശ്നങ്ങൾ എന്തുതന്നെ ആയിരുന്നാലും അവയ്ക്കു കഴിവുകഴിവുകൾ പറയുകയോ അവരുടെ മനസ്സ് അപൂർവ്വമായിമാത്രം സ്വീകരിക്കുന്ന അവാസ്തവപ്രസ്താവനകൾ ചെയ്യുകയോ അരുത്. അവർക്കു മാനസികപരിശീലനം നൽകുന്നതിനായി ഈ സന്ദർഭങ്ങൾ ക്ഷമയോടും സ്നേഹത്തോടുംകൂടി വിനിയോഗിക്കുക. വിവേചനയുടേയും പര്യാലോചനയുടേയും ശക്തികൾ പ്രവർത്തിച്ചുതുടങ്ങുന്നതോടെ നിഷ്കപടമായ അന്വേഷണം ആരംഭിക്കുന്ന മനസ്സ് സത്യം ദർശിക്കുന്നതിനും സ്വീകരിക്കുന്നതിനും മാത്രമേ ആഗ്രഹിക്കുന്നുള്ളൂ. ഇന്ന് അസാമാന്യബുദ്ധിമാന്മാരായി പരിലസിക്കുന്ന പലരുടേയും ചാതുര്യത്തിനു നിദാനം കുട്ടിക്കാലത്ത് ഗൃഹാങ്കണത്തിൽവച്ച് വിശ്വാസപൂർവ്വം അവർ നടത്തിയിട്ടുള്ള ദീർഘമായ പ്രശ്നാവലികളല്ലെന്ന് ആർക്കു പറയുവാൻ സാധിക്കും?

നിങ്ങളുടെ കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിൽ ശ്രദ്ധിക്കുവിൻ. അവരുടെ കുറ്റങ്ങൾ തിരുത്തുവിൻ. അവരുടെ സൽഗുണങ്ങൾ പോഷിപ്പിക്കുവിൻ. ഈ സൽഗുണങ്ങൾക്ക് അനന്തരജീവിതത്തിൽ പ്രതിഷ്ഠ ലഭിക്കത്തക്കവിധം അവയെ പരസ്പരം ബന്ധിക്കുവിൻ. നിങ്ങളുടെ കുട്ടികൾ വളർന്നുവരുന്നതോടെ അവർ ചിന്തിക്കുകയും ആഗ്രഹിക്കുകയും ചെയ്യാൻ തുടങ്ങുമ്പോൾ, വിപ്രതിപത്തിയും വിദ്വേഷവും കൂടാതെ സുകൃതികളായ മാതാപിതാക്കളുടെ, ബലഹീനവും അസ്ഥിരവും അല്ലാതെ, ബലവത്തായ ആജ്ഞാശക്തിയാൽ തങ്ങൾ നിരന്തരം നയിക്കപ്പെടുന്നു എന്നവർ ഗ്രഹിക്കട്ടെ. അപ്പോൾ മാതാപിതാക്കന്മാരുടെ ഹിതത്തിൽ ഉന്നതതരമായ മറ്റൊരു ആജ്ഞാശക്തിയുടെ — ദൈവഹിതത്തിന്റെ—പ്രതിഫലനം ദർശിക്കുവാൻ അവർ പഠിക്കും. അങ്ങനെ സൽസ്വഭാവം വളർത്തുകയും അതിൽ ഉറപ്പിക്കുകയും ചെയ്യുന്ന ധാർമ്മികശീലത്തിന്റെ വിത്തുകൾ ചെറുപ്പകാലംമുതൽ അവർ തങ്ങളുടെ ആത്മാവിൽ വിതയ്ക്കും; വിഷമഘട്ടങ്ങളിൽ അവർ ആത്മസംയമനം ശീലിക്കുകയും ക്ലേശവും ത്യാഗവും അഭിമുഖീഭവിക്കുമ്പോൾ ധൈര്യം അവലംബിക്കുകയും ക്രിസ്തീയകർത്തവ്യനിർവഹണത്തിൽ ജാഗരൂകരാവുകയുംചെയ്യും.

നിങ്ങളുടെ കുട്ടികളുടെ ഹൃദയത്തിനും ശിക്ഷണം നൽകുവിൻ. പലപ്പോഴും ഒരു മനുഷ്യന്റെ ഭാഗധേയങ്ങളുടെ ദുരന്തം, ധാർമ്മികമായ അധഃപതനം, അവനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന വലുതായ വിപത്ത് ഇവയ്ക്കു കാരണം അമിതമായ പ്രശംസയും മൂഢമായ സ്നേഹപ്രകടനങ്ങളുംമൂലം അവന്റെ ഹൃദയത്തെ നശിപ്പിച്ച വഴിതെറ്റിയ മാതാപിതാക്കന്മാരായിരിക്കും. ആദർശങ്ങൾ അതിവേഗം പതിയുന്ന ആ ചെറുഹൃദയങ്ങൾ, അസ്ഥാനസ്ഥിതങ്ങളായ തങ്ങളുടെ ആഗ്രഹങ്ങൾ അനായാസം സാഫല്യത്തിലെത്തുന്ന അനുഭവമുണ്ടാകുമ്പോൾ, അതിരുകടന്ന സ്വാർത്ഥതയുടെ ആസ്ഥാനങ്ങളായിത്തീരുകയും അനന്തരകാലത്ത് മാതാപിതാക്കന്മാർതന്നെ ആ സ്വാർത്ഥതയ്ക്ക് ആദ്യം ഇരയായിത്തീരുകയുംചെയ്യുന്നു. തങ്ങളുടെ ഏകസന്താനത്തിന് മറ്റു സഹോദരീസഹോദരന്മാരുടെ സഹവാസംമൂലമുള്ള സന്തോഷം അനുഭവിക്കുന്നതിനുള്ള ഭാഗ്യം നിഷേധിച്ച മാതാപിതാക്കന്മാരുടെ സ്വാർത്ഥതയായിരിക്കും പലപ്പോഴും ഇതിനെല്ലാം കാരണം. മാതാവിന്റെ സ്നേഹത്തിൽ ഭാഗഭാക്കുകളാകുമായിരുന്ന ഈ സഹോദരീസഹോദരന്മാർ ഇതരന്മാരെപ്പററിയും ചിന്തിക്കുന്നതിന് അവനെ ശീലിപ്പിക്കുമായിരുന്നു. സ്നേഹം, നന്മ, ഭക്തി ഇവയുടെ എത്ര ഗാഢവുംസമൃദ്ധവുമായ കഴിവുകളാണ് ഒരു ശിശുവിന്റെ ഹൃദയത്തിൽ ലീനമായിരിക്കുന്നത്! മാതാക്കളേ, നിങ്ങൾ ഈ കഴിവുകളെ ഉണർത്തുകയും വളർത്തുകയും ശിശുക്കളെ പവിത്രീകരിക്കുന്ന ഈശോയുടേയും അവരുടെ സ്വർഗ്ഗീയമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റേയും പക്കലേക്ക് അവയെ തിരിക്കുകയും ഉയർത്തുകയും ചെയ്യണം. ആ മാതാവ് ശിശുവിന്റെ ഹൃദയത്തിൽ ഭക്തി വളർത്തും; പ്രാർത്ഥനവഴി അതിന്റെ പരിശുദ്ധമായ പരിത്യാഗങ്ങളും നിഷ്കളങ്കമായ വിജയങ്ങളും ശിശുക്കളുടെ ദിവ്യസ്നേഹിതനു സമർപ്പിക്കുവാൻ അതിനെ പഠിപ്പിക്കും; ദരിദ്രരുടേയും ദുഃഖിതരുടേയും നേർക്ക് അനുകമ്പ പ്രദർശിപ്പിക്കുവാൻ ആ മാതാവ് അതിനെ പഠിപ്പിക്കും. കാററാൽ കൊട്ടുംകാറേറാംകൊണ്ടു പ്രക്ഷുബ്ധമാകാത്ത ശിശുത്വമാകുന്ന വസന്തകാലം എത്ര ആനന്ദകരമാണ്!

എന്നാൽ നവമായ വികാരങ്ങൾ ഉള്ളിൽനിന്നു അതിനെ ഇളക്കിമറിക്കുന്നതായി ആ ശിശുഹൃദയത്തിന് അനുഭവപ്പെടുന്ന ദിവസം വരും. നവമായ ആഗ്രഹങ്ങൾ ചെറുപ്പകാലത്തിന്റെ ആ പ്രശാന്തതയെ ഭഞ്ജിക്കും. ഈ പരീക്ഷണഘട്ടത്തിൽ ഹൃദയത്തെ പരിശീലിപ്പിക്ക എന്നുവച്ചാൽ തിന്മയുടെ എതിർപ്പുകളേയും ദുർവികാരങ്ങളുടെ കാപട്യപൂർണ്ണമായ പ്രലോഭനങ്ങളേയും തടുക്കുന്നതിന് പരിശീലിപ്പിക്കുക എന്നാണർത്ഥം. ക്രിസ്തീയമാതാക്കളേ, ഈ വസ്തുത നിങ്ങൾ അനുസ്മരിക്കണം.

ശൈശവത്തിലെ നൈസർഗ്ഗികമായ ശുദ്ധതയിൽനിന്നും യുവത്വത്തിലെ ആർജ്ജിതമായ ശുദ്ധതയിലേക്കു കടക്കുന്ന ആ ഘട്ടത്തിൽ അത്യന്തം പ്രാധാന്യമേറിയ ഒരു കർത്തവ്യമാണ് നിങ്ങൾക്കുള്ളത്. കായികമായ പരിവർത്തനങ്ങളുടെ ആ ദുർഘടഘട്ടത്തിൽ സർപ്പങ്ങളുടെ ഇടയിൽക്കൂടി കടക്കേണ്ട പാന്ഥന്മാരെപ്പോലെ അചഞ്ചലമായി തങ്ങളുടെ കാലടികൾ മുന്നോട്ടുവയ്ക്കുന്നതിനും, നിഷ്കളങ്കതാജന്യമായ ആനന്ദത്തിന്റെ ഒരു കണികപോലും നഷ്ടപ്പെടുത്താതെ, വഴിപിഴച്ച ദുരാശകളെ തടുക്കുന്നതിനുമുള്ള ഒരു മാർഗ്ഗമായി ദൈവം നല്കിയിട്ടുള്ള ശാലീനതയുടെ സഹജമായ ബോധത്തെ സംരക്ഷിച്ചുകൊണ്ട് ആ ഘട്ടത്തെ തരണംചെയ്യുന്നതിന് നിങ്ങളുടെ പുത്രീപുത്രന്മാരെ ഒരുക്കണം. ഭക്തചിന്തയെപ്പോലെതന്നെ, അശുദ്ധിയെ സ്വാഭാവികമായി അത്യധികം വെറുക്കുന്ന ശാലീനത ഇന്നു തീരെ അവഗണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ വിനയരഹിതമായ വസ്ത്രധാരണം, അലങ്കാരഭ്രമം, അവിഹിതമായ കൂട്ടുകെട്ട്, അസന്മാർഗ്ഗികമായ കാഴ്ചകൾ ഇവമൂലം അവർ അതിനെ നഷ്ടപ്പെടുത്തിക്കളയാതിരിപ്പാൻ മാതാക്കളായ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. മാത്രമല്ല അതിനെ കൂടുതൽ ഗാഢവും സജീവവും സരളവും നിഷ്കളങ്കവുമാക്കുന്നതിനു നിങ്ങൾ ശ്രമിക്കണം. അവരുടെ ചെയ്തികൾ നിങ്ങൾ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കണം. ദുഷിച്ചതും ദുഷിപ്പിക്കുന്നതുമായ സംസർഗ്ഗങ്ങളാൽ അവരുടെ ആത്മാവിന്റെ ധാവള്യം മലിനമാകുവാൻ നിങ്ങൾ അനുവദിക്കരുത്. ശുദ്ധതയോട് അതിയായ മതിപ്പും തീവ്രമായ സ്നേഹവും നിങ്ങൾ അവരിൽ ഉദിപ്പിക്കണം. അമലോത്ഭവകന്യകയുടെ അസന്നിദ്ധമായ മാതൃകാസംരക്ഷണത്തിനു സ്വയം സമർപ്പിക്കുന്നതിന് നിങ്ങൾ അവരെ ഉൽബോധിപ്പിക്കണം. നിങ്ങളുടെ കുട്ടികളുടെ ഹൃദയം തുറന്ന വിശ്വാസം സമാർജ്ജിക്കുവാൻ നിങ്ങൾക്കു സാധിച്ചിട്ടുള്ളതുകൊണ്ട്, ഒരു മാതാവിന്റെയും അദ്ധ്യാപികയുടേയും വിവേകബുദ്ധിയോടെ, അനുകൂലമായ ചില പ്രശ്നങ്ങൾ അവരുടെ അന്തരംഗത്തിൽ പ്രവേശിച്ച് ഇന്ദ്രിയങ്ങളെ ക്ലേശിപ്പിക്കുന്നഘട്ടം സൂക്ഷിച്ചുഗ്രഹിക്കുവാൻ നിങ്ങൾ വിഴ്ചവരുത്തരുത്. അപ്പോൾ ആവശ്യമെന്നു കാണുന്നത്ര യാഥാർത്ഥ്യം ശ്രദ്ധാപൂർവ്വം ലളിതമായി അവരെ ഗ്രഹിപ്പിക്കേണ്ടതും ആ പ്രശ്നങ്ങൾക്കു സമീചീനവും വാസ്തവികവും ആയ ക്രിസ്തീയ ഉത്തരങ്ങൾ നല്കി നിങ്ങളുടെ പുത്രിമാരുടെ മനസ്സിനെ സമാധാനപ്പെടുത്തേണ്ടതും നിങ്ങളുടെ ചുമതലയാണ്. പുത്രന്മാരുടെ കാര്യത്തിൽ ഇതു പിതാവിന്റെ കടമയാണ്. ജീവിതത്തിന്റെ നിഗൂഢവും അത്ഭുതകരവുമായ നിയമങ്ങളെപ്പററിയുള്ള ജ്ഞാനം ക്രിസ്തീയമാതാപിതാക്കന്മാരുടെ അധരങ്ങളാൽ യഥാസമയം, യഥോചിതം, ശരിയായ മുൻകരുതലോടെ നല്കപ്പെടുമ്പോൾ അവർ അതു് ആദരവോടുംകൃതജ്ഞതയോടുംകൂടെ സ്വീകരിക്കും. രഹസ്യമായ സംഭാഷണം, ദുർമ്മാർഗ്ഗികളായ സ്നേഹിതന്മാരുടെ ഉപദേശം, ഗോപ്യമായ ഗ്രന്ഥപാരായണം മുതലായവവഴി അവിവേകമായി ലഭിക്കുന്ന അറിവിനോളം അപകടം കൂടാതെ മാതാപിതാക്കന്മാരുടെ ഉൽബോധനം അവരുടെ മനസ്സിനെ പ്രകാശിപ്പിക്കുന്നു. ഗൂഢത ഭാവനാശക്തിയെ ത്വരിപ്പിക്കുകയും അങ്ങനെ ഇന്ദ്രിയങ്ങളെ അലട്ടുകയും ചെയ്യുമെന്നുള്ളതിനാൽ ഗുപ്തമായ ഗ്രന്ഥപാരായണങ്ങൾ ഏററം അപകടപൂർണ്ണമാണ്. അവരെ വലയം ചെയ്യുന്ന പ്രലോഭനങ്ങളുടേയും ദുർമ്മാർഗ്ഗങ്ങളുടേയും മദ്ധ്യേ ബുദ്ധിമത്തും വിവേകപൂർവ്വവുമായ നിങ്ങളുടെ വാക്കുകൾ അവർക്ക് ഒരു പരിരക്ഷയും മുന്നറിയിപ്പും ആയിരിക്കും, "എന്തുകൊണ്ടെന്നാൽ നേരത്തെ അറിയുന്ന അമ്പിന്റെ വരവ് കൂടുതൽ സാവധാനത്തിൽ ആയിരിക്കും."

(തുടരും)



പെരുമ്പാവൂർ പള്ളിയുടെ ആശീർവ്വാദം പ്രമാണിച്ച് സാധുക്കൾക്കു അന്നദാനം ചെയ്യുന്നതു്

---

ബ. അൽഫോൻസാമ്മയുടേയും വി. മുറെ പുണ്യവാന്റേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

E. G.

---

## ബഹുമതി മുദ്ര

മദ്രാസിലെ സുപ്രസിദ്ധ ശില്പകലാവിദഗ്ദ്ധനായ മി. എ. ജ്ഞാനപ്രകാശംപിള്ളയ്ക്കു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു "പ്രൊഎക്ലേസ്യ എത്ത് പൊന്തിഫിച്ചെ" എന്ന ബഹുമതിമുദ്ര പ്രദാനം ചെയ്തിരിക്കുന്നു. ദക്ഷിണേന്ത്യയിൽ ഇദ്ദേഹം 30-ൽപ്പരം ദേവാലയങ്ങൾ പണികഴിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ ഏററവും വലിയ ദേവാലയമായ തൃശ്ശൂർ വ്യാകുലമാതാവിന്റെ പള്ളിയും അക്കൂട്ടത്തിൽ പെടുന്നു. മദ്രാസിലെ ലയോള കോളെജിന്റെ പണി നിർവ്വഹിച്ചതും മി. ജ്ഞാനപ്രകാശംപിള്ളയുടെ നേതൃത്വത്തിലാണ് എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

---


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam